ദീപനാളം
സാത്വികപ്രകാശമേ നയിച്ചാലും
ESTD-1968
കലാസാംസ്കാരിക ദേശീയവാരിക

2021 ഏപ്രിൽ 22 / ദീപം 54 / നാളം 7 / Published from : PALA / പേജ് 16 / വില 6 രൂപ / www.deepanalam.org




# വിറ്റഴിയുമോ ? ഈ വർഗീയ അജണ്ടകൾ !




പ്രഫ. റോണി കെ. ബേബി


രാജ്യത്തു പതിനെട്ടു വയസ്സിനു മുകളിലുള്ള ആർക്കും ഇഷ്ടമുള്ള മതം സ്വീകരിക്കാൻ അവകാശമുണ്ടെന്ന സുപ്രീം കോടതിയുടെ ഇക്കഴിഞ്ഞ ദിവസത്തെ വിധിപ്രസ്താവം ജനാധിപത്യ – മതേതര മൂല്യങ്ങളിൽ വിശ്വസിക്കുന്ന ഏതൊരു പൗരനും ഏറെ സ്വാഗതം ചെയ്യുമെന്നതിൽ രണ്ടു പക്ഷമില്ല. ഇക്കാര്യത്തിൽ ആർക്കെങ്കിലും മനപ്രയാസമുണ്ടായിട്ടുണ്ടെങ്കിൽ, അത് മതത്തെ രാഷ്ട്രീയമായി ഉപയോഗിക്കുന്നവർക്കും മതാധിഷ്ഠിതരാഷ്ട്രനിർമാണത്തിനായി വെമ്പൽ കൊള്ളുന്നവർക്കും മാത്രമായിരിക്കും.

ഭരണഘടനയുടെ 25-ാം അനുച്ഛേദപ്രകാരം മതം പ്രചരിപ്പിക്കാനുള്ള അവകാശം പൗരനുണ്ടെന്നും വ്യക്തമാക്കിയിരിക്കുകയാണു സുപ്രീംകോടതി. ഭീഷണി, പ്രലോഭനം, സമ്മാനങ്ങൾ നല്കൽ തുടങ്ങിയവയിലൂടെയുള്ള നിർബന്ധിതമതപരിവർത്തനം തടയാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കു നിർദേശം നല്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ബി ജെ പി നേതാവ് അശ്വിനി ഉപാധ്യായ നല്കിയ ഹർജി തള്ളിക്കൊണ്ടാണ് സുപ്രീം കോടതിയുടെ സുപ്രധാന നിരീക്ഷണം. ഇത്തരം ഹർജികൾ സമർപ്പിച്ചാൽ വലിയ പിഴ ഒടുക്കേണ്ടിവരുമെന്ന മുന്നറിയിപ്പും സുപ്രീം കോടതി നല്കി. ഈ വിധിയിലൂടെ ഭരണഘടനാതത്ത്വങ്ങൾ ഉയർത്തിപ്പിടിച്ചിരിക്കുകയാണു പരമോന്നതനീതിപീഠം.

ഭരണഘടന ഉറപ്പുനല്കുന്ന മതസ്വാതന്ത്ര്യമെന്ന മൗലികാവകാശത്തെക്കുറിച്ച് അറിയാത്തവരല്ല നമ്മുടെ ഭരണകർത്താക്കളും രാഷ്ട്രീയക്കാരും. പക്ഷേ, ഒളിഞ്ഞും തെളിഞ്ഞും രാജ്യത്തിന്റെ പല ഭാഗങ്ങളിലും മതന്യൂനപക്ഷ പീഡനങ്ങളും മതവിരുദ്ധ പ്രചാരണങ്ങളും അരങ്ങേറുന്നുവെന്നതാണു സത്യം. അതിന്റെ പ്രത്യക്ഷ ഉദാഹരണമാണ് മധ്യപ്രദേശിലെ ബി ജെ പി സർക്കാർ കൊണ്ടുവന്ന മതസ്വാതന്ത്ര്യബില്ല് 2020. ഈ ബില്ല് രാജ്യമെമ്പാടും വലിയ വിമർശനങ്ങൾ ക്ഷണിച്ചുവരുത്തിയിരിക്കുകയാണ്. ഭരണഘടന ഉറപ്പുനൽകുന്ന മതസ്വാതന്ത്ര്യം എന്ന മൗലികാവകാശത്തിനുമേലുള്ള കടന്നുകയറ്റമാണ് ഈ ബില്ല് എന്നാണ് മനുഷ്യാവകാശസംഘടനകളും സ്വതന്ത്ര മാധ്യമനിരീക്ഷകരും ഉയർത്തുന്ന വിമർശനം. ഇന്ത്യയിലെ ഏതൊരു പൗരനും ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കുവാനും വിശ്വാസം പ്രചരിപ്പിക്കുവാനും ഭരണഘടന സ്വാതന്ത്ര്യം ഉറപ്പു നൽകുമ്പോഴാണ് മതപരിവർത്തനം തടയാൻവേണ്ടി എന്നുപറഞ്ഞുകൊണ്ട് മതസ്വാതന്ത്ര്യത്തിനുമേൽ കടന്നുകയറ്റം നടത്തുവാൻ ബി ജെ പി സർക്കാർ ഇത്തരമൊരു നിയമനിർമാണവുമായി കടന്നുവന്നത്.

മധ്യപ്രദേശ് മതസ്വാതന്ത്ര്യ ഓർഡിനൻസ്, ഇഷ്ടമുള്ള മതവിശ്വാസം സ്വീകരിക്കുവാനുള്ള വ്യക്തികളുടെ സ്വാതന്ത്ര്യത്തിനുമേലുള്ള നഗ്നമായ കടന്നുകയറ്റമാണെന്ന് അതിലെ വകുപ്പുകൾ പരിശോധിച്ചാൽ മനസ്സിലാകും. രാജ്യത്തിന്റെ പൊതുവായ പ്രവർത്തനത്തെയും ധാർമികതയെയും പൊതുജനാരോഗ്യത്തെയും പ്രതികൂലമായി ബാധിക്കുമ്പോൾ മാത്രമേ മതസ്വാതന്ത്ര്യം ഉറപ്പുനൽകുന്ന ഭരണഘടനയുടെ 25-ാമത് അനുച്ഛേദത്തിൽ ഇടപെടുവാൻ രാഷ്ട്രത്തിന് അധികാരമുള്ളൂ എന്ന ഭരണഘടനാ വകുപ്പ് ഇവിടെ ഈ ഓർഡിനൻസിലൂടെ ലംഘിക്കപ്പെട്ടിരിക്കുകയാണ്. മതസ്വാതന്ത്ര്യ ഓർഡിനൻസ് പ്രകാരം ജില്ലാ മജിസ്ട്രേറ്റിന്റെ മുൻകൂർ അനുമതിയോടെ മാത്രമേ ഒരാൾക്ക് തനിക്കിഷ്ടമുള്ള മതം തിരഞ്ഞെടുക്കുവാനും പരിവർത്തനം നടത്തുവാനും അവകാശമുള്ളൂ. ഈ അനുമതിക്ക് സമയപരിധി നിശ്ചയിച്ചിട്ടില്ല. അതിനാൽ അനുമതി നൽകാതെ എത്രനാൾ വേണമെങ്കിലും അപേക്ഷകളിന്മേൽ തീരുമാനം എടുക്കാതിരിക്കാൻ ജില്ലാ മജിസ്ട്രേറ്റിനു സാധിക്കും. ഇഷ്ടമുള്ള മതത്തിൽ ചേരുവാൻ ഭരണകൂടത്തിന്റെ മുൻകൂർ അനുമതി ആവശ്യമാണ് എന്നത് ഭരണഘടനയുടെ മതേതരകാഴ്ചപ്പാടുകളുടെ ലംഘനമാണ്. തങ്ങൾക്കിഷ്ടമില്ലാത്ത പരിവർത്തനങ്ങൾ തടയുന്നതിനും അതിനു നിയമസാധുത നിഷേധിക്കുന്നതിനും ഭരണകൂടം ശ്രമിക്കുന്നത് ഒരു മതാധിഷ്ഠിതരാജ്യത്തെ ഓർമപ്പെടുത്തുകയാണ്.

കൂടാതെ, നിർബന്ധിതമായ മതപരിവർത്തനമാണു നടന്നത് എന്ന് ഭരണകൂടത്തിനു സംശയം ഉണ്ടായാൽ നിർബന്ധിത മതപരിവർത്തനം ആരോപിക്കപ്പെട്ട ആൾക്കെതിരേ ശിക്ഷാനടപടികൾ സ്വീകരിക്കുവാനും ഈ ഓർഡിനൻസ് വിഭാവനം ചെയ്യുന്നുണ്ട്. ഇത് സ്വാഭാവികമായും ഒരു ന്യൂനപക്ഷ വേട്ടയ്ക്കു തന്നെ വഴിയൊരുക്കും എന്നതിൽ സംശയമില്ല. തങ്ങൾക്കിഷ്ടമില്ലാത്തവരെയെല്ലാം നിർബന്ധിത മതപരിവർത്തനത്തിനു നേതൃത്വം നൽകി എന്നാരോപിച്ച് കൽത്തുറുങ്കിൽ അടയ്ക്കുവാൻ ഈ ഓർഡിനൻസ് വഴിവയ്ക്കുന്നു. ഓർഡിനൻസിലെ വകുപ്പ് 2 ബി അനുസരിച്ച് പരിവർത്തനം ചെയ്യാനുള്ള ഉദ്ദേശ്യമില്ലാതെ മതപ്രചാരണം നടത്തുന്നതും കുറ്റകരമാണ്. ഭരണഘടന ഉറപ്പുനൽകുന്ന മതസ്വാതന്ത്ര്യത്തിന് പൂർണമായും കൂച്ചുവിലങ്ങിടുകയാണ് ഇവിടെ.

വകുപ്പ് 2 സി പ്രകാരം പൈതൃകമതത്തിലേക്കു മടങ്ങുന്നത് മതപരിവർത്തനമായി കണക്കാക്കുന്നില്ല എന്നതും ഇതിന്റെ പിന്നിലെ അജണ്ടകൾ വ്യക്തമാക്കുന്നതാണ്. ബിജെപി സർക്കാരുകൾ അധികാരത്തിലിരിക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നിനുപുറകേ ഒന്നായി കൊണ്ടുവരുന്ന വർഗീയചുവയുള്ള നിയമനിർമാണങ്ങളുടെ പട്ടികയിലെ ഏറ്റവും അവസാനത്തേതാണ് മധ്യപ്രദേശ് സർക്കാർ കൊണ്ടുവന്ന വിവാദ മതസ്വാതന്ത്ര്യ ഓർഡിനൻസ്. 18 വയസ്സു പൂർത്തിയായ ഏതൊരു പൗരനും ഇഷ്ടമുള്ള മതം തിരഞ്ഞെടുക്കാനുള്ള അവകാശമുണ്ടെന്ന സുപ്രീം കോടതിയുടെ വിധിയോടെ മധ്യപ്രദേശ് സർക്കാരിന്റെ വിവാദ ഓർഡിനൻസ് കോടതിയിൽ ചോദ്യം ചെയ്യപ്പെടുമെന്നത് ഉറപ്പാണ്. മൗലികാവകാശങ്ങളുടെ പരിധിയിൽപ്പെടുന്നതിനാലും സുപ്രീം കോടതി വിധികളുടെ പശ്ചാത്തലത്തിലും നടപ്പിലാവില്ല എന്ന് ഉറപ്പുള്ള ഒരു നിയമനിർമാണവുമായി ബി ജെ പി സർക്കാർ മുന്നോട്ടു വരുന്നതിന്റെ സാംഗത്യമാണ് ഇവിടെ പരിശോധിക്കേണ്ടത്. രാജസ്ഥാനിലെ മുൻ ബി ജെ പി സർക്കാരും ഇത്തരമൊരു നിയമം കൊണ്ടുവന്നിരുന്നു. നിയമം നടപ്പിലാക്കുന്നതിലുപരിയായി വിവാദങ്ങൾ ഉയർത്തിവിട്ട് വർഗീയമായ ചേരിതിരിവു സൃഷ്ടിക്കുക മാത്രമാണ് ബി ജെ പി ലക്ഷ്യം വയ്ക്കുന്നതെന്ന് ഒരിക്കൽക്കൂടി വ്യക്തമാവുകയാണ്. ■

# ഈശോമിശിഹാ സത്യദൈവമാണ്



മാർ ജോസഫ് കല്ലറങ്ങാട്ട്

*കഴിഞ്ഞ ലക്കം തുടർച്ച*

2

**ഈശോമിശിഹാ സത്യദൈവമാണ്**

മിശിഹായിലുള്ള നമ്മുടെ വിശ്വാസം പുതുക്കാനും വളർത്താനും ശക്തിപ്പെടുത്താനും നാം നിരന്തരം പരിശ്രമിച്ചുകൊണ്ടിരിക്കണം. നമുക്ക് അപ്പോളജിയുടെ വഴിയല്ല, ആത്മീയതയുടെ വഴിയാണ് ആവശ്യം. മിശിഹായെക്കുറിച്ചുള്ള സഭയുടെ ഔദ്യോഗിക ഡോഗ്മായാണിത്. മിശിഹാ ഏകവ്യക്തി, സത്യദൈവം, സത്യമനുഷ്യൻ. ഡോഗ്മാ പഴഞ്ചനോ കാലഹരണപ്പെട്ടതോ തള്ളിക്കളയേണ്ടതോ അല്ല. കീർക്കഗാഡിന്റെ നിരീക്ഷണം ശ്രദ്ധേയമത്രേ: സഭയുടെ ഡോഗ്മാകൾ ഒരു രാജകൊട്ടാരത്തിന്റെ ഉള്ളുപോലെയാണ്. കൊട്ടാരത്തിനുള്ളിൽ സൗന്ദര്യവും സാമർത്ഥ്യവുമുള്ള രാജാവും രാജ്ഞിയും വിശ്രമിക്കുന്നു. നിങ്ങൾ അവരെ ഉണർത്തിയാൽ മാത്രം മതി. അവർ ഉണർന്നാൽ എല്ലാ പ്രതാപങ്ങളോടുംകൂടി തുള്ളിച്ചാടും, ആഘോഷമാകും! രാജാവുണർന്നാൽ രാജ്യം നന്നാവും. ഡോഗ്മാകൾ വേണ്ടരീതിയിൽ മനസ്സിലാക്കിയാൽ വിശ്വാസികൾക്കു വലിയ ശക്തിയാകും.

ഡോഗ്മാ വായിച്ചും പഠിച്ചും അതിലേക്കു നമ്മൾ ജീവൻ നല്കിക്കൊണ്ടിരിക്കണം. "അപ്പോൾ ജീവശ്വാസം അവരിൽ പ്രവേശിച്ചു. അവർ ജീവൻ പ്രാപിച്ചു. വളരെ വലിയ ഒരു സൈന്യംപോലെ അവർ എഴുന്നേറ്റുനിന്നു" (എസക്കിയേൽ 37:10). ഡോഗ്മാകൾ സഭയുടെ സൈന്യം തന്നെയാണ്, വളക്കൂറുള്ള മണ്ണാണ്. വിശ്വാസഘടകങ്ങൾ ഉറഞ്ഞുകൂടിയിരിക്കുന്ന ഇടങ്ങളാണ് ഡോഗ്മാകൾ. സഭയുടെ ആധികാരികമായ പ്രബോധനങ്ങളുടെ ഒരു ഉയിർത്തെഴുന്നേല്പ് അത്യന്താപേക്ഷിതമാണ്.

AD 112 ൽ Pliny the Younger, രാജാവായ ട്രാജന് എഴുതി: പ്രഭാതത്തിനുമുമ്പ് അവർ (ക്രൈസ്തവർ) ഒരുമിച്ചുകൂടി മിശിഹാ ദൈവമാണ് എന്ന ഗീതം ആലപിക്കുന്നു. Carmen christo quasi Deo dicere; ഗീതങ്ങളിലൂടെ ക്രൈസ്തവർ മിശിഹായുടെ ദൈവത്വം ഏറ്റുപറയുന്നു. സഭയുടെ പിറവിയോടുകൂടിയാണ് മിശിഹായുടെ ദൈവത്വം പ്രഘോഷിക്കാൻ തുടങ്ങിയത്.

നിഖ്യാ സൂനഹദോസ് (325) മിശിഹായുടെ ദൈവത്വവും മനുഷ്യത്വവും പൂർണമായി നിർവചിച്ചു. അവിടുന്നു സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും പിതാവിനോടുകൂടെ ഏകസത്തയുമാണ്. പരിപൂർണമനുഷ്യനായി സ്ത്രീയിൽനിന്നു ജാതനായി. മഹാനായ അത്തനേഷ്യസാണ് ഈ ദൈവശാസ്ത്രശൈലി പ്രദാനം ചെയ്തതും അതു വ്യാഖ്യാനിച്ചതും. ദൈവത്വത്തിന്റെ പൂർണത മുഴുവനും മിശിഹായിൽ ഒന്നിക്കുന്നു.

നിഖ്യായുടെയും കാൽസിഡോണിന്റെയും (451) സാരസംഗ്രഹമാണ് കത്തോലിക്കാസഭയുടെ അടിസ്ഥാന പ്രബോധനം. മാർ അപ്രേമിന്റെ ഗീതങ്ങളെല്ലാം മിശിഹായുടെ പൂർണമനുഷ്യത്വവും പൂർണദൈവത്വവും ഏകവ്യക്തിയിൽ എങ്ങനെ കലർപ്പില്ലാതെ വസിക്കുന്നു എന്നു വ്യക്തമാക്കുന്നു. ഒരു നൂറ്റാണ്ടുകൊണ്ടു സഭാമക്കൾ മിശിഹായുടെ ദൈവികതയിലുള്ള വിശ്വാസത്തിൽ ആഴപ്പെട്ടു. ആരിയനിസത്തെ കീഴ്പ്പെടുത്തിക്കൊണ്ട് മിശിഹായുടെ ദൈവികതയെക്കുറിച്ചുള്ള ഡോഗ്മാ സഭയുടെ ഏറ്റവും വലിയ മുതൽക്കൂട്ടായി. പാശ്ചാത്യ – പൗരസ്ത്യസഭകൾ ഒരുപോലെ ഈ പ്രബോധനത്തെ ഉൾക്കൊണ്ടു.

ഈ ഡോഗ്മാ അവികലമായി പാലിക്കപ്പെടാൻ പരിശ്രമങ്ങൾ നടത്തിയെങ്കിലും ഏറ്റുമുട്ടലുകളും സംഘർഷങ്ങളും ഉണ്ടായി. ചിലപ്പോഴെങ്കിലും ഡോഗ്മാ ഒരു ബൗദ്ധികവ്യായാമം മാത്രമായി കരുതപ്പെടാൻ തുടങ്ങി. മിശിഹായുടെ ഏകവ്യക്തിത്വം, മിശിഹാ ഏക രക്ഷകൻ തുടങ്ങിയ കാര്യങ്ങൾ സൗകര്യാർത്ഥം വിട്ടുകളയാൻ ചിലരെങ്കിലും തയ്യാറായി. മിശിഹാ എനിക്ക് ആരാണ്, എന്താണ് എന്നതിലേക്കു മാത്രം ചിന്തകൾ ഒതുങ്ങി. മിശിഹാ അതിൽത്തന്നെ ആരാണ്, എന്താണ് എന്നതിലേക്കുള്ള ചിന്തകൾ പരിമിതപ്പെട്ടു. മിശിഹായെക്കുറിച്ചുള്ള വസ്തുനിഷ്ഠവും സൈദ്ധാന്തികവുമായ പഠനങ്ങൾ വ്യക്തിനിഷ്ഠമായ നിരൂപണങ്ങൾക്കു കീഴ്പ്പെട്ടു. ദാർശനികനായ ഇമ്മാനുവേൽ കാന്റ് പറഞ്ഞു: "മിശിഹാ എന്ന വ്യക്തിയെക്കാൾ മിശിഹാ കൊണ്ടുവന്ന ധാർമികനിലപാടു(moral ideal)കളാണു പ്രധാനപ്പെട്ടത്". ക്രിസ്തീയതയെ ധാർമികചിന്തകൾ മാത്രമായി ചുരുക്കുന്നത് ആപത്കരമാണ്. ക്രിസ്തീയാത്മീയത കേവലം ഒരു ദൈവാനുഭവമല്ല, ഈടുറ്റ ദൈവശാസ്ത്രമാണ്.

ഗാന്ധിജി: "മനുഷ്യനായ ഈശോ ഈ ഭൂമുഖത്തു ജീവിച്ചിരുന്നതേയില്ല എന്ന് ആരെങ്കിലും പറഞ്ഞാൽ ഞാൻ അത് അത്ര ഗൗനിക്കില്ല. സുവിശേഷത്തിൽ പറഞ്ഞിരിക്കുന്നത് ഗ്രന്ഥകർത്താവിന്റെ ഭാവനയാണ് എന്നു കരുതിയാലും എനിക്ക് അദ്ഭുതമില്ല. എന്നെ സംബന്ധിച്ചിടത്തോളം മലയിലെ പ്രസംഗം എന്റെ ദൃഷ്ടിയിൽ സത്യമാണ്!" ഇതും മിശിഹായെക്കുറിച്ചുള്ള സമഗ്രദർശനം നല്കുന്നില്ല.

ദൈവശാസ്ത്രമേഖലയിൽ R. Bultmann ഒരു de - mythologization - മിത്ത് ഇല്ലാതാക്കുക – എന്ന കാഴ്ചപ്പാട് കൊണ്ടുവന്നു. മിശിഹായുടെ ദൈവികതയെ വീണ്ടും ചുരുക്കി. ക്രൈസ്റ്റ് എന്ന ഫോർമുല തെറ്റാണ് എന്നു സ്ഥാപിക്കാൻ അദ്ദേഹം പരിശ്രമിച്ചു. ക്രിസ്തീയതയെ ചെറുതാക്കി. അദ്ദേഹം വീണ്ടും പറഞ്ഞു: "മിശിഹാ ദൈവമല്ല, എന്നാൽ, മിശിഹായിൽ ദൈവമുണ്ട്." ഇവിടെ നിഖ്യാ പഠിപ്പിച്ച ഡോഗ്മായിൽനിന്ന് നമ്മൾ ഏറെ താഴെ പോവുകയാണ്. യഥാർത്ഥ സഭാമനസ്സാക്ഷി ഇത്തരം പഠനങ്ങളെ അവഗണിച്ചു തള്ളിക്കളയും. സഭയിൽ, സാധാരണക്കാരുടെ വിശ്വാസം ഏറ്റവും പ്രധാനപ്പെട്ടതാണ്. (Sensus fidelium, the sense of the faithful). വിശ്വാസികളുടെ നിലപാട് വളരെ പ്രധാനപ്പെട്ടതാണ്. ദൈവശാസ്ത്രത്തിന്റെ ഗ്രാമർ എന്നുപോലും ഇത് അറിയപ്പെടുന്നു. പല പ്രതിസന്ധികളിലും സഭയെ പിടിച്ചുനിർത്തിയത് ദൈവജനത്തിന്റെ വിശ്വാസമാണ്. അല്മായരുടെ വിശ്വാസമാണ്, മാർഗനിർദേശകരുടെയും ബുദ്ധിമാന്മാരുടെയും നിരൂപകരുടെയും നിലപാടുകൾ എപ്പോഴും ശരിയായിരിക്കണമെന്നില്ല.

**മിശിഹാ പൂർണദൈവം**


മിശിഹായുടെ ദൈവത്വത്തിലുള്ള വിശ്വാസത്തിൽ നാം ആഴപ്പെടണം. ഈ അവബോധത്തിൽ വിശ്വാസികൾ പ്രകാശിതരാകണം. ഇന്നും ഈശോയ്ക്കു മറ്റുള്ളവർ തന്നെക്കുറിച്ച് എന്തു പറയുന്നു എന്നതിൽ അത്ര താത്പര്യമില്ല. നിരന്തരമായ ചോദ്യം നീ എന്നെക്കുറിച്ച് എന്തു പറയുന്നു (മത്താ. 16:17) എന്നു മാത്രമാണ്. സുവിശേഷങ്ങളിൽനിന്നു നാം മനസ്സിലാക്കുന്നത് ഈശോയുടെ ദൈവികതയാണ്. 'ഭൂമിയിൽ മനുഷ്യപുത്രനു പാപങ്ങൾ മോചിക്കാൻ അധികാരമുണ്ടെന്ന് നിങ്ങൾ അറിയേണ്ടതിനാണിത്' (മത്താ. 9:6). സർവവും എന്റെ പിതാവ് എന്നെ ഏല്പിച്ചിരിക്കുന്നു. പിതാവല്ലാതെ മറ്റാരും പുത്രനെ അറിയുന്നില്ല. പുത്രനും പുത്രൻ ആർക്കു വെളിപ്പെടുത്തുവാൻ മനസ്സാകുന്നുവോ അവനുമല്ലാതെ മറ്റാരും പിതാവിനെയും അറിയുന്നില്ല (മത്താ. 11:27).

മനുഷ്യപുത്രൻ സാബത്തിന്റെയും കർത്താവാണ് (മർക്കോ 2:28). മനുഷ്യപുത്രൻ എല്ലാ ദൂതന്മാരോടുംകൂടി മഹത്ത്വത്തിൽ എഴുന്നള്ളുമ്പോൾ അവൻ തന്റെ മഹിമയുടെ സിംഹാസനത്തിൽ ഉപവിഷ്ടനാകും (മത്താ. 25:34). സുവിശേഷത്തിലെ ഓരോ താളും ഈശോയുടെ ദൈവികത പ്രസരിപ്പിക്കുന്നു.

വി. യോഹന്നാൻ ഈശോയുടെ ദൈവികത തന്റെ സുവിശേഷത്തിന്റെ കേന്ദ്രമാക്കി. "എന്നാൽ, ഇവതന്നെയും എഴുതപ്പെട്ടിരിക്കുന്നത് ഈശോ ദൈവപുത്രനായ ക്രിസ്തുവാണെന്ന് നിങ്ങൾ വിശ്വസിക്കുന്നതിനും അങ്ങനെ വിശ്വസിക്കുക നിമിത്തം നിങ്ങൾക്ക് അവന്റെ നാമത്തിൽ ജീവൻ ഉണ്ടാകുന്നതിനും വേണ്ടിയാണ്" (യോഹ. 20:31).

"ഞാൻ ഇവയെല്ലാം എഴുതിയതു ദൈവപുത്രന്റെ നാമത്തിൽ വിശ്വസിക്കുന്ന നിങ്ങൾക്ക് നിത്യജീവനുണ്ട് എന്ന് നിങ്ങൾ അറിയേണ്ടതിനാണ്" (യോഹ. 8:27). ദൈവപുത്രനിലുള്ള വിശ്വാസം മായാത്ത മുദ്ര പതിപ്പിക്കും. "ഞാനും പിതാവും ഒന്നാണ്" (യോഹ. 10:30).

ഒരുവൻ ഹൃദയംകൊണ്ടു വിശ്വസിക്കുന്നു – corde creditur. മിശിഹായുടെ ദൈവികതയിൽ മായം ചേർക്കാനാവില്ല. ഈശോ മനുഷ്യനോ ദൈവമോ എന്നതല്ല, പൂർണദൈവവും പൂർണമനുഷ്യനും ആണെന്നതാണ് സത്യം. വിശ്വാസപ്രമാണത്തിന് credo എന്നാണല്ലോ പറയുന്നത്. ഹൃദയം കൊടുത്തു സമ്പാദിച്ചത് എന്നാണർത്ഥം. ചരിത്രത്തിൽ നിരവധി ക്രിസ്തുവീക്ഷണങ്ങൾ ഉടലെടുത്തു. ദൈവവിചാരവും ബോധ്യവും ഏറ്റവും കൂടുതൽ ഉണ്ടായിരുന്ന മനുഷ്യനാണ് ഈശോ. ഈശോ ദൈവികത സംവഹിക്കുന്ന മനുഷ്യനാണ്; ദൈവികത സ്ഥിരമായി വസിക്കുന്ന വ്യക്തിയാണ്. ഇത്തരം വിശദീകരണങ്ങളൊന്നും ക്രൈസ്തവവിശ്വാസത്തിന്റെ രഹസ്യാത്മകത വെളിപ്പെടുത്താനോ മിശിഹായുടെ ദൈവികത പൂർണമായി കാത്തുസൂക്ഷിക്കാനോ പറ്റുന്നതല്ല. ഇതിന്റെ കാരണം ഈശോ തന്നെ വെളിപ്പെടുത്തുകയും യോഹന്നാൻ അതു വേണ്ടവിധം ഗ്രഹിക്കുകയും ചെയ്തിട്ടുണ്ട്. "സ്വർഗത്തിൽനിന്നിറങ്ങിവന്ന മനുഷ്യപുത്രനല്ലാതെ മറ്റാരും ഇതുവരെ സ്വർഗത്തിൽ കയറിയിട്ടില്ല" (യോഹ. 3:13). ദൈവം മനസ്സായാൽ മനുഷ്യനായി മാറാൻ കഴിയും, പക്ഷേ, മനുഷ്യൻ ആഗ്രഹിക്കുമ്പോഴൊക്കെ ദൈവമായി മാറ്റാനോ മാറാനോ ആവില്ല.



നമ്മുടെ വിശ്വാസത്തിനു ജീവിക്കുന്ന വിശദീകരണങ്ങൾ നൽകണം. വിശ്വാസം പുരാതനമോ ആധുനികമോ ആയ ഏതെങ്കിലും ഫോർമുല ആവർത്തിക്കുകയല്ല. വി. പൗലോസ് പറയുന്നു, "മനുഷ്യർ ഹൃദയംകൊണ്ടു വിശ്വസിക്കുകയും തന്മൂലം നീതീകരിക്കപ്പെടുകയും ചെയ്യുന്നു" (റോമ 10:10). വിശ്വാസം ഹൃദയത്തിന്റെ വേരുകളിൽനിന്നാണു പൊട്ടിമുളയ്ക്കുന്നത് (വി. അഗസ്തിനോസ്). ഹൃദയത്തിലുള്ളതാണ് നമ്മൾ പ്രഘോഷിക്കുന്നത്. ഹൃദയത്തിലുള്ള വിശ്വാസത്തെ വ്യത്യസ്തങ്ങളായ തത്ത്വസംഹിതകൾകൊണ്ടു മറയ്ക്കപ്പെടുത്തരുത് (എഴുതപ്പെട്ട വിശ്വാസസംഹിതകൾ പ്രധാനപ്പെട്ടതാണ് - Fides quae); എന്നാൽ വ്യക്തിപരമായ വിശ്വാസമാണ് (Fides qua) ഏറ്റവും പ്രധാനം. ഹൃദയത്തിൽ ജന്മമെടുക്കുന്ന ഈ വിശ്വാസം ദൈവവുമായുള്ള ആഴമായ ഐക്യത്തിൽനിന്നു വരുന്നതാണ്. ഈശോ ആവർത്തിച്ചു ചോദിക്കുന്നു: നീ വിശ്വസിക്കുന്നുവോ? (യോഹ. 9:35; യോഹ 11:26). ഉവ്വ്, നാഥാ ഞാൻ വിശ്വസിക്കുന്നു എന്ന ഉത്തരമാണ് ലഭിക്കുന്നത്.

ഈശോയുടെ ദൈവികതയാണ് വിശ്വാസത്തിന്റെ എവറസ്റ്റ്. കാലിത്തൊഴുത്തിൽ പിറക്കുകയും കഴുതപ്പുറത്തു സഞ്ചരിക്കുകയും കുരിശിൽ മരിക്കുകയും ചെയ്ത ഈശോയിലുള്ള വിശ്വാസം എന്നും വെല്ലുവിളിയാണ്. ഇത് വളരെ വിദൂരതയിലിരിക്കുന്ന ഒരു ദൈവത്തെക്കുറിച്ച്, എന്റെ ചിന്തകൾക്ക് അനുസൃതമായി ഞാൻ രൂപപ്പെടുത്തുന്ന ഒരു ഈശോയിൽനിന്ന് വളരെ വ്യത്യസ്തമാണ്. ഇവിടെയാണ് വിശ്വാസത്തിന്റെ ഏറ്റവും വലിയ തരംഗം. വിശ്വാസത്തിന്റെ വേരുകൾ ഹൃദയത്തിലാണെന്നത് നമ്മൾ വീണ്ടും കണ്ടെത്തണം. ഹൃദയങ്ങളുടെ ഉയർത്ത (sursum corda) ലാണ് യഥാർത്ഥ വിശ്വാസപ്രഘോഷണം.

മൂന്നാം ഭാഗം അടുത്ത ലക്കത്തിൽ

# വഴി മറക്കുന്നുവോ യുവത?



റ്റോം ജോസ് തഴുവംകുന്ന്

ആശകളും വിശ്വാസങ്ങളും നല്ല തഴക്കങ്ങളും സൃഷ്ടിക്കേണ്ട കാലമാണ് യൗവനം. തേജസ്സിന്റെയും ഓജസ്സിന്റെയും ഒരു 'കുതിരശക്തി'യെന്നു വിശേഷിപ്പിക്കാവുന്ന യുവത്വത്തിന് ഇന്നു വഴിതെറ്റുകയാണോ? സ്വന്തം കഴിവ് തിരിച്ചറിയാനാവാതെ എന്തിന്റെയൊക്കെയോ പിന്നാലെ നമ്മുടെ കുട്ടികൾ ഓടുകയാണ്. ആൺ പെൺ വ്യത്യാസമില്ലാതെ, തെറ്റുകളിൽ ചെന്നുപെടുന്ന യുവജനങ്ങളുടെ എണ്ണം പെരുകുന്നു.



സ്വഭാവത്തിന്റെ ഉരകല്ലാണ് കുടുംബം. അതായത്, രാഷ്ട്രത്തിന്റെ ഭാവിപോലും നിർണയിക്കാൻ പര്യാപ്തമായതാണ് കുടുംബമെന്ന സർവകലാശാല. കുടുംബത്തിൽ വിളങ്ങാത്തതും വിളയാത്തതുമൊന്നും സമൂഹത്തിൽ പ്രതീക്ഷിക്കേണ്ടതില്ലല്ലോ. കാലമെത്ര പുരോഗമിച്ചാലും, ശാസ്ത്രമെത്ര വളർന്നാലും ബന്ധങ്ങളുടെ ഈറ്റില്ലമായ കുടുംബം ഭാവിയുടെ പണിപ്പുരതന്നെയെന്നു തിരിച്ചറിയണം. സത്യസന്ധത, ദയ, കരുണ, പങ്കുവയ്ക്കൽ, സർവോപരി മനുഷ്യത്വം - എല്ലാം കുടുംബത്തിന്റെ സിലബസിൽപ്പെടുന്നതാണ്.

വ്യക്തിത്വവികാസം അർത്ഥസമ്പൂർണത നേടുന്നത് കുടുംബത്തിൽനിന്നാണ്. എന്തിനും മാതൃക തേടുന്ന ആധുനികമനുഷ്യർക്ക്, വിശിഷ്യാ, യുവാക്കൾക്ക് കുടുംബപശ്ചാത്തലം എല്ലാറ്റിനും യോജിക്കുന്ന പാഠപുസ്തകമാണ്. കുടുംബാന്തരീക്ഷം ആത്മവിശ്വാസവും മനോധൈര്യവും പകരുന്നതും സ്വഭാവരൂപീകരണത്തിന് ഉതകുന്നതുമായിരിക്കണം. ഉറപ്പില്ലാത്ത കുടുംബപശ്ചാത്തലം ഭാവിയുടെ ബലക്ഷയത്തിനു കാരണമാണ്. ജീവിതമറിഞ്ഞു വളരാനുള്ള പാഠങ്ങൾ കുടുംബത്തിൽനിന്നുണ്ടാകണം. കാർക്കശ്യത്തോടെ ദൈവികവഴിയിൽ നടക്കാൻ ധൈര്യം നൽകണം. വിജയപരാജയങ്ങൾ സാമ്പത്തികബന്ധിയല്ലെന്നു പഠിപ്പിക്കണം. പ്രതിഭകളെ നാടിനാവശ്യമുണ്ട്, ഏതു മേഖലയിലാണു പ്രതിഭയാകാൻ കഴിയുന്നതെന്നും പഠിക്കണം, പഠിപ്പിക്കണം.

മക്കളുടെ വിദ്യാഭ്യാസവേളയിൽ രാഷ്ട്രീയത്തിന്റെ 'തിയറിയും ചരിത്രവും' മാത്രം മതി. കടന്നുപോയ മഹാവ്യക്തികളുടെ വഴികളിൽ ഗൗരവാവഹമായ ഒരു 'പഠന-വായനസഞ്ചാരം' സാധ്യമായാൽ നാളെയുടെ രാഷ്ട്രീയത്തിനു ബലമേകും. പക്ഷംപിടിക്കാതെയും കലാപത്തിനു കാരണമാകാതെയും വിവേകത്തോടെ രാഷ്ട്രീയത്തിന്റെ വഴിയെക്കുറിച്ച് മക്കൾ പഠിക്കട്ടെ. വടിയും കൊടിയും പിടിച്ച് രാഷ്ട്രീയക്കാരുടെ പിണിയാളുകളായി മാറുവാൻ മക്കളെ അനുവദിച്ചുകൂടാ. ഒരേ ആശയം പല തട്ടിൽനിന്നു പ്രഘോഷിച്ച് തെരുവുയുദ്ധത്തിലേക്കു യുവതയെ നയിക്കുവാൻ രാഷ്ട്രീയക്കാർ കാരണമാകരുത്. പഠനം രാഷ്ട്രീയത്തിന് അടിത്തറയാകണം. കലാപവും കലുഷിതമായ അന്തരീക്ഷവും നാടിന്റെ ഭാവിയെ അപകടത്തിലാക്കും. എന്തിനാണ് നമ്മുടെ മക്കൾ തെരുവിൽ പരസ്പരം അടിപിടികൂടുന്നത്? രാജ്യസ്നേത്തിനു വേണ്ടിയാണെങ്കിൽ ഒന്നിച്ചുനിന്ന് അടരാടുകയാണു വേണ്ടത്? ഐകമത്യമല്ലേ എല്ലാറ്റിനും മഹാബലമായി മാറേണ്ടത്?

പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ കരുത്തു നേടാനാകാത്തതുകൊണ്ടാകാം സ്വപ്നലോകത്തിന്റെ ലഹരിയിലേക്കു 'സൗഹൃദം' വഴിമാറുന്നത്? ലഹരിയുപയോഗം ഒരു സ്റ്റാറ്റസ് ആയിട്ടുപോലും വളർന്നുവരുന്നുണ്ടോയെന്നു സംശയിക്കണം. കുറുക്കുവഴിയിൽ സമ്പന്നരാകാമെന്ന കുബുദ്ധിയും ലഹരിയുടെ അടിമത്തത്തിൽനിന്ന് ഉരുത്തിരിയാം. പ്രശ്നങ്ങളുടെ പരിഹാരം ലഹരിയിലല്ല. മറിച്ച്, പ്രശ്നങ്ങളെ അഭിമുഖീകരിച്ച് വിജയം വരിക്കാനുള്ള വെല്ലുവിളി സ്വയം ഏറ്റെടുക്കുന്നതിലാണ്. മാന്യതയും സംസ്കാരവും മനുഷ്യത്വവും കൈവിടാത്ത ഊർജസ്വലമായ വ്യക്തിത്വം യുവത സ്വന്തമാക്കണം. നല്ല കാര്യങ്ങളിൽ ഇടവിടാതെ ഇടപെട്ടു ജീവിക്കാനുള്ള ഒരു ജീവിതത്തിരക്ക് യുവത്വത്തിന് പോസിറ്റീവ് എനർജിയാകണം. അടയുന്ന വാതിലിൽ തുടർച്ചയായി മുട്ടിത്തളരാതെ, തൊട്ടടുത്ത് തനിക്കായി തുറന്നുകിടക്കുന്ന വാതിലിലേക്കു മാറുവാൻ യുവത്വം തയ്യാറാകണം. ഒരേ എൻട്രൻസിലൂടെ എല്ലാവരും പ്രവേശിക്കണമെന്ന നിർബന്ധമുപേക്ഷിച്ച് 'എവിടെയാണ് എനിക്കായുള്ള എൻട്രൻസ്' എന്ന് അന്വേഷിക്കാനും തയ്യാറാകണം.

സ്വന്തം കഴിവിനും മനസ്സിനും ഇണങ്ങുന്നതും ചെയ്യുന്ന തൊഴിലിനോടു നീതി പുലർത്താനാകുന്നതുമാകണം കർമമണ്ഡലം. അവകാശങ്ങളെക്കുറിച്ചെന്നതിനെക്കാൾ സ്വന്തം കടമയെക്കുറിച്ചു ബോധമുണ്ടാകണം. രാജ്യസ്നേഹവും സഹജീവികളോടുള്ള പ്രതിബദ്ധതയും മറക്കരുത്. അഴിമതിയും അന്യായവും സ്വജനപക്ഷപാതവും പാടില്ലെന്നു പറയുകയല്ല, സ്വന്തം കർമമേഖലയിൽ തെളിയിക്കണം. ആരെയും അദ്ഭുതപ്പെടുത്തുന്ന വ്യക്തിപ്രാഭവത്തിൽ പ്രവർത്തനമേഖല സജീവമാകണം. യൗവനകാലം ഒരു പ്രതാപകാലമാണെന്ന് ഓർക്കണം.

യൗവനം സ്വപ്നവും മിഥ്യയും മോഹങ്ങളും ഒക്കെക്കൂടി ചാഞ്ചാട്ടത്തിന്റെ നാളുകളാണ്. ആരുടെ മുമ്പിലും കേമന്മാരാകണമെന്ന അഭിവാഞ്ഛ യുവതയ്ക്കു സ്വന്തം. വേറിട്ട കാഴ്ചകളും വീക്ഷണങ്ങളും ഉണ്ടാകുന്ന കാലം. പക്ഷേ, മനസ്സിന്റെ ദൃഢതയും ലക്ഷ്യബോധവും നഷ്ടമാക്കാത്തവിധം ഒരു പിൻനോട്ടവും വന്ന വഴിയെക്കുറിച്ചുള്ള വിചിന്തനങ്ങളും ഉണ്ടാകണം. ജീവിതം സംതൃപ്തവും ശോഭനവുമായി നയിക്കാൻ പരിശ്രമിക്കണം. ജീവിതംതന്നെയാണ് ലഹരിയെന്നത് യുവത മറക്കരുത്.

ശിക്ഷണം ഭാവിയുടെ വിജയഗാഥയാണെന്നു യുവാക്കൾ മറക്കരുത്. സുശിക്ഷിതമായ ജീവിതത്തിന്റെ ഉടമകൾക്ക് ലഹരിയോടോ അക്രമത്തോടെ അവിശുദ്ധ കൂട്ടുകെട്ടിനോടോ താത്പര്യമുണ്ടാകില്ല. ആദർശബന്ധിയായി ജീവിക്കാൻ പരിശ്രമിക്കുമ്പോൾ യുവാക്കൾ നാടിനും വീടിനും ലോകത്തിനാകമാനവും അഭിമാനഭാജനങ്ങളായിത്തീരും.

■

# തൊണ്ണൂറ്റിയഞ്ചിലും നിറവോലുന്ന മുഖപ്രസാദം



തൊണ്ണൂറ്റിയഞ്ചിലും ദൈവസ്നേഹത്തിന്റെ മുഖശോഭയുമായി മാർ ജോസഫ് പള്ളിക്കാപറമ്പിൽ. പാലാ രൂപതയുടെ രണ്ടാമത്തെ ഇടയനായ മാർ ജോസഫ് പള്ളിക്കാപറമ്പിലിന്റെ 95-ാം ജന്മദിനമായ ഏപ്രിൽ പത്തിന് പാലാ ബിഷപ്സ് ഹൗസിൽ ചേർന്ന വൈദികരുടെ കൂട്ടായ്മയിൽ ഉയർന്നുകേട്ട ആശംസാവചനങ്ങളിലും പ്രാർത്ഥനാമൊഴികളിലും അദ്ദേഹം ഒന്നുകൂടി വിനീതനായി.

95-ാം പിറന്നാൾ അനുസ്മരിപ്പിച്ചുകൊണ്ട്, തിരഞ്ഞെടുക്കപ്പെട്ട 95 വൈദികർ ചേർന്ന കൂട്ടായ്മയിൽ പിതാവിന്റെ അച്ചടക്കത്തെയും കൃത്യനിഷ്ഠയെയും വിനയാന്വിതമായ സമീപനശൈലിയെയും ഏവരും പ്രകീർത്തിക്കുകയുണ്ടായി. യൗസേപ്പിതാവ് ദൈവപിതാവിന്റെ നിഴലായിരിക്കുന്നതുപോലെ പള്ളിക്കാപറമ്പിൽ പിതാവും സ്വർഗപിതാവിന്റെ നിഴലായിക്കൊണ്ട് ദൈവേഷ്ടം നിറവേറ്റിയ ധന്യപിതാവാണെന്ന് മാർ ജോസഫ് കല്ലറങ്ങാട്ട് തന്റെ ആശംസാസന്ദേശത്തിൽ പറയുകയുണ്ടായി. രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ, പ്രാർത്ഥനാചൈതന്യത്തോടുകൂടിയ പള്ളിക്കാപറമ്പിൽ പിതാവിന്റെ പ്രവർത്തനങ്ങളെ ഓർത്തെടുത്തു. സ്വാഗതപ്രസംഗത്തിൽ വികാരി ജനറാൾ മോൺ. ജോസഫ് തടത്തിൽ, മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവ് പിന്നിട്ട ജീവിതവഴികളെക്കുറിച്ച് ഒരവലോകനം നടത്തി. കടന്നുപോയ വഴികളിലെ ദൈവത്തിന്റെ അനന്തമായ കാരുണ്യത്തെയും അദ്ഭുതകരമായ ഇടപെടലുകളെയും മറുപടി പ്രസംഗത്തിൽ മാർ ജോസഫ് പള്ളിക്കാപറമ്പിൽ അനുസ്മരിച്ചു.

1927 ഏപ്രിൽ പത്തിന് മുത്തോലപുരം പള്ളിക്കാപറമ്പിൽ ദേവസ്യ - ഏലി ദമ്പതികളുടെ പുത്രനായി ജനിച്ച മാർ ജോസഫ് പള്ളിക്കാപറമ്പിൽ, തൃശിനാപ്പള്ളിയിലും മദ്രാസിലുമായി കോളജ് പഠനം പൂർത്തിയാക്കി. ധനതത്ത്വശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം നേടി. ചങ്ങനാശേരി സെന്റ് തോമസ് പെറ്റി സെമിനാരി, മാംഗ്ലൂർ സെന്റ് ജോസഫ്സ് മേജർ സെമിനാരി എന്നിവിടങ്ങളിലും റോമിലെ ഉർബൻ യൂണിവേഴ്സിറ്റിയിലുമായിരുന്നു വൈദികപഠനം. പാലാ രൂപത സ്ഥാപിതമായശേഷം റോമിലെ പ്രൊപ്പഗാന്ത കോളജിലേക്ക് അയയ്ക്കപ്പെട്ട പ്രഥമ വൈദികവിദ്യാർത്ഥിയായിരുന്നു അദ്ദേഹം.


1958 നവംബർ 23 ന് റോമിൽവച്ച് വൈദികപട്ടം സ്വീകരിച്ചു. തുടർന്ന്, തത്ത്വശാസ്ത്രത്തിൽ ഉപരിപഠനം നടത്തി. 1962 ൽ ഡോക്ടറേറ്റ് കരസ്ഥമാക്കി. 1965 ൽ റോമിലെ ഉർബൻ കോളജ് വൈസ് റെക്ടറായി. 1969 ൽ വടവാതൂർ സെമിനാരി റെക്ടറായി ചുമതലയേറ്റു. ഇവിടെ സേവനം ചെയ്തുകൊണ്ടിരിക്കെയാണ് 1973 ൽ പാലാ രൂപതയുടെ സഹായമെത്രാനായി നിയമിതനാവുന്നത്. 1981 മാർച്ച് 25 ന് പാലാ രൂപതയുടെ ദ്വിതീയ മെത്രാനായി മാർ ജോസഫ് പള്ളിക്കാപറമ്പിൽ അഭിഷിക്തനായി. 23 വർഷം രൂപതയെ നയിച്ച ബിഷപ് പള്ളിക്കാപറമ്പിൽ 2004 മേയ് രണ്ടിന് തന്റെ പിൻഗാമി മാർ ജോസഫ് കല്ലറങ്ങാട്ടിനു ചുമതല കൈമാറി.

മാർ ജോസഫ് പള്ളിക്കാപറമ്പിലിന്റെ നേതൃത്വത്തിൽ വിശ്വാസരംഗത്തു മാത്രമല്ല വിവിധ മേഖലകളിൽ രൂപത സമഗ്രമായ പുരോഗതി കൈവരിച്ചു. വിശുദ്ധ അൽഫോൻസാമ്മ, വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ, ധന്യൻ കദളിക്കാട്ടിൽ മത്തായി അച്ചൻ എന്നിവരുടെ നാമകരണനടപടികൾ ഇക്കാലത്താണ് ആരംഭിച്ചത്. വിദ്യാഭ്യാസരംഗത്തു വലിയ മുന്നേറ്റമാണ് രൂപതയിലുണ്ടായത്. സ്വാശ്രയമേഖലയിൽ രാമപുരം, ചേർപ്പുങ്കൽ കോളജുകളും ചൂണ്ടച്ചേരിയിൽ എൻജിനീയറിങ് കോളജും സ്ഥാപിക്കപ്പെട്ടു. ദീർഘകാലം സംയുക്തക്രൈസ്തവ മദ്യവർജനപ്രസ്ഥാനത്തിന്റെ നേതൃത്വം വഹിച്ചു. പാലാ ബിഷപ്സ് ഹൗസിൽ വിശ്രമജീവിതം നയിക്കുകയാണ് അദ്ദേഹമിപ്പോൾ.




കുട്ടികൾ വായിച്ചിരിക്കേണ്ട വിശിഷ്ടഗ്രന്ഥങ്ങളെ ഹൃദ്യമായി പരിചയപ്പെടുത്തുന്ന പംക്തി

# ബീർബലിന്റെ കൗശലങ്ങൾ






ജോയിഷ് ജോസ്



കുട്ടികൾക്ക് അപ്രതീക്ഷിതമായി കിട്ടിയ ഈ നീണ്ട അവധിക്കാലത്തെക്കുറിച്ചു വിവരിക്കാൻ വലിയ സന്തോഷമാണ്. പഠിക്കണ്ട, പരീക്ഷ എഴുതണ്ട, പറഞ്ഞുവച്ചിരുന്ന അവധിക്കാല ക്ലാസുകൾക്കു പോകണ്ട. അവർ ആഗ്രഹിച്ചതുപോലെതന്നെ ടിവി ചാർജു ചെയ്ത് മൊബൈൽ ഗെയിം കളിക്കാൻ ഇഷ്ടംപോലെ സമയം. ഈ നീണ്ട അവധിക്കാലം അടിച്ചുപൊളിച്ച് ആസ്വദിക്കാം എന്നതാണ് അവരുടെ സന്തോഷം. കുട്ടികൾക്ക് അവധിക്കാലം ചെലവഴിക്കാൻ നല്കുന്ന സൗകര്യങ്ങൾക്കും അവർ അതിനോടു കാണിക്കുന്ന അമിതാവേശത്തിനും നിയന്ത്രണം വയ്ക്കാതെതന്നെ അവരിൽ വായനശീലവും വളർത്തിയെടുക്കുകകൂടി ചെയ്താൽ നന്നാവും. ലോകത്തൊട്ടാകെ ഒരു വലിയ സാഹിത്യശാഖയായി കുട്ടികളുടെ സാഹിത്യം മാറിയിട്ടുണ്ട്. ഓരോ ദേശത്തിനും അതിന്റെ വകഭേദങ്ങളുണ്ട്. നാടോടിക്കഥകളും മിത്തുകളും കോമിക്കുകളും ഒക്കെയായി അതൊരു വലിയ സാധ്യത തുറന്നിടുന്നുണ്ട്. അത്തരമൊരു പുസ്തകമാണ് ബീർബൽ കഥകൾ.

പതിനാറാം നൂറ്റാണ്ടിൽ ഇന്ത്യ ഭരിച്ചിരുന്ന മുഗൾ ചക്രവർത്തിയായിരുന്ന അക്ബറിന്, വിക്രമാദിത്യ രാജാവിന്റെ സദസ്സിലെ നവരത്നങ്ങൾപോലെ ഒമ്പതു മന്ത്രിമാരുണ്ടായിരുന്നു. ധനകാര്യവിദഗ്ധനായ തോഡർമാളും സൂഫി കവി ഫൈസിയും ചിത്രകാരൻ അബ്ദുൾ ഫസലും പടത്തലവൻ മാൻസിങ്ങും ആ സദസ്സിൽ ഉൾപ്പെടുന്നവരായിരുന്നു. എന്നാൽ, അക്ബറിന് ഏറ്റവും പ്രിയപ്പെട്ട മന്ത്രി ബീർബലായിരുന്നു. മഹേശ് ദാസ് എന്നായിരുന്നു ബീർബലിന്റെ ആദ്യപേര്. ബീർബൽ എന്ന് അദ്ദേഹത്തിനു പേരു നൽകിയത് അക്ബറാണ്.

അക്ബറും ബീർബലും തമ്മിലുള്ള ബന്ധം ചക്രവർത്തി - മന്ത്രി എന്നതിലുപരി സുഹൃത്തുക്കൾ എന്ന നിലയിലേക്കു വളർന്നു. രാജാവിന്റെ വ്യക്തിജീവിതത്തിലും രാജഭരണത്തിലും ബീർബൽ സന്ദർഭോചിതമായി ഇടപെട്ടിരുന്നു. പല പ്രതിസന്ധിഘട്ടങ്ങളിലും ബീർബൽ അക്ബറിന്റെ മാനം മാത്രമല്ല ജീവൻപോലും രക്ഷിച്ചു. അതിനാൽത്തന്നെ മറ്റാരെയുംകാൾ ചക്രവർത്തിയോട് അടുത്ത് ഇടപഴകാനും എന്തിന്, അദ്ദേഹത്തെ കളിയാക്കാനുള്ള സ്വാതന്ത്ര്യംപോലും ബീർബലിനുണ്ടായിരുന്നു.

അക്ബറും ബീർബലും തമ്മിൽ വിവിധ സന്ദർഭങ്ങളിൽ നടത്തിയ സംഭാഷണങ്ങൾ, വായിക്കുന്ന ഏതൊരാളെയും ചിരിപ്പിക്കുന്നതും അതേസമയം ചിന്തിപ്പിക്കുന്നതുമാണ്. അതിനാൽത്തന്നെയാണ് സാഹിത്യത്തിലും ഈ കഥകൾക്ക് അവഗണിക്കാനാകാത്ത സ്ഥാനം നേടിയെടുക്കാൻ സാധിച്ചത്. ഈ കഥകൾ വായിക്കുമ്പോൾ ചക്രവർത്തിയെക്കാൾ മാഹാത്മ്യം ബീർബലിനുണ്ടെന്നു വായനക്കാർക്കു തോന്നിയാൽ അത് തള്ളിക്കളയാൻ സാധിക്കില്ല. കുട്ടികളെ മാത്രമല്ല മുതിർന്നവരെയും രസിപ്പിക്കുന്ന ബീർബൽ കഥകൾ വായിച്ചാൽ അതു യഥാർത്ഥമോ അതോ കെട്ടിച്ചമച്ചതോ എന്നു പറയുക അസാധ്യമാണ്. അത്രത്തോളം ഈ കഥകൾ മനസ്സുകളിലേക്കു പടർന്നിരിക്കുന്നു.

ഗുണപാഠങ്ങൾക്കൊപ്പം, അവസരോചിതമായ നയതന്ത്രങ്ങളും പ്രശ്നപരിഹാരങ്ങളുംകൊണ്ടു സമൃദ്ധമാണ് ബീർബൽ കഥകൾ. വായിക്കുന്ന കുട്ടിയുടെ ചിന്താശേഷിയെ ഉണർത്താൻ പ്രേരിപ്പിക്കുന്നതാണ് ബീർബലിന്റെ കൗശലങ്ങൾ. സത്യത്തിന്റെയും ധർമത്തിന്റെയും ഭാഗത്തുനിന്നുകൊണ്ട് എത്ര കുഴപ്പം പിടിച്ച സന്ദർഭത്തെയും വളരെ ലളിതമായി കൈകാര്യം ചെയ്യുന്ന ശൈലിയാണ് ബീർബലിന്റേത്. ഇത് കുട്ടികളെ ഏറെ സ്വാധീനിക്കും എന്നുറപ്പ്. ■

**ചരിത്രത്തിലെ ജ്വാലാമുഖികൾ**

# സേവനരാഷ്ട്രീയത്തിന്റെ ഉദാത്തമാതൃക

വത്സല നിലമ്പൂർ

ഇന്ത്യൻ സ്വാതന്ത്ര്യസമര രംഗത്തേക്ക് കേരളത്തിൽ നിന്നു കടന്നുചെന്ന നേതൃപാടവമുള്ള അപൂർവം വനിതകളിൽ ഒരാളായിരുന്നു എ.വി. കുട്ടിമ്മാളു അമ്മ. നിയമലംഘനസമരവുമായി ബന്ധപ്പെട്ട് രണ്ടുമാസം പ്രായമുള്ള കുഞ്ഞുമായി ഇവർ ജയിലിൽഅടയ്ക്കപ്പെട്ടു.

പാലക്കാട് ജില്ലയിലെ ആനക്കര ഗ്രാമത്തിലെ വടക്കത്തു കുടുംബത്തിൽ പെരുമ്പിലാവിൽ ഗോവിന്ദമേനോന്റെയും അമ്മു അമ്മയുടെയും മൂത്തമകളായി 1905 ഏപ്രിൽ 23 നാണ് കുട്ടിമാളു അമ്മ ജനിച്ചത്. ഗാന്ധിജിയുടെ അടുത്ത അനുയായിയും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ സജീവ പ്രവർത്തകയുമായിരുന്നു.മാതൃഭൂമിയുടെ ഡയറക്ടറായും മലബാർ ഹിന്ദി പ്രജാസഭയുടെ അദ്ധ്യക്ഷയായും പ്രവർത്തിച്ചിട്ടുണ്ട്.

രാഷ്ട്രീയപ്രവർത്തനത്തിന് അധികാരരാഷ്ട്രീയം, സേവനരാഷ്ട്രീയം എന്നീ രണ്ടു തട്ടുകളുണ്ട്. കുട്ടിമാളു അമ്മ രണ്ടാമത്തെ തട്ടകത്തിൽ ഉറച്ചുനിന്നു. മാതൃഹൃദയത്തിന്റെ ഭാവവും ഭാഷയും അവർക്കെന്നും സ്വന്തമായിരുന്നു.

ക്വിറ്റ് ഇന്ത്യാ സമരത്തിൽ പങ്കെടുത്തതിന് കുട്ടിമാളു



എം.വി. കുട്ടിമാളു അമ്മ

അമ്മ രണ്ടു വർഷം ജയിൽ വാസം അനുഭവിച്ചു. ജയിൽ ശിക്ഷ പൂർത്തിയാക്കി പുറത്തുവന്നപ്പോൾ താമസിക്കാൻ ഇടമില്ലാത്ത സ്ഥിതി വന്നു. രണ്ടുമാസം അവർ താമസിച്ചത് പുവർഹോം സൊസൈറ്റിയിലായിരുന്നെന്ന് മകൻ കേണൽ എ.വി.എം. അച്യുതൻ ശതാബ്ദിസ്മരണ ലേഖനത്തിൽ കുറിച്ചിട്ടുണ്ട്. അനുമാനവും അനുഭവവും തമ്മിൽ സാത്മ്യം പ്രാപിക്കുമ്പോഴാണ് ജീവിതം അർത്ഥവത്താകുന്നത്.

അച്ഛനും അമ്മയും പകർന്നു നൽകിയ ആത്മവിശ്വാസമാണ് അവരെ പോരാളിയാക്കിത്. ഭർത്താവ് കോഴിപ്പുറത്ത് മാധവമേനോനൊപ്പം സ്വാതന്ത്ര്യ സമര പോരാട്ടങ്ങളിൽ കൈകോർത്തു. അമ്മു സ്വാമിനാഥന്റെ സഹോദരീ പുത്രിയാണ് അവർ. നാട്ടിലെ സ്വാതന്ത്ര്യ സമരപ്രവർത്തനങ്ങളുടെ മുൻപന്തിയിലുണ്ടായിരുന്നു. ഖാദിയുടെ പ്രചാരകയായിരുന്നു. ജയിൽ ജീവിതം അവരെ മികച്ച സേനാനിയായി പാകപ്പെടുത്തി. നിരവധി തവണ ജയിൽവാസം അനുഭവിക്കേണ്ടി വന്നു. ആറാംക്ലാസുവരെ മാത്രം വിദ്യാഭ്യാസം ചെയ്ത ഈ ധീര രാജ്യസ്നേഹി ജയിൽവാസത്തിനിടെ ഇംഗ്ലീഷ്, ഹിന്ദി, കന്നഡ, തെലുങ്ക്, തമിഴ് തുടങ്ങിയ ഭാഷകളിൽ പ്രാവീണ്യം നേടുകയും പൊതുവേദികളിൽ മികച്ച പ്രഭാഷികയായി മാറുകയും ചെയ്തു. ഗാന്ധിജി, നെഹ്റു, ഇന്ദിരാഗാന്ധി എന്നിവർക്കൊപ്പം തോളോടുതോൾ ചേർന്നായിരുന്നു പ്രവർത്തനം.

1985 ഏപ്രിൽ 15 ന് സ്വാതന്ത്ര്യസമരചരിത്രത്തിലെ ആ സുവർണ അധ്യായം അവസാനിച്ചു.



# കറ്റാർവാഴ

കാർഷികം

ജോഷി മുഞ്ഞനാട്ട്

കറ്റാർവാഴയുടെ പോളയിൽനിന്നു ലഭിക്കുന്ന സത്ത് പ്രത്യേകമായി ഉണക്കിയെടുത്ത് തയ്യാറാക്കുന്ന ഒരു ഔഷധമാണ് ചെന്നിനായകം. ഇവ തനിച്ചും മറ്റു മരുന്നുകളോടു ചേർത്തും ഔഷധാവശ്യങ്ങൾക്കായി ഉപയോഗിച്ചുവരുന്നു. ലില്ലിയേസി കുടുംബത്തിൽപ്പെട്ട 'അലോവിറീ' എന്ന ശാസ്ത്രീയനാമത്തിൽ അറിയപ്പെടുന്ന കറ്റാർവാഴതന്നെ പല ഇനമുണ്ട്.

ആയുർവേദം, സിദ്ധവൈദ്യം, യുനാനി, ഹോമിയോപ്പതി തുടങ്ങിയ ചികിത്സാശാഖകളിലെല്ലാം കറ്റാർവാഴയുടെ സാന്നിധ്യമുണ്ട്. ഈജിപ്തുകാർ പൂർവകാലത്തുതന്നെ കറ്റാർവാഴ ഔഷധമായും സൗന്ദര്യവർദ്ധകമായും ഉപയോഗിച്ചിരുന്നു. ക്ലിയോപാട്രയുടെ സൗന്ദര്യവർദ്ധകശേഖരത്തിൽ കറ്റാർവാഴ ഉത്പന്നങ്ങൾക്കു മുഖ്യസ്ഥാനമുണ്ടായിരുന്നത്രേ. ക്രിസ്തുവിന്റെ ശവസംസ്കാരത്തിനു കൊണ്ടുവന്ന സുഗന്ധക്കൂട്ട് മീറയും ചെന്നിനായകവും ചേർന്നതായിരുന്നുവെന്ന് വിശുദ്ധ ബൈബിൾ പറയുന്നു (യോഹ. 19:39).

രോഗപ്രതിരോധശക്തി നല്കുന്നതിൽ കറ്റാർവാഴനീര് വളരെ പ്രധാനമാണ്. അതിനാൽ, മാരകരോഗങ്ങൾക്കു പ്രതിവിധിയെന്ന നിലയിലും കറ്റാർവാഴ ഉപയോഗിച്ചുവരുന്നു. തൈലങ്ങൾ, ലേഹ്യങ്ങൾ, സൗന്ദര്യവർദ്ധകവസ്തുക്കൾ, സോപ്പ്, ഷാമ്പൂ, ലോഷൻ, ഔഷധങ്ങൾ തുടങ്ങിയവ തയ്യാറാക്കുന്നതിനാണ് കറ്റാർവാഴ കൂടുതലായും ഉപയോഗിച്ചുവരുന്നത്. കറ്റാർവാഴയിൽനിന്നു പുതിയ ഉത്പന്നങ്ങൾ നിർമിക്കുന്നതിനെക്കുറിച്ച് കൂടുതൽ പഠനങ്ങൾ നടന്നുവരുന്നു.

ഗൃഹകന്യാ, കുമാരി എന്നിങ്ങനെ വിവിധ പേരുകളിൽ അറിയപ്പെടുന്ന കറ്റാർവാഴ മരുന്നിനായും അലങ്കാരച്ചെടിയായും നട്ടുവളർത്തുന്നു. കറ്റാർവാഴയുടെ ചുവട്ടിൽനിന്നു പൊട്ടുന്ന ചെറിയ തൈകളാണ് നടാൻ ഉചിതം. മണ്ണ്, ചാണകപ്പൊടി, കമ്പോസ്റ്റ് എന്നിവ ചേർത്ത് തയ്യാറാക്കിയ മിശ്രിതത്തിൽ ചെടിച്ചട്ടികളിലോ ഗ്രോബാഗുകളിലോ പ്ലാസ്റ്റിക് ചാക്കുകളിലോ ഇവ വളർത്താം. കൃഷിയിടത്തിൽ നേരിട്ടും നടാവുന്നതാണ്.

ദീപനാളം

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



**കർത്താവു മനുഷ്യരുടെ വിചാരങ്ങൾ അറിയുന്നു; അവർ ഒരു ശ്വാസം മാത്രം!**

**സങ്കീർത്തനങ്ങൾ 94:11**

**എഡിറ്റോറിയൽ**

## കൊവിഡ് വാക്സിനേഷൻ ക്രമക്കേടുകൾ ഒഴിവാക്കണം

**കൊ**വിഡ് മഹാമാരിയുടെ രണ്ടാം തരംഗം ലോകമെങ്ങും ആഞ്ഞടിക്കുന്നുവെന്ന അത്യന്തം ഭീതിജനകമായ വാർത്തകളാണ് അനുദിനം മാധ്യമങ്ങളിലൂടെ നാമറിയുന്നത്. രാജ്യത്ത് കൊവിഡ് പ്രതിദിനക്കേസുകൾ ഒന്നരലക്ഷം പിന്നിട്ടിരിക്കുന്നു. മാത്രമല്ല, ഏറ്റവുമധികം കൊവിഡ് ബാധിതരുള്ള രാജ്യങ്ങളുടെ ആദ്യ മൂന്നു സ്ഥാനക്രമത്തിൽ ഇന്ത്യയും പെട്ടിരിക്കുന്നു. രാജ്യത്ത് കൊവിഡ് വാക്സിനേഷൻ കാര്യക്ഷമമാക്കാനുള്ള 'ടീക ഉത്സവ്' (വാക്സിനേഷൻ ഉത്സവം) പദ്ധതിയും നടന്നുവരുന്നു. കൊവിഡിനെതിരായ രണ്ടാമത്തെ വലിയ യുദ്ധമാണ് 'ടീക ഉത്സവ്' എന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞിരിക്കുന്നു.

കൊവിഡിനെതിരായ പോരാട്ടം ഫലപ്രദമാക്കാൻ നാലു നിർദേശങ്ങളാണ് പ്രധാനമന്ത്രി മുന്നോട്ടുവയ്ക്കുന്നത്: ഓരോരുത്തരും ഒരാളെ വാക്സിനേറ്റ് ചെയ്യുക, ഓരോരുത്തരും ഒരാളെ പരിചരിക്കുക, ഓരോരുത്തരും ഒരാളെ സംരക്ഷിക്കുക, മൈക്രോ കണ്ടെയ്ൻമെന്റ് സോണുകൾ നിർമിക്കുക. ഓരോ അഭ്യർത്ഥന സംബന്ധിച്ച് അദ്ദേഹം തന്നെ വിശദീകരണവും നല്കുന്നുണ്ട്. സ്വയം വാക്സിനേഷൻ എടുക്കാനാകാത്തവരെ അതിനു സഹായിക്കണം. വാക്സിനേഷൻ സൗകര്യങ്ങളെക്കുറിച്ച് അറിയാത്തവരെ സഹായിക്കണം. മാസ്ക് ധരിച്ച് ഓരോ വ്യക്തിയും മറ്റൊരു വ്യക്തിയെ സുരക്ഷിതനാക്കണം.

കൊവിഡ് വാക്സിൻ ക്ഷാമം രൂക്ഷമാണെന്ന പരാതിയുമായി കൂടുതൽ സംസ്ഥാനങ്ങൾ രംഗത്തുവന്നതോടെ ക്ഷാമം പരിഹരിക്കാനുള്ള തീവ്രനടപടികളുടെ ഭാഗമായി അടുത്ത ഒക്ടോബറോടെ അഞ്ചു പുതിയ വാക്സിനുകൾകൂടി ഉപയോഗസജ്ജമാക്കുമെന്ന് കേന്ദ്രസർക്കാർ. റഷ്യൻ വാക്സിൻ സ്പുട്നിക് – വി മേയ് പകുതിയോടെ ഇന്ത്യയിൽ വിതരണത്തിനെത്തുമെന്നത് പുതിയ ആശ്വാസവാർത്തയാണ്.

ഇന്ത്യയിലെ പരീക്ഷണഫലം പുറത്തുവന്നിട്ടില്ലെങ്കിലും റഷ്യയിലുൾപ്പെടെ നടന്ന പരീക്ഷണങ്ങളിൽ സ്പുട്നിക്കിന് 91.6% ഫലപ്രാപ്തിയുണ്ടെന്നു കണ്ടെത്തിയിരിക്കുന്നു. മോസ്കോ ഗമേലയ ഗവേഷണസർവകലാശാലയും റഷ്യൻ പ്രതിരോധമന്ത്രാലയവും ചേർന്നു വികസിപ്പിച്ച സ്പുട്നിക് വാക്സിൻ, ഇന്ത്യയിൽ ഹൈദരാബാദ് ആസ്ഥാനമായ ഡോ. റെഡ്ഡിസ് ലബോറട്ടറിയാണു നിർമിക്കുന്നത്. ഡ്രഗ്സ് കൺട്രോളർ ജനറൽ ഓഫ് ഇന്ത്യ(ഡി.സി.ജി.ഐ.) അന്തിമാംഗീകാരം നല്കിയതോടെ ഇന്ത്യയിൽ വിതരണത്തിനെത്തുന്ന മൂന്നാമത്തെ വാക്സിനാണ് സ്പുട്നിക് – വി. സ്പുട്നിക് വാക്സിന് അടിയന്തര ഉപയോഗാനുമതി നല്കുന്ന അറുപതാമത്തെ രാജ്യമാണ് ഇന്ത്യ.

ഹൈദരാബാദിലെ ഭാരത് ബയോടെക്കിന്റെ കോവാക്സിൻ, പുണെയിലെ സിറം ഇൻസ്റ്റിറ്റ്യൂട്ടിന്റെ കോവിഷീൽഡ് എന്നിവയാണ് നിലവിൽ രാജ്യത്ത് ഉപയോഗത്തിലുള്ള വാക്സിനുകൾ. ഇരുപതോളം വാക്സിനുകൾ പരീക്ഷണത്തിന്റെ വിവിധ ഘട്ടങ്ങളിലാണെന്നു പറയപ്പെടുന്നു. ഇതിൽ സ്പുട്നിക് – വി, ജോൺസൺ ആൻഡ് ജോൺസൺ, നൊവാവെക്സ്, കാഡില സൈഡസ്, ഭാരത് ബയോ ടെക് നിർമിക്കുന്ന മൂക്കിലൂടെ നല്കുന്ന വാക്സിൻ എന്നിവയാണ് ഒക്ടോബറിനുമുമ്പ് തയ്യാറാകുമെന്നു പ്രതീക്ഷിക്കുന്നത്.

രാജ്യത്ത് കൊവിഡ് കേസുകൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ, ഗുരുതരരോഗികൾക്കു നല്കുന്ന ആന്റി വൈറൽ മരുന്നായ റെംഡെസിവർ കയറ്റുമതി ചെയ്യുന്നത് ഇന്ത്യ നിരോധിച്ചു. മാത്രമല്ല, വിദേശരാജ്യങ്ങളിൽ വികസിപ്പിച്ചതും അടിയന്തര ഉപയോഗത്തിലുള്ളതുമായ എല്ലാ വാക്സിനുകൾക്കും ഇന്ത്യയിലും അനുമതി ലഭിച്ചിരിക്കുന്നു. ഈ മരുന്നുകൾ മുഴുവനായി ഇറക്കുമതി ചെയ്യുകയോ ഇതിലെ ഘടകങ്ങൾ ഇറക്കുമതി ചെയ്ത് ഇന്ത്യയിൽ ഉത്പാദിപ്പിക്കുകയോ ചെയ്യാം.

രാജ്യത്ത് വാക്സിൻ ക്ഷാമം രൂക്ഷമാണെന്ന് കൂടുതൽ സംസ്ഥാനങ്ങൾ പരാതിപ്പെട്ടതോടെയാണ് സ്പുട്നിക് ഉൾപ്പെടെയുള്ള വാക്സിനുകൾക്ക് അടിയന്തര ഉപയോഗാനുമതി നല്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചത്. രാജ്യത്ത് വാക്സിൻ ക്ഷാമമില്ലെന്ന് അവകാശപ്പെട്ട ആരോഗ്യമന്ത്രാലയം കുത്തിവയ്പിൽ സംസ്ഥാനങ്ങൾ മികച്ച ആസൂത്രണം നടത്തണമെന്ന് ആവശ്യപ്പെട്ടു.

വിദേശരാജ്യങ്ങൾക്ക് കൊവിഡ് പ്രതിരോധമരുന്നു നല്കിയ ഇന്ത്യയുടെ 'വാക്സിൻ മൈത്രി' പദ്ധതിക്ക് രാജ്യത്തിന്റെ പല ഭാഗത്തുനിന്നും വിമർശനങ്ങളുയർന്നു. വിദേശരാജ്യങ്ങളിലേക്കു കയറ്റുമതി നടത്തിയതുമൂലമാണ് രാജ്യത്ത് വാക്സിൻ ക്ഷാമമെന്ന് നേരത്തേ ആക്ഷേപമുയർന്നിരുന്നു. അതിനിടെ, ഗുജറാത്തിലെ ബിജെപി നേതൃത്വം പാർട്ടി ഓഫീസുവഴി അയ്യായിരം റെംഡെസിവർ ഇൻജക്ഷൻ നല്കിയതും വിവാദത്തിനിടയാക്കി. കൊവിഡ് മരുന്നുകളുടെ വിതരണം പൂർണമായും സർക്കാർ സംവിധാനത്തിലൂടെ നിയന്ത്രിക്കപ്പെടുമ്പോൾ ബിജെപി അധ്യക്ഷന് റെംഡെസിവർ ലഭിച്ചത് വ്യാപകമായ പ്രതിഷേധത്തിനിടയാക്കി.

ഏറ്റവും സുതാര്യവും കാര്യക്ഷമവുമായി വാക്സിൻ വിതരണം നടത്തുന്നതിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ജാഗ്രത പുലർത്തിയേ പറ്റൂ. വാക്സിൻ നിർമാണത്തിലും വിതരണപ്രക്രിയയിലും തട്ടിപ്പുകളും ക്രമക്കേടുകളുമുണ്ടായി എന്നു കേൾക്കാൻ ത്രാണിയില്ലാത്തവിധം ജനം രോഗതീവ്രതയാലും ഭയത്താലും പൊറുതിമുട്ടിയിരിക്കുകയാണ്. കൊവിഡ് പ്രതിരോധയജ്ഞത്തിന്റെ പേരിൽ ഭരണവർഗത്തിന്റെ അഴിമതിയുടെയും കെടുകാര്യസ്ഥതയുടെയും തനിയാവർത്തനം ഇന്നെന്നല്ല, വർഷങ്ങൾക്കുശേഷവും കേൾക്കാൻ ഇടവരാതിരിക്കട്ടെ എന്നു മാത്രമാണ് പാവം ഭരണീയരുടെ പ്രാർത്ഥന. ■

# ഈ രാക്ഷസരാഷ്ട്രീയം എന്നവസാനിക്കും?



**പ്രതികരണം**

■ **ഡോ. തോമസ് മൂലയിൽ**

രാക്ഷസന്മാർ നരഭോജികൾ എന്നാണു സങ്കല്പം. രാഷ്ട്രീയക്കാരെ ഇങ്ങനെ അഭിസംബോധന ചെയ്യാനുള്ള കാരണം അതാണ്: അവർ തിന്നുന്നില്ലന്നേയുള്ളു... കൊന്നുകൊലവിളിക്കുകയല്ലേ?

പണ്ട്, ഒരു ആദിവാസി മൂപ്പൻ പറഞ്ഞുകേട്ട ഒരു സംഭവം ഓർക്കുന്നു. അയാൾ പാർക്കുന്നത് വനമദ്ധ്യത്തിലുള്ള ഏറുമാടത്തിലാണ്. ഒരു ദിവസം സന്ധ്യമയങ്ങിയ നേരം. രണ്ടു കൊമ്പന്മാർ കൊമ്പുകോർക്കുന്നു. ഇത് അപൂർവമായിട്ടേ സംഭവിക്കാറുള്ളൂ. ആന കൂട്ടമായിട്ടാണല്ലോ ജീവിക്കുന്നത്. കൊമ്പുകോർത്ത ആനകൾ രണ്ടും അലറുന്നു; ചിന്നം വിളിക്കുന്നു; കൊമ്പുടക്കിനിന്ന്, നിന്നിടമെല്ലാം ചവിട്ടിമെതിക്കുന്നു. ശണ്ഠ ഒന്നിനൊന്നിനു മുറുകുന്നതല്ലാതെ രണ്ടും വിട്ടുകൊടുക്കുന്നില്ല. അവസാനം ഒരുത്തൻ ഓടി. മറ്റവൻ പിറകെയും. ഓട്ടത്തിനിടെ അവൻ പിറകിൽ നിന്നൊരു തള്ള്! മറ്റവൻ ഒരു കൊക്കയിൽച്ചെന്നു പതിച്ചു. അപ്പോഴത്തെ അവന്റെ അലർച്ച ഒരു നിലവിളിപോലെയായി. ഈ നിലവിളിയുടെ സ്വരം തിരിച്ചറിഞ്ഞിട്ടാവണം, ജയിച്ചവൻ മണ്ണിടിച്ചു താരയുണ്ടാക്കി, തുമ്പിക്കൈകൊണ്ട് അവനെ വലിച്ചു കരകയറ്റി. അവൻ അവശതകൊണ്ടു വീണുപോയി. ജയിച്ചവൻ ഒരു പ്രത്യേക ശബ്ദത്തിൽ അലറി. ഉടനെ കാട്ടാനക്കൂട്ടം ഓടിയടുത്തു. വിജയി തുമ്പിക്കൈകൊണ്ട് അവനെ തലോടുന്നു; അരുവിയിൽച്ചെന്നു തുമ്പിക്കൈയിൽ വെള്ളം കൊണ്ടുവന്നു കൊടുക്കുന്നു! മറ്റാനകളും അവരുടേതായ രീതിയിലുള്ള ശുശ്രൂഷകൾ ചെയ്യുന്നു. വീണുപോയ ആന സാവകാശം എഴുന്നേല്ക്കുന്നു. ആനക്കൂട്ടം വനത്തിനുള്ളിലേക്കു നീങ്ങുന്നു. തോറ്റവനും ചട്ടിയും ചടഞ്ഞും ആനക്കൂട്ടത്തെ അനുയാത്ര ചെയ്യുന്നു. ജയിച്ചവൻ എല്ലാവരെയും നയിച്ചുകൊണ്ട് വനത്തിനുള്ളിലേക്കു വലിയുന്നു...! തോറ്റവനെ തോല്പിച്ചവൻ പരിചരിക്കുന്നു! ശുശ്രൂഷിക്കുന്നു! സംരക്ഷിക്കുന്നു! കാട്ടാനയുടെ സുകൃതം!

ഇന്നത്തെ രാഷ്ട്രീയത്തിൽ കാട്ടുമൃഗങ്ങളുടെ അലിവും ദയയുംപോലും ഇല്ലാതായിരിക്കുന്നു. ആരെയും കൊല്ലാതെയും ആരും ചാകാതെയും വെട്ടും കുത്തുമില്ലാതെയും വോട്ടെടുപ്പു കഴിഞ്ഞു... ദൈവമേ! എല്ലാം ശാന്തമായല്ലോ! എന്നു ജനം ആശ്വസിച്ചു, ദീർഘനിശ്വാസം വിട്ട സമയം! അപ്പോഴാണ് ആ കൊടുംക്രൂരത! ഒരു മുസ്ലീം യുവാവിനെ വെട്ടിക്കൊലപ്പെടുത്തിയിരിക്കുന്നു. കേട്ടവരെല്ലാം ഞെട്ടിത്തരിച്ചുനിന്നു! ജനം, പിന്നല്ലാതെന്തു ചെയ്യാൻ? പക്ഷേ, കൊന്നവനെ, അല്ല കൊന്നവരെ സംരക്ഷിക്കാൻ പാർട്ടി അരയും തലയും മുറുക്കി കളത്തിലിറങ്ങി. പിടിച്ചുകൊടുത്ത ഒരു പ്രതിയെ കസ്റ്റഡിയിലെടുത്തു... തീർന്നു!

പതിവുപോലെ ചാനലുകൾ സജീവമായി. കൊന്നവരുടെ പാർട്ടിയും മരിച്ചവന്റെ പാർട്ടിയും എന്ന രണ്ടു ചേരികൾ പോരുതുടരുന്നു. രണ്ടു പക്ഷത്തുനിന്നും മറുപക്ഷക്കാർ കൊന്നതിന്റെ കണക്കു നിരത്തുന്നു. എണ്ണത്തിലെ ഏറ്റക്കുറച്ചിലിനെപ്പറ്റിയായി ചർച്ച! ചർച്ച തുടർന്നുകൊണ്ടേയിരിക്കുന്നു... ഇതിനിടെ ചത്ത അമ്പലപ്പുഴ വിജയകൃഷ്ണൻ എന്ന ആനയുടെ ജഡത്തിനരികെനിന്നു നിലവിളിക്കുന്ന മനുഷ്യരെ ചാനലുകളിൽ കണ്ടു. മരിച്ച യുവാവിനെ ഓർത്തു കരയുന്നവർ ഒട്ടേറെയുണ്ടെങ്കിലും ആ യുവാവിന്റെ മാതാപിതാക്കളുടെ കരച്ചിൽ മാത്രം കാണിച്ച് ചാനലുകൾ കൃത്യനിർവഹണം പൂർത്തിയാക്കുന്നു!

'മാ നിഷാദ'യുടെ നാട്ടിൽ, അഹിംസയുടെ നാട്ടിൽ, നിഷാദന്മാർ വില്ലുകുലച്ചുനിന്ന കൊലവിളി നടത്തുന്നു! ദൈവമേ, ഈ രാക്ഷസരാഷ്ട്രീയം എന്നവസാനിക്കും? തേങ്ങലും നെടുവീർപ്പുമായി ഞാൻ പിൻവാങ്ങുന്നു. ആശാനോടു ചേർന്നു വിലപിക്കുന്നു, "കണ്ണേ മടങ്ങുക..." മനസ്സാക്ഷിയുള്ള മനുഷ്യർക്കതല്ലേ പറ്റൂ...!

## ചിരി മറഞ്ഞ കാലം

ഇക്കാലത്തു മനുഷ്യമുഖത്തും മനസിലും ചിരി പാടേ മറഞ്ഞുപോയിരുന്നു. കാഴ്ച നിലനിറുത്തി മനുഷ്യമുഖം പാടേ അടച്ചു കെട്ടുന്ന രീതി ഇപ്പോഴും തുടരുന്നു. നിഷ്കളങ്കമായ പൊട്ടിച്ചിരി ഭൂമുഖത്തുനിന്നു മറഞ്ഞിരിക്കുന്നു! പീലാത്തോസിനെപ്പോലെ, മനുഷ്യൻ കൈകഴുകൽ വിചാരവുമായി നിമിഷങ്ങൾ തള്ളിനീക്കുന്നു.

മനുഷ്യചരിത്രത്തിൽ ഇത്തരമൊരു കാലമുണ്ടായിട്ടുണ്ടോ? ഇക്കാലയളവിൽ, കേരളത്തിലും ഇന്ത്യയിലും, കൊവിഡിനെക്കാൾ ഭീതികരമായ പല സാമൂഹിക മഹാമാരികളും പടർന്നുപിടിച്ചു വളർന്നുകൊണ്ടിരിക്കുന്നു എന്നതാണ് ഏറ്റവും ഖേദകരം. എവിടെ നോക്കിയാലും പോർവിളിഭ്രാന്തു തന്നെ. ഏറ്റവും പ്രബലരംഗമായ രാഷ്ട്രീയം വിഷമയമായിരിക്കുന്നു.

ചിന്താശക്തിയുള്ള കുഞ്ഞുങ്ങൾ ശരിക്കും അന്തംവിട്ടു നിൽക്കുകയല്ലേ ?

മനുഷ്യർ എത്തി നിൽക്കുന്ന ഈ ദശാസന്ധി ആർക്കെങ്കിലും ഇന്നു ചിന്താവിഷയമാണോ?


**അഡ്വ ഫിലിപ്പ് പഴേമ്പള്ളി**
**പെരുവ**

# തിരിച്ചറിവ്



വിജയകുമാരി ചാക്കോ

വളരെ ശ്രദ്ധയോടെ ചുവടുച്ചാണ് ഞാൻ ശരണാലയത്തിലേക്കു കയറിയത്. ഉച്ചയുറക്കത്തിന്റെ ആലസ്യത്തിലാണ് പ്രകൃതിപോലും. നരച്ച ഭിത്തികളിൽ അങ്ങിങ്ങായി പഴയ ഫോട്ടോകൾ. ഒരുപക്ഷേ, ഈ വീടോ സ്ഥലമോ സംഭാവന നല്കിയ മഹാമനസ്സുകളുടെയാവാം. കോളിങ് ബെല്ലിൽ വിരലമർത്തിയപ്പോൾ ഒരു മുരടനക്കം കേട്ടു. അപ്പോഴാണ് കോലായുടെ അറ്റത്തിരുന്ന ആളിനെ ശ്രദ്ധിച്ചത്.



"എന്താ?" പതിയെ എഴുന്നേറ്റു ഒരു കൈ കണ്ണിനുമുകളിൽ വച്ച് അദ്ദേഹം ചോദിച്ചപ്പോൾ തെല്ലൊന്നു പകച്ചു.

എന്തുപറയണം... വെറുമൊരു പത്രപ്രവർത്തകയെന്നോ... അതോ...

"ഞാൻ പത്രത്തിൽനിന്നാണ്... ഒരു വാർത്ത കണ്ടിരുന്നു. വിമാനത്താവളത്തിൽ..."

"ഓ, മനസ്സിലായി.... അതുമൊരു സെൻസേഷണൽ വാർത്തയായല്ലേ. പീഡനത്തിനും കൊലപാതകത്തിനുമിടയ്ക്കൊരു മാറ്റം അല്ലേ?"

വാക്കുകളിലെ പരിഹാസം ഗൗനിക്കാതെ ഭവ്യതയോടെ പറഞ്ഞു:

"എനിക്കദ്ദേഹത്തെയൊന്നു കണ്ടാൽ..."

"എന്തിനാ കുട്ടീ അദ്ദേഹത്തെ കാണുന്നത്? ചാനലുകാർ വന്നിരുന്നു. എന്തൊക്കെ ചോദിച്ചിട്ടും ഒന്നും കിട്ടിയില്ല. എന്നാലും പടമൊക്കെ പിടിച്ചിട്ടുണ്ട്. കിഴവൻ സമയം മെനക്കെടുത്തിയെന്നു പറയുന്നതു കേട്ടു."

"ഞാൻ ചോദ്യങ്ങൾ ചോദിച്ചു ശല്യപ്പെടുത്തില്ല... ഒന്നു കാണുവാൻ മാത്രം വന്നതാണ്."

"ചോദിച്ചാലും ഒന്നും മിണ്ടില്ല കുട്ടീ. നേരേതന്നെ നോക്കിയിരിക്കും. വല്ലാതെ ശല്യപ്പെടുത്തിയാൽ ഏതാണ്ടൊക്കെപ്പറയും, പരസ്പരം ബന്ധമില്ലാതെ. അവയൊക്കെ ശരിയായി കൂട്ടിച്ചേർത്താൽ വല്ല തുമ്പും കിട്ടിയാലായി... നല്ല ദേഷ്യമാണെന്നു കേട്ടു. ഇവിടുള്ള ഒരാളെ പിടിച്ചു തള്ളിയത്രേ. ഞാൻ അടുത്തോട്ടൊന്നും പോയില്ല. ഈ വയസുകാലത്ത് പണി കിട്ടിയാൽ തീർന്നു. അതുപോട്ടെ, വാർഡനച്ചൻ സ്ഥലത്തില്ല. കുട്ടി പോയി കണ്ടോളൂ. എന്നെയാ ചാർജ് ഏല്പിച്ചിരിക്കുന്നത്."

അദ്ദേഹത്തിന്റെ വാക്കുകൾ നല്ല ആശ്വാസം തന്നു. അരഭിത്തിയിലെ കൂജയിൽനിന്നു വെള്ളമെടുത്തു കുടിച്ചപ്പോൾ നല്ല ഉന്മേഷം. പതിയെ നടന്നു. മനസ്സിൽ നിറഞ്ഞു നിൽക്കുന്ന പത്രങ്ങളിലെയാ മുഖം.... കുഞ്ഞുന്നാളിൽ കണ്ടതല്ലേ. കൃത്യമായി ഓർമിച്ചെടുക്കാൻ പറ്റുന്നില്ല. പക്ഷേ, അമ്മ പറയുന്നു, ഇതദ്ദേഹംതന്നെ. നിന്റെയപ്പൂപ്പൻ. നീയൊന്നു പോയി നോക്ക് കുഞ്ഞേ."

വിദേശത്തുള്ള മക്കളെപ്പറ്റി എപ്പോഴും വീമ്പു പറയുമായിരുന്നത്രേ അപ്പൂപ്പൻ. നാട്ടുകാർ പ്രോത്സാഹിപ്പിച്ചുകൊണ്ടു പറയും: "ജോസഫ് ചേട്ടനെന്താ കുഴപ്പം. ഭാഗ്യവാൻ. രണ്ടു മക്കളല്ലേ വിദേശത്ത്..." അപ്പൂപ്പനൊന്നുകൂടി തലയുയർത്തിപ്പറയും: "അതേടാ എന്റെ മക്കളിൽ രണ്ടു പേരും നല്ല നിലയിലാ... പക്ഷേ, ഒരുത്തൻ മണ്ടനാ. അവന്റെ തലേൽ കളിമണ്ണാ."

വിദ്യാഭ്യാസമില്ലാത്ത മകനു കിട്ടിയ പെണ്ണ് കുലമഹിമയിൽ മറ്റു രണ്ടു മരുമക്കളുടെയും അടുത്തെത്തിയില്ല. അതുകൊണ്ടു തന്നെ അമ്മയുടെ സ്ഥാനം അടുക്കളക്കാരിയുടേതായിരുന്നു. അപ്പൂപ്പന്റെ എല്ലാ ചിട്ടകൾക്കും അനുസരിച്ചുള്ള കാര്യങ്ങൾ ചെയ്തു. വിദേശത്തുള്ളവർ വന്നാൽ പിന്നെ പെരുന്നാളിന്റെ ബഹളമാണ്. അമ്മയുടെ വിശ്രമമില്ലാത്ത പണി അന്ന് തന്നെ കുറേ വിഷമിപ്പിച്ചിട്ടുണ്ട്. പക്ഷേ, അപ്പച്ചന്റെ പെട്ടെന്നുള്ള മരണം വലിയൊരു പരീക്ഷണമായിരുന്നു. തറവാട് തങ്ങൾക്കല്ല എന്നതിനാൽ കൈയിൽ വച്ചുതന്ന കുറെയധികം രൂപയും നെഞ്ചോടു ചേർത്ത് പടിയിറങ്ങി. അമേരിക്കയിൽനിന്നു ജോസിളയപ്പൻ വന്നെന്നും വീടും വിറ്റെന്നും സ്ഥലമൊക്കെ പ്ലോട്ടാക്കി വിൽക്കുന്നെന്നും അപ്പൂപ്പനും അമേരിക്കയിലേക്കു പോകുന്നുവെന്നും കേട്ടു.

"എന്തായാലും കാർന്നോർ കാണിച്ചത് വലിയ ചതിയായിപ്പോയി. എല്ലാം അമേരിക്കക്കാർക്കു കൊടുത്തല്ലോ. റോസയ്ക്കും മകൾക്കും ആകെ കൊടുത്തത് അഞ്ചുലക്ഷം രൂപയാ." നാട്ടുകാർ അടക്കം പറഞ്ഞു.

പക്ഷേ, വീടുവിട്ടിറങ്ങിയതിനുശേഷമുള്ള ജീവിതമാണ് എന്നെ ഞാനാക്കിയത്. അമ്മ ആരുടെ മുമ്പിലും കൈനീട്ടിയില്ല. നന്നായി അധ്വാനിച്ചു ജീവിച്ചു. തയ്യൽക്കാരിയായി, കോഴിവളർത്തലായി, മഹിളാപ്രധാൻ ഏജന്റായി. എന്തായാലും ഒരിക്കലും പട്ടിണി കിടക്കേണ്ടി വന്നിട്ടില്ല.

പലപ്പോഴും അമ്മയുടെ സ്കൂട്ടറിനു പിറകിലിരുന്നു പോകുമ്പോൾ അമ്മയെ ഓർത്ത് അഭിമാനം തോന്നി. അമ്മയ്ക്കു താങ്ങാകണമെന്ന ആഗ്രഹമാണ് ഡിഗ്രി കഴിഞ്ഞപ്പോഴെ പത്രത്തിലെത്തിച്ചത്.

ഇനിയത് അപ്പൂപ്പൻതന്നെയാകുമോ? മനസ്സിലുള്ള ഉഗ്രപ്രതാപിയുടെ ചിത്രവുമായി ഒത്തുപോകുന്നില്ല പത്രത്താളിലെ ആ ദയനീയചിത്രം.

എങ്കിലും പറഞ്ഞുകേൾക്കുന്ന സ്ഥലമൊക്കെ ഏതാണ്ടിതുതന്നെ. എയർപോർട്ടിൽ വന്നിറങ്ങി വെറുതേ ചുറ്റിത്തിരിയുകയായിരുന്നത്രേ. തോളത്തു ചേർത്തു പിടിച്ച് ബാഗിലെ ഡയറിയിലെ ഫോൺ നമ്പറിൽ വിളിച്ചിട്ടു മറുപടിയില്ലത്രേ.

പത്രം വായിച്ചപ്പോൾ അമ്മയുടെ കണ്ണുനിറഞ്ഞു. "മോളൊന്നു പോയിനോക്ക്. അമ്മൂമ്മയുടെ മരണശേഷം ഞാനെത്ര വെച്ചു വെളമ്പിയതാ. മോളൊന്നു പോയി നോക്ക്."

"അതാണ് കഥാനായകൻ. അകലേക്കു മിഴിയും നട്ടൊരിരിപ്പാണ്. ഓർമയൊക്കെ പോയെന്നു തോന്നുന്നു. കുട്ടി പോയി കണ്ടോളൂ."

പതിയെ മുറിയിലേക്കു കടന്നുചെന്നു. വാർദ്ധക്യത്തിന്റെ ക്ലാവുപിടിച്ച മുറി. എണ്ണമെഴുക്കു പിടിച്ച കട്ടിൽപ്പടിയിൽ പിടിച്ചിരിക്കുന്ന അദ്ദേഹത്തിന്റെ മുഖത്തേക്കു നോക്കി. എന്തു ചോദിക്കും. അവളാലോചിച്ചു.

"അപ്പൂപ്പനെന്നെ മനസ്സിലായോ?"

മറുപടി പകച്ച നോട്ടം മാത്രം.

മേശയിലിരുന്ന പഴയ പുറംചട്ടയുള്ള ഡയറി ഒന്നു മറിച്ചു നോക്കി.

കുറെ ഫോട്ടോകൾക്കിടയിൽനിന്നു പരിചിതമായൊരു ചിത്രം. താനും അപ്പച്ചനും അമ്മയും...

"ദൈവമേ, അപ്പൂപ്പന്റെ ബോധതലങ്ങളിൽ തങ്ങളുമുണ്ടായിരുന്നോ. ബോധാവബോധത്തിന്റെ താളക്കേടുകൾക്കിടയിലും ഇത് സൂക്ഷിച്ചുവച്ചെന്നോ...?"

കൗതുകത്തോടെ എല്ലാം നോക്കിനിന്ന ആ വയോധികനോടു പറഞ്ഞു:

"ഇതെന്റെ അപ്പൂപ്പനാണ്... ഞാൻ കൊണ്ടുപൊയ്ക്കോളാം..."

അപ്പോഴും വിദൂരത്തിലേക്കു കണ്ണുംനട്ട് ഒരേ ഇരിപ്പിരുന്നു അദ്ദേഹം... പത്രത്താളിലെപ്പോലെ...

# ഉയിർത്തെഴുന്നേല്പ്

പ്രൊഫ. എ.ടി. എബ്രാഹം വാളനാട്ട്

അനവദ്യസൂനകദംബങ്ങൾ മോടിയി-
ലണിയിട്ടിടും മലർവാടിയൊന്നിൽ
അനിതരളോഭാ നികേതനമാകുമൊ-
രഭിരാമ വല്ലരിയങ്കുരിച്ചു.
അതിനുടെ സ്ഥാനം ദുർഗതിയാലാ വനികയി-
ലകലെയായൊരു കോണിലായിരുന്നു.
അതുമൂലമെത്രയുമഴകാർന്ന സാന്നിദ്ധ്യ-
മറിയാതെ പലരും കടന്നുപോയി.
അവഗണിക്കപ്പെടട്ടിരുന്നേറെയെങ്കിലു-
മതിനൊട്ടും വൃദ്ധി കുറഞ്ഞതില്ല.
അഴകുമാരോഗ്യവുമവയവപുഷ്ടിയു-
മനുദിനമതിനേറി വന്നിരുന്നു.
തികവുറ്റ ലാവണ്യജനകങ്ങളാമേറെ
മുകുളങ്ങൾ ലതയിന്മേലങ്കുരിച്ചു.
അനുവേലം സകലവുമനുകൂലമായ് ഭവി-
ച്ചതികോമളാംഗിയായവൾ വളർന്നു.
ഋതുപിന്നെ മാറി മറിഞ്ഞതിൻശേഷ, മൊ-
രതികഠിനം ഗ്രീഷ്മകാലമെത്തി.
അരുണതാപത്തിലെരിഞ്ഞു തളർന്നിടും
ധരണിയെമ്പാടും വരണ്ടുപോയി.
പലവുരു വരികയായ് തോട്ടത്തിനുടമസ്ഥൻ
ജലസേചനാർത്ഥമപ്പൂവാടിയിൽ
ഇതു വെറുമൊരുകാട്ടുപള്ളയെന്നോർത്തുകൊ-
ണ്ടഭയമാവഴിയേ കടന്നുപോയാൽ
കതയിനിശേഷമെന്തോതുവാ? നാരെയും
കരയിക്കുമാറതു തളരുകയായ്.
കരിയാറായ്ത്തീർന്നൊരാ വല്ലരിയതിനുടെ
മരണത്തിൻ നിമിഷങ്ങളോടടുക്കെ
നിനയാതെ വന്നെത്തി രക്ഷനല്കാൻ ചില
യനുകൂലമാർഗ്ഗങ്ങളെങ്ങുനിന്നോ.
നിരമോലും നീല വിഹായസ്സിൽ നീരദ
നിരകൾ നിരന്നു നിറഞ്ഞിതെങ്ങും.
അതിരൂക്ഷതാപം വിതച്ചൊരാദുരിതത്തി-
നറുതിയായ്, വർഷം സമാഗതമായി.
ധരയാകെയാശ്വാസ നെടുവീർപ്പുതീർത്തപോ-
ലൊരു നവ്യചലനമെമ്പാടുമുണ്ടായ്.
കുളിരിളം തെന്നലടിച്ചു, സന്ധ്യാവലി-
യിളകിമധുസ്മിത വദനരായി.
തരുനിരപൂത്തു സുമങ്ങൾ വിടർന്നു ഹാ!
ധരയാകെയുത്സവലഹരിയിലായ്
ഇലയും തൊലിയുമെഴാതെ കരിഞ്ഞങ്ങു
നീലമടിയാറായാ ലതയിലെങ്ങും
തളിരും ദലവും ഫലങ്ങളുമോമൽപ്പൂ-
ങ്കുലകളും മന്ദം ജനിക്കുകയായ്.
അവസാനമായ പോൽ തോന്നിച്ചൊരാവല്ലി
നവകാന്തിയോടേയുയിർത്തെണീറ്റു
ഇനിയൊരുനാളും ക്ഷയിക്കുകില്ലാത്തപോ-
ലനുപമമായൊരു കാന്തി നേടി.
ചെറിയൊരപ്പൂന്തോപ്പിന്നുടമസ്ഥനല്പവും
കരുണ കാട്ടാതെ കടക്കുകിലും
മഹിയാകുമീ വിശാലരാമനാഥനാം
സകലേശൻ സേചനം ചെയ്യുന്നെല്ലാം.
മരണത്തിൽ ശക്തിക്കു കീഴ്പ്പെടാതേവമീ
ലതയെപ്പോൽ ശക്തരാകാം നമുക്കും.

# ജനിച്ചയുടൻ കുട്ടികൾക്ക് കേൾവിപരിശോധന ആവശ്യമോ?

ആരോഗ്യവീഥി





ജിസ്മ റോസ് ജോർജ്

**കേ**ൾവിത്തകരാർ പ്രധാനപ്പെട്ട ഒരു ആരോഗ്യപ്രശ്നമാണ്. കുട്ടികളുടെ മാനസികവും ശാരീരികവുമായ വളർച്ചയെ വലിയ രീതിയിൽ ബാധിക്കുന്നതാണിത്. ലോകാരോഗ്യസംഘടനയുടെ കണക്കനുസരിച്ചു മനുഷ്യന് ഏറ്റവും കൂടുതലായി നഷ്ടപ്പെടുന്ന ഇന്ദ്രിയശക്തി കേൾവിയാണ്. ലോകജനസംഖ്യയുടെ അഞ്ചു ശതമാനത്തോളം കേൾവിനഷ്ടംമൂലം ബുദ്ധിമുട്ടനുഭവിക്കുന്നുണ്ടെങ്കിലും ചികിത്സയിൽ ഇതിനു വളരെ താഴ്ന്ന സ്ഥാനമാണു ലഭിക്കുന്നത്. മുൻകാലങ്ങളിൽ കേൾവിപരിശോധനയ്ക്കു കുഞ്ഞുങ്ങൾ ശബ്ദങ്ങളോടു പ്രതികരിക്കാറാവുന്നതുവരെ കാത്തിരിക്കേണ്ടിവരുമായിരുന്നെങ്കിൽ, ഇന്ന് ജനിച്ച് ദിവസങ്ങൾക്കുള്ളിൽത്തന്നെ പരിശോധനകൾ സാധ്യമാണ്. നവജാതശിശുക്കളിൽ നടത്തുന്ന ഈ പരിശോധനകൾ സുരക്ഷിതവും ലളിതവും വേദനരഹിതവുമാണ്. കൂടാതെ, കേൾവിക്കുറവുള്ള കുട്ടികളിൽ, ഈ പരിശോധനകൾ അവരുടെ ഭാവിയിൽ വളരെ നിർണായകമായ മാറ്റങ്ങൾ സാധ്യമാക്കുന്നവയാണ്. ഒന്നാം മാസത്തിനുള്ളിൽ പരിശോധന, മൂന്നാം മാസത്തിനുള്ളിൽ പ്രശ്നനിർണയം, ആറാം മാസത്തിനുള്ളിൽ ഇടപെടൽ എന്നതാണ് അത്യുത്തമം.

തക്കസമയത്ത് കണ്ടുപിടിക്കപ്പെടാതെ പോകുന്ന ചെറിയ കേൾവിത്തകരാറുകൾ സംസാരത്തിലെ വ്യക്തതയെയും അക്ഷരസ്ഫുടതയെയും ബാധിക്കുമ്പോൾ, പൂർണമായുള്ള കേൾവിക്കുറവ് സംസാരിക്കാനുള്ള കഴിവിനെത്തന്നെയും ബാധിക്കും. ഈ കുറവുകൾ കൊണ്ട് അവർ മറ്റുള്ള കുട്ടികളിൽനിന്ന് ഒറ്റപ്പെടുന്നതായും പലതരത്തിലുള്ള പെരുമാറ്റവൈകല്യങ്ങൾക്കു കാരണമാകുന്നതായും കണ്ടുവരുന്നു. ഇതിനെല്ലാം ഒരു പരിഹാരമെന്നോണം ജനിക്കുന്ന എല്ലാ കുട്ടികളിലും ഹിയറിങ് സ്ക്രീനിങ് (OAE) നടത്തുകയും അതിൽ എന്തെങ്കിലും സൂചനകൾ കണ്ടെത്തുന്നപക്ഷം വിശദമായ കേൾവിപരിശോധനകൾ (BOA, BERA, ASSR) നടത്തി കേൾവിക്കുറവിന്റെ അളവ് കണ്ടെത്തുകയും ചെയ്യും. ജനനത്തിനുശേഷം ഏതു പ്രായത്തിലും കേൾവിക്കുറവ് (acquired hearing loss/progressive hearing loss) തുടങ്ങാം എന്നതിനാൽ ജനിച്ചയുടനുള്ള കേൾവിപരിശോധനയിൽ പ്രശ്നങ്ങൾ ഇല്ലെങ്കിലും കുട്ടികളുടെ കേൾവിശക്തിയിൽ മാറ്റങ്ങൾ വന്നേക്കാം എന്ന് മാതാപിതാക്കൾ അറിഞ്ഞിരിക്കേണ്ടതാണ്. സംശയം തോന്നുന്നപക്ഷം ഒരു ഓഡിയോളജിസ്റ്റിന്റെ സഹായം തേടേണ്ടതുമാണ്.



കേൾവിക്കുറവ് പ്രധാനമായും മൂന്നു തരത്തിലുണ്ട്:

1. ബാഹ്യകർണത്തെയോ മദ്ധ്യകർണത്തെയോ ബാധിക്കുന്നത് (Conductive Hearing Loss).

2. ആന്തരകർണത്തെ ബാധിക്കുന്നത് (Sensory neural Hearing Loss).

3. മദ്ധ്യകർണത്തെയും ആന്തരകർണത്തെയും ഒന്നിച്ചു ബാധിക്കുന്നത് (Mixed Hearing Loss).


കേൾവിക്കുറവിന്റെ സ്വഭാവത്തിനും തോതിനും അനുസരിച്ചാണ് ശ്രവണസഹായികളോ (Hearing Aids), കോക്ലിയർ ഇംപ്ലാന്റുകളോ (Cochlear Implants) നിർദേശിക്കുക. ചെറിയൊരു മെഡിക്കൽ ഇലക്ട്രോണിക് ഉപകരണമാണ് കോക്ലിയർ ഇംപ്ലാന്റ്. ചെവിക്കുള്ളിലെ കേടായ ഭാഗത്തിനു പകരമായി ഇതു പ്രവർത്തിക്കുന്നു. ശ്രവണസഹായികൾ ശബ്ദങ്ങളുടെ തീവ്രത വർദ്ധിപ്പിക്കുമ്പോൾ, കോക്ലിയർ ഇംപ്ലാന്റ് ചെവിയുടെ ഉൾവശത്തെ കേടായ സെല്ലുകളെ മറികടന്ന് ശബ്ദസൂചികൾ കേൾവിഞരമ്പുകൾവഴി തലച്ചോറിലേക്കു നൽകുകയാണു ചെയ്യുന്നത്. ഇതു കേൾവി സുഗമമാക്കുന്നു.

ശ്രവണസഹായി അല്ലെങ്കിൽ കോക്ലിയർ ഇംപ്ലാന്റിനൊപ്പം കുട്ടികളുടെ സംസാരശേഷി വികസനത്തിനാവശ്യമായ സേവനങ്ങളും (Auditory Verbal Therapy) കുടുംബത്തിനു ലഭ്യമാക്കുന്നു. സ്വന്തമായി തീരുമാനങ്ങൾ എടുക്കാൻ പ്രാപ്തിയില്ലാത്ത പ്രായത്തിൽ കുട്ടികൾക്കുവേണ്ടി മാതാപിതാക്കൾ തീർച്ചയായും എടുത്തിരിക്കേണ്ട ഒരു കരുതലാണ് ഈ പരിശോധനകൾ.

*ലേഖിക പാലാ മാർ സ്ലീവാ മെഡിസിറ്റിയിലെ ഇ.എൻ.ടി. & ലാറിനോളജി വിഭാഗം ക്ലിനിക്കൽ ഓഡിയോളജിസ്റ്റ് & സ്പീച്ച് ലാംഗേജ് പാത്തോളജിസ്റ്റാണ്.*

# സോഷ്യൽ മീഡിയയിൽ ജീവിതം തളയ്ക്കുമ്പോൾ

പ്രണയപാഠാവലി



ഡോ. ആന്റണി ജോസ്

78

**ചോ**ദ്യം, ഉത്തരം, പ്രതികരണം ഇവയ്ക്കെല്ലാം സോഷ്യൽ മീഡിയയിൽ നൂതന സങ്കേതങ്ങളുണ്ട്. നമ്മുടെ വിരൽസ്പർശത്തിനായി കാത്തിരിക്കുകയാണ് ഇമോജികൾ. നേരിട്ടു കണ്ടാൽ മിണ്ടാത്തവർകൂടി ഇമോജികൾ അയച്ച് സ്മാർട്ടാകും. സർഗാത്മകതയുടെ അടയാളപ്പെടുത്തലുകളായി ഇവയെ കാണുന്നതിൽ തെറ്റൊന്നുമില്ല. എന്നാൽ, ഒളിവിൽ തുടർന്നുകൊണ്ടു സാമൂഹികവിഷയങ്ങളിൽ ഇടപെടുന്ന ഒരു പ്രവണത രൂപപ്പെടുന്നുണ്ടോയെന്നു തിരിച്ചറിയണം. ആശയവിനിമയത്തിന്റെ നിറവെന്നത്, കണ്ണ് കണ്ണിനോടും ഹൃദയം ഹൃദയത്തോടും സംവദിക്കുന്നിടത്താണല്ലോ സംഭവിക്കുക. ഹൃദയശൂന്യവും മിഴികൾ സംസാരിക്കാത്തതുമായ 'വാടകചിഹ്ന'ങ്ങൾക്കതിനു കഴിയുന്നുണ്ടോ?

പങ്കാളി പ്രവാസിയായിരിക്കേ, ദമ്പതിമാർക്കിടയിൽ ഇമോജികൾ പറന്നിറങ്ങുന്നു. തിരക്കോടു തിരക്കല്ലേ. എങ്കിലും, വിളിക്കാനും സംസാരിക്കാനുമുള്ള ഒരു സാധ്യതയും വിട്ടുകളയാൻ പാടില്ല. വിരസത, കടമനിർവഹിക്കലിനു വഴിയൊരുക്കാം. പ്രണയത്തിനുമേൽ നിഴൽ വീഴാതെ നോക്കേണ്ടതു സ്വന്തം ഉത്തരവാദിത്വമാണ്.

നിഷ്കളങ്കവും നിർദോഷവുമായ ഇമോജികളുമായി ചില നവാഗതർ കടന്നുവരാം. അവർ കലാലയസുഹൃത്തുക്കളോ പഴയ പരിചയക്കാരോ ആകാം. അത്തരം പോസ്റ്റുകളിലെ ഗൃഹാതുരത്വം, ദാമ്പത്യവിശ്വസ്തതയുടെ ശക്തിദുർഗങ്ങളിൽപ്പോലും വിള്ളൽ വീഴ്ത്തിക്കൂടായ്കയില്ല. ആത്മാർത്ഥതയുടെ ആട്ടിൻതോലിനുള്ളിൽ രക്തദാഹികളായ ചെന്നായ്ക്കളുണ്ടോ എന്നറിയാനുള്ള വിവേകം നമുക്കുണ്ടാകണം.

അഭിമുഖം സംവദിക്കേണ്ടതിന്റെ പ്രസക്തി എത്രയോ വലുതാണ്. അവിടെ കാപട്യങ്ങൾക്ക് അധികം പിടിച്ചുനില്ക്കാനാവില്ല. ഒന്നല്ലെങ്കിൽ മറ്റൊരു വിധത്തിൽ അത് വെളിച്ചത്തുവരാം. കാരണം, ഒരാൾ കോറിയിട്ട ചിത്രമല്ല നാം കാണുക. ആ വ്യക്തിയെ അയാളുടെ സ്വത്വത്തോടുകൂടിയാണ് നാം സ്വീകരിക്കുക.

വാസ്തവവിരുദ്ധവും അതിശയോക്തി കലർന്നതുമായ വിവരണങ്ങളുടെ പ്രചരിപ്പിക്കലാണ് മറ്റൊന്ന്. ഡിജിറ്റൽ സാങ്കേതികവിദ്യയ്ക്ക് ഇല്ലാത്ത ഒന്നിനെ, ഉള്ളതാക്കി മാറ്റാൻ നിമിഷങ്ങൾ മതി. ചിത്രങ്ങളും വീഡിയോകളും ഇപ്രകാരം വളച്ചൊടിക്കപ്പെടാറുണ്ട്. ചതിയും ക്രൂരതയും ആധുനികലോകത്തിന്റെ മുഖമുദ്രയാണെന്നു സ്ഥാപിക്കുന്ന വിധത്തിലാണ് പലതിന്റെയും ഉള്ളടക്കം. അതിനർത്ഥം ഇവിടെ മാവേലിനാടാണെന്നൊന്നുമല്ല. എന്നാൽ, നന്മ കണികാണാനില്ല എന്നൊരു സന്ദേശം വ്യാപിക്കാനിടയാക്കും. പ്രതീക്ഷയില്ലായ്മയും മരവിപ്പും മനോഭാവത്തെ ഉടച്ചുവാർക്കാം. ചെറിയ ചെറിയ കുടുംബപ്രശ്നങ്ങളിൽപ്പോലും ഭഗ്നാശരായിപ്പോകുന്നു ഇന്നു ദമ്പതിമാർ.



പോൺ മാധ്യമങ്ങൾ കുത്തിനിറയ്ക്കുന്ന അസത്യങ്ങളും അതുണ്ടാക്കുന്ന മനോവൈകല്യങ്ങളും ചില്ലറയല്ല. ഒരു ശരാശരിക്കാരന്റെ ലൈംഗികാവബോധം, ഇത്തരം വികൃതസാഹിത്യത്തിൽനിന്നുകൂടി ആർജിച്ചിട്ടുള്ളതാണെങ്കിൽ, അവന്റെ ദാമ്പത്യജീവിതത്തിൽ പ്രണയത്തിനെന്തു സ്ഥാനമായിരിക്കും ഉണ്ടാകുക? അതിനെ അയാളുടെ ശവമഞ്ചത്തിൽനിന്നുപോലും പറിച്ചെറിയാനാകുമോ?

ആഗ്രഹിക്കുന്നവിവരം, നൊടിയിടയിൽ തോണ്ടിയെടുക്കാൻ കഴിയുന്നു. അങ്ങനെ ഫോണും നമ്മളും സ്മാർട്ടായിക്കൊണ്ടിരിക്കുന്നു. ഇത് ക്ഷമയോടെ കാത്തിരിക്കാനുള്ള മനുഷ്യോചിതമായ ഗുണത്തെ തെല്ലൊന്നുമല്ല ബാധിച്ചിരിക്കുന്നത്. ചെറുതായി പരിഭവിച്ച ഭാര്യയ്ക്കായി ഒന്നോ രണ്ടോ മണിക്കൂർ കാത്തിരിക്കാനാവുന്നില്ല. എന്തുപറ്റിയെന്നു സ്നേഹത്തോടെ ചോദിക്കാൻ ക്ഷമയും സാവകാശവുമില്ല. ചീത്തവിളിയും കയ്യാങ്കളിയുമായി. പങ്കാളി 'ഡിജിറ്റൽ' ആയി പെരുമാറിയാൽ വഴക്കൊഴിവാക്കാം എന്നായിരിക്കുന്നു സ്ഥിതിവിശേഷം!

ഇന്ന് പലരും ആസ്വദിച്ചു മടുത്തവരായിട്ടുണ്ട്. നവരസങ്ങളിൽ ഏതുവേണമെങ്കിലും വിളമ്പിത്തരുന്ന ദശലക്ഷക്കണക്കിനു വീഡിയോകൾ, കാല-ദേശഭേദമില്ലാതെ സോഷ്യൽ മീഡിയയിൽ ലഭ്യമാണ്. ജഗതിയുടെ പ്രസിദ്ധമായ കോമഡിസീനുകൾ, ഏത്ര വേണമെങ്കിലും നമുക്കു കാണാൻ കിട്ടും. മണിക്കൂറുകൾ അതും നോക്കിയിരിക്കാം. എന്നാൽ, ഒരു മുഴുനീളസിനിമയിൽ, അഞ്ചോ പത്തോ മിനിട്ടു മാത്രമുള്ളതാണെങ്കിൽക്കൂടി, അദ്ദേഹത്തിന്റെ ഫലിതപ്രകടനം നല്കുന്ന ആസ്വാദനം അതിലുമേറെയല്ലേ? തനിക്കിഷ്ടമുള്ളതുമാത്രം, മതിവരുവോളം ഉപയോഗിക്കണമെന്ന, പരിധിവിട്ട ഇന്ദ്രിയാഭിവാഞ്ഛ കുടുംബജീവിതത്തിന്റെ ഭദ്രതയ്ക്ക് ഒട്ടും നന്നല്ല, ഇഷ്ടങ്ങളും അനിഷ്ടങ്ങളും ഒരുമിക്കുന്നിടത്തല്ലേ ആസ്വാദനത്തിനു ചാരുതയുണ്ടാകൂ. പങ്കാളിയുടെ നന്മകളിൽ വിരസതയോ മടുപ്പോ തോന്നിത്തുടങ്ങിയാൽ പകരം വയ്ക്കാവുന്ന സന്തോഷം ഏതു കമ്പോളത്തിലാണു വാങ്ങാൻ കിട്ടുക?

അതിരുകടന്ന ആത്മാവിഷ്കാരപ്രവണത, സോഷ്യൽ മീഡിയ അഡിക്ടായിട്ടുള്ളവരിൽ കാണുന്നുണ്ട്. അതു പലപ്പോഴും പരിഹാസ്യവും ആത്മഹത്യാപരവുമായി മാറുന്നു. എന്തിനെയും വൈറലാക്കി മാറ്റാനുള്ള പെടാപ്പാടിലാണ് നാം. അതിന് മൊബൈൽ ക്യാമറയുമായി ചാൻസ് നോക്കിയിരുപ്പാണ്. ആർക്കെങ്കിലും ഒരു അക്കിടി പറ്റണേയെന്നാണു പ്രാർത്ഥന. അത് അച്ഛനോ അമ്മയ്ക്കോ പങ്കാളിക്കോ കൈക്കുഞ്ഞിനോ ആയിക്കൊള്ളട്ടെ, ഉടൻ വീഡിയോ എടുക്കുന്നു, പോസ്റ്റ് ചെയ്യുന്നു. ഇതിനിടയിൽ നാം മറന്നുപോകുന്ന ഒരു പ്രധാന കാര്യമുണ്ട്. നാം മറ്റുള്ളവരുമായി ഹൃദയങ്ങൾ പങ്കുവച്ച മുഹൂർത്തങ്ങൾ, നമുക്കെത്രയെണ്ണം ഓർമിക്കാനുണ്ട്? ക്യാമറാക്കണ്ണുകൾ ഓഫാക്കിയിരിക്കുമ്പോൾ പങ്കാളിക്കൊപ്പം പ്രണയത്തിന്റെ സൗരഭ്യം ആസ്വദിക്കാനാകുന്നുണ്ടോ?

സാമൂഹികമാധ്യമങ്ങളെ നമ്മൾ ആയിരിക്കണം നിയന്ത്രിക്കേണ്ടത്. അവ നമ്മളെയാകരുത്. അതു മുന്നോട്ടു വയ്ക്കുന്ന മുഴുവൻ നന്മകളും സാധ്യതകളും അങ്ങനെ മാത്രമേ നമ്മിലെത്തിച്ചേരൂ. ■

# ചൈനയിലെ തൂണുകളില്ലാത്ത ജലപാത



സാംസൺ പാലാ

യാത്ര

**ലോ**കത്തിൽ അനേകതരത്തിലുള്ള അതിശയകാഴ്ചകൾ വിരിയിച്ച് നമ്മെ അദ്ഭുതപ്പെടുത്തിയിട്ടുള്ള ചൈനയിലെ വേറിട്ട ഒരു കാഴ്ചയാണ് ജലത്തിൽ പൊങ്ങിക്കിടക്കുന്ന സഞ്ചാരയോഗ്യമായ ജലറോഡ്. 'ഫ്ളോട്ടിങ് റോഡ്' എന്നറിയപ്പെടുന്ന ഈ ജലപാത, ചൈനയുടെ തെക്കു പടിഞ്ഞാറൻ പ്രവിശ്യയായ ഹുബെയിലെ ഹരിതനഗരമായ എൻഷി എന്ന പ്രദേശത്തു സ്ഥിതിചെയ്യുന്നു. പ്രകൃതി കനിഞ്ഞുനൽകിയ അതിമനോഹരമായ, പച്ചപ്പു വിരിച്ച രണ്ടു പർവതനിരകൾക്കിടയിലെ താഴ്‌വരയിൽക്കൂടി ഒഴുകുന്ന ഷിൻഷിനദിയിലാണ് തടികൊണ്ടുള്ള ചലിക്കുന്ന ഈ ജലപാത നിർമിച്ചിരിക്കുന്നത്. 1640 അടി നീളവും (500 മീറ്റർ) 15 അടി വീതിയുമുള്ള (4.5 മീറ്റർ) ഈ പാലത്തിൽക്കൂടി ഒരേസമയം പതിനായിരം പേർക്ക് നടന്നുനീങ്ങാം. പ്രകൃതിസൗന്ദര്യം ആസ്വദിക്കാനും സായാഹ്നസവാരിക്കും എത്തുന്ന നിരവധി പേരെ ഇവിടെക്കാണാം. വെള്ളച്ചാട്ടങ്ങളും വലിയ മലയിടുക്കുകളുമുള്ള ഈ സ്ഥലം ഏതൊരു സന്ദർശകനെയും ആകർഷിക്കും. ഓളപ്പരപ്പിൽ പൊങ്ങിക്കിടക്കുന്ന ഈ പാലത്തിൽക്കൂടി വാഹനങ്ങൾ കടന്നുപോകുമ്പോൾ ഇരുവശത്തും ഓളങ്ങളിളകുന്നതും പാലത്തിന്റെ കൈവരികളുൾപ്പെടെ പൊങ്ങിത്താഴുന്നതും ഒരു പ്രത്യേക കാഴ്ചയാണ്. ഈ സമയം പാലവും യാത്രക്കാരും ഓളത്തിനൊപ്പം ചെറുതായി ഇളകിയാടിക്കൊണ്ടിരിക്കും.

തൂണുകളൊന്നുമില്ലാതെ ജലോപരിതലത്തിൽ പൊങ്ങിക്കിടക്കുന്ന ഈ പാലത്തിൽക്കൂടി നടക്കുന്നത് രസവും ഒപ്പം ഭീതിജനകവുമാണ്. പാലത്തിന്റെ ഇരുവശങ്ങളിലും ഉയർന്നു നിൽക്കുന്ന വൻമലകൾ അദ്ഭുതക്കാഴ്ചയാണ്. യാത്രയ്ക്കിടയിൽ ഓളംവെട്ടുമ്പോൾ അടുത്തുനിൽക്കുന്ന മരങ്ങളുടെ ചില്ലകളിലും ഇലകളിലും സ്പർശിക്കാം. പടർന്നു നിൽക്കുന്ന മരച്ചില്ലകളിൽ ചേക്കേറിയിരിക്കുന്ന ചൈനീസ് ഫെസന്റ് (ഗോൾഡൻ ഫെസന്റ്) എന്ന അതിമനോഹരമായ, ബഹുവർണപ്പക്ഷികളെയും മറ്റു ചെറുപക്ഷികളെയും അങ്ങിങ്ങായി കാണാം.

2016 ലാണ് സന്ദർശകർക്കായി ഈ പാലം തുറന്നുകൊടുത്തത്. ആദ്യകാലങ്ങളിൽ നടപ്പാത മാത്രമായിരുന്ന ഈ പാലത്തിൽ മാസങ്ങൾക്കുശേഷമാണ് ചെറുവാഹനങ്ങൾ സഞ്ചരിക്കുവാൻ അനുമതി നൽകിയത്. നല്ലൊരു ടൂറിസ്റ്റ് കേന്ദ്രംകൂടിയായ എൻഷിയിൽ, ഗ്രാന്റ് കാനിയൻ, ടെൻഗ്ലോങ് ഗുഹ തുടങ്ങി നിരവധി കാഴ്ചകളുണ്ട്. ഹുബെയിൽ നിന്ന് നാലര മണിക്കൂർ റോഡുമാർഗം യാത്രചെയ്താൽ 345 കിലോമീറ്റർ ദൂരമുള്ള എൻഷിയിലെത്താം. മൂന്നു മണിക്കൂർ ഇടവിട്ട് ട്രെയിൻ സർവീസുമുണ്ട്. രണ്ടര മണിക്കൂർ സമയത്തെ ഈ യാത്രയുടെ ടിക്കറ്റ് ചാർജ്, ഓരോ ക്ലാസ്സനുസരിച്ച് ചൈനീസ് നാണയമായ 160 മുതൽ 350 യുവാൻ വരെ വരും. (1700 മുതൽ 3500 രൂപവരെ) നിരവധി ടൂറിസ്റ്റുകൾ നിത്യേന ഇവിടം സന്ദർശിക്കുന്നു. ചൈനയുടെ വിസ്മയക്കാഴ്ചകളുടെ പട്ടികയിൽ ഒരു പൊൻതൂവൽകൂടിയാണ് ഈ നിർമിതി. ■



**സ്വപ്നഭവനം നിർമിക്കുന്നതിന്**

വാസ്തുശാസ്ത്രപ്രകാരം പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി, വീടുകളും കെട്ടിടങ്ങളും നിർമിക്കുന്നതിന്

VASTHU CONSTRUCTIONS
(Designers & Contractors)
Ammanchery, Kottayam
Mob: 9544747941

പ്രകൃതിക്കൊരു പുനർവായന

# പരിസ്ഥിതിയുടെ ദർശനം



മാത്യു എം. കുര്യാക്കോസ്

ആഗോളതലത്തിൽത്തന്നെ ഈ കാലഘട്ടത്തിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ് പരിസ്ഥിതി. എന്താണ് പരിസ്ഥിതി മുന്നോട്ടുവയ്ക്കുന്ന ദർശനം? കടലൂർ സോമൻ എന്ന കവിയുടെ വാക്കുകൾ ശ്രദ്ധിക്കാം:

ഇക്കാണായ മണ്ണെല്ലാം
നിന്റപ്പന്റെ സ്വന്താണെന്നവകാശപ്പെടുമ്പോൾ,
ഇമ്മണ്ണിലെ മരമെല്ലാം
നിന്റേതാണെന്നാക്രോശിക്കുമ്പോൾ,
ഇമ്മരത്തിലെ പഴമെല്ലാം
നിന്റെ കുഞ്ഞിനു മാത്രമാണെന്നാവർത്തിക്കുമ്പോൾ,
കേൾക്കാൻ രസമുണ്ട്... പക്ഷേ,
രസച്ചരട് പൊട്ടിപ്പോകും
ഭൂമിയെ നീയല്ല; നിന്നെ ഭൂമിയാണ്
കൈവശം വച്ചിരിക്കുന്നതെന്ന്
മണ്ണോ, വെണ്ണീറോ
ആയിത്തിരുംമുമ്പറിയുന്ന നിമിഷം.

അപ്പോൾ, അതാണ് പരിസ്ഥിതിയുടെ ദർശനം! 'ഭൂമിയെ നീയല്ല; നിന്നെ ഭൂമിയാണു കൈവശം വച്ചിരിക്കുന്നത്' എന്നത്. 21-ാം നൂറ്റാണ്ടിൽ, ഇങ്ങനെയൊരു കവി പറഞ്ഞപ്പോൾ അറിഞ്ഞതല്ല ഈ സത്യം. മഹാമനീഷികളായ ആളുകൾ ഓരോ കാലഘട്ടത്തിലും ഈ സത്യം നമ്മെ ഓർമ്മപ്പെടുത്തിയിരുന്നു.

1854 ൽ അമേരിക്കയിൽ നിരക്ഷരനായൊരു ഗോത്രവർഗതലവൻ പറഞ്ഞ വർത്തമാനം, ഇന്ന് കുട്ടികൾക്കു പാഠപുസ്തകങ്ങളിൽ പഠിക്കാനുള്ള അതിപ്രശസ്തമായ ഒരു പ്രസംഗമായി വന്നിട്ടുണ്ട്. തങ്ങളുടെ ഭൂമി കൈവശപ്പെടുത്താനെത്തിയ അമേരിക്കൻ ഭരണകൂടത്തോട് സുഖാമിഷ് വംശജനായ ചീഫ് സിയാറ്റിൽ പറഞ്ഞ വാക്കുകളാണത്. "ഞങ്ങൾ ഈ ഭൂമി നിങ്ങൾക്കു വിട്ടുതന്നില്ലെങ്കിൽ തോക്കുകളുമായി വന്ന് നിങ്ങളീ ഭൂമി കൈവശപ്പെടുത്തുമെന്നു ഞങ്ങൾക്കറിയാം. എന്നാൽ, എന്റെ ജനം ചോദിക്കുന്നു: പ്രാണവായുവിനെ ഒരാൾക്കെങ്ങനെ വാങ്ങാനും വിൽക്കാനുമാകും? ഈ കാറ്റിന്റെ സുഗന്ധവും ജലത്തിന്റെ ശോഭയും ഞങ്ങൾക്കു സ്വന്തമല്ലെങ്കിൽ നിങ്ങൾക്കതെങ്ങനെ വാങ്ങാനാകും? ഇവിടെ പറക്കുന്ന പരുന്തും ഓടുന്ന മാനും ഞങ്ങളുടെ സഹോദരങ്ങളാണ്. ഈ പുഴയിലെ ജലം ഞങ്ങളുടെ പൂർവികരുടെ രക്തമാണ്. അത് ഞങ്ങളുടെ കുഞ്ഞുങ്ങൾക്കു കുടിക്കാനുള്ള ജലവും കഴിക്കാനുള്ള മീനുകളെയും നല്കുന്നു. ഈ വായു ഞങ്ങൾക്കതിവിശിഷ്ടമാണ്. അത് അതിന്റെ ആത്മാവിനെ എല്ലാ ജീവജാലങ്ങളുമായി പങ്കുവയ്ക്കുന്നു. ഇങ്ങനെ പറഞ്ഞുതുടങ്ങി അവസാനം സിയാറ്റിൽ അവർക്കു മുമ്പിൽ വയ്ക്കുന്ന ഒരു അപേക്ഷയുണ്ട്: ഞങ്ങൾ ഞങ്ങളുടെ കുഞ്ഞുങ്ങൾക്കു പറഞ്ഞുകൊടുക്കുന്ന ഒരു കാര്യം നിങ്ങൾ നിങ്ങളുടെ കുഞ്ഞുങ്ങൾക്കും പറഞ്ഞുകൊടുക്കുമോ? ഭൂമി അമ്മയാണെന്ന്... പറഞ്ഞവസാനിപ്പിക്കുന്നതിങ്ങനെയാണ്: "ഞങ്ങൾക്കൊന്നു മാത്രമറിയാം. ഭൂമി ഞങ്ങളുടേതല്ല; ഞങ്ങൾ ഭൂമിയുടേതാണെന്ന്."

പരിസ്ഥിതിയുടെ ലളിതമായ ദർശനം ചീഫ് സിയാറ്റിൽ പങ്കുവയ്ക്കുമ്പോൾ കാലാതിവർത്തിയായി ഈ ചോദ്യങ്ങൾ നമ്മുടെ മുമ്പിലും ഉയരുന്നുണ്ട്. ഏപ്രിൽ 22 - ഭൂമിദിനം. ഒരു ഭൂമിദിനവുംകൂടി നാം ആചരിക്കുമ്പോൾ പരിസ്ഥിതിയുടെ ഈ ദർശനം അത്രമേൽ സൗമ്യമായി, എന്നാൽ ശക്തമായി നമ്മുടെ ഹൃദയത്തിലേക്കു സ്വീകരിക്കാം. അഹന്ത വിട്ട് നമുക്കു പറയാം, ഭൂമിയെ ഞാനല്ല, എന്നെ ഭൂമിയാണ് കൈവശം വച്ചിരിക്കുന്നതെന്ന്. മലയാളി തന്റെ മനസ്സിൽ സുൽത്താനായി കൊണ്ടുനടക്കുന്ന ബഷീർ ഇക്കായുടെ 'ഭൂമിയുടെ അവകാശികൾ' എന്ന ചെറുനോവൽ നമുക്കു വായിക്കാം കൂട്ടുകാരേ. എലിയും പാമ്പും പാറ്റയും ഞാനും ഈ അണ്ഡകടാഹത്തിലാണെന്ന് അപ്പോൾ ബോധ്യമാകും.

(തുടരും)

# ഏഴരപ്പള്ളികളിലെ അരപ്പള്ളി എവിടെ?



ഡോ. സി. വെള്ളരിങ്ങാട്ട്

**അ**രുവിത്തുറ, ചേർപ്പുങ്കൽ എന്നിങ്ങനെ അരപ്പള്ളിക്കു സ്ഥാനം നിർണയിച്ച് മുമ്പ് എഴുതിക്കണ്ടിട്ടുണ്ട്. അവയൊന്നും ശരിയല്ല, കാരണം അതിനു വേണ്ടത്ര തെളിവുകളോ ചരിത്രപരതയോ ഇല്ല. എന്നാൽ പിന്നെയെവിടെ? തെക്കൻ തിരുവിതാംകൂറിലെ തിരുവിതാംകോട്ടുള്ള പുരാതന ദൈവാലയമാണ് അരപ്പള്ളി.

**അരപ്പള്ളിയുടെ സ്ഥാനം**

തിരുവനന്തപുരം - കന്യാകുമാരി എൻ.എച്ച്. 47 ൽ മാർത്താണ്ഡംകഴിഞ്ഞ് 8 കി.മീ. ചെല്ലുമ്പോൾ അഴകിയ മണ്ഡപം എന്ന സ്ഥലത്തെത്തും. അവിടന്നു വലത്തേക്കു തിരിഞ്ഞ് ഒന്നരകിലോമീറ്റർ പോയാൽ റോഡിന്റെ വലത്തുവശത്ത് പുരാതനമായ ഒരു ചെറിയ പള്ളി കാണാം. അതിനു നീണ്ട മോണ്ടളമുണ്ട്; മുമ്പിൽ കൽക്കുരിശും കൊടിമരവമുണ്ട്. ഇതെല്ലാം തിരുവിതാംകോട് എന്ന സ്ഥലത്താണ്.

കന്യാകുമാരി ജില്ല(തെക്കൻ തിരുവിതാംകൂർ)യിലെ കൽക്കുളം താലൂക്കിൽ, തക്കല നഗരത്തിനു തെക്ക്, പദ്മനാഭപുരം കൊട്ടാരത്തിനു തെക്കുപടിഞ്ഞാറുള്ള ഗ്രാമമാണ് തിരുവിതാംകോട്. ശ്രീവാഴുംകോട് അതായത് സൗഭാഗ്യദേവതയുടെ വാസസ്ഥലം; ഇതിൽനിന്നാണ് തിരുവിതാംകോട് എന്ന പേര് വരുന്നത്. ശ്രീ, തിരു ഈ പേരിൽ നിന്ന് തിരുവിതാംകൂർ എന്ന നാമം വന്നു. (കോട് = കോട്ട, പ്രദേശം.)

**വാക്കിന്റെ അർത്ഥം**

'അരപ്പള്ളി' എന്ന് കേരളീയരാണു കൂടുതലായി പറയുന്നത്. ആ നാട്ടുകാർക്ക് ഈ പേര് അത്ര പരിചിതമല്ല. അരപ്പള്ളി എന്ന് തിരുവിതാംകോടു പള്ളിക്കു പേരുവരാൻ ചില കാരണങ്ങളുണ്ട്. 1. തിരുവിതാംകോട് പള്ളി പണിയാൻ സ്ഥലം നൽകിയത് അരശ്-(രാജാവ്) ആണ്. അതുകൊണ്ട് ആ സ്ഥലത്തു നിർമിച്ച പള്ളിയെ അരശുപള്ളി എന്നു വിളിച്ചു. കാലക്രമേണ ആ പേരു ലോപിച്ച് അരപ്പള്ളി എന്നായി. 2. 'അര' എന്നാൽ ശ്രേഷ്ഠം, ഉന്നതം എന്നും അർത്ഥമുണ്ട്. കോട്ടമതിലുള്ള ഗൃഹമാണ് 'അരമന'. രാജാവ്, മെത്രാൻ തുടങ്ങിയ ഉന്നതരുടെ ഭവനത്തിന് അരമന എന്നു പറയുന്നു. ക്ഷേത്രങ്ങൾക്കും ചില കത്തോലിക്കാപ്പള്ളികൾക്കും ചുറ്റുമതിൽ ഉണ്ടായിരുന്നു. ഉദാ. രാമപുരം, മുളന്തുരുത്തി. (കുറവിലങ്ങാടുണ്ടായിരുന്നത് പിന്നീട് നീക്കപ്പെട്ടു.) 3. തിരുവിതാംകോട് ഒരു ക്രിസ്ത്യൻ പള്ളി സ്ഥാപിക്കാൻ വേണ്ടത്ര വിശ്വാസികൾ ഇല്ലായിരുന്നു. കുറച്ചാളുകൾ, പകുതിപ്പേർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ട് അന്നു നിർമിച്ച ആ പള്ളിയെ പുറത്തുള്ളവർ അരപ്പള്ളിയെന്നു വിളിച്ചു.

**അരപ്പള്ളിയുടെ ചരിത്രം**

ക്രിസ്തുശിഷ്യൻ മാർത്തോമ്മാ തിരുവിതാംകോട് ഗ്രാമത്തിൽ പള്ളി, അതായത് കെട്ടിടമല്ല, വിശ്വാസികളുടെ സമൂഹം-ഹീബ്രുവിൽ കഹാൽ, സുറിയാനിയിൽ ഏദ്ദ, ഗ്രീക്കിൽ എക്ലേസിയ - സ്ഥാപിക്കാനും പള്ളി (ആരാധനാലയം) പണിയാനും കുരിശു നാട്ടി എന്നൊരു വിശ്വാസമുണ്ട്.

ഏതാനും വർഷം മുമ്പ് ഞാൻ ചില തീർത്ഥാടകരുമൊത്ത് അരപ്പള്ളി സന്ദർശിക്കാൻപോയി. (2008 മുതൽ ആറു വർഷം തക്കലയിൽ താമസിച്ച് രൂപതയിൽ ജോലി ചെയ്തിരുന്നതിനിടയ്ക്ക് പല പ്രാവശ്യം ഞാൻ അരപ്പള്ളിയിൽ പോയിരുന്നു) അപ്പോൾ അവിടെയുള്ള വൈദികൻ പറഞ്ഞതിങ്ങനെ: മൈലാപ്പൂരിൽ നിന്ന് മാർത്തോമ്മാ 64 കുടുംബക്കാരെ ഇവിടെ കൊണ്ടുവന്നു. പിച്ചിപ്പൂവ്, മുല്ലപ്പൂവ്, ചന്ദനം, ചെറുനാരങ്ങ, ഭസ്മം എന്നിവ ഒരു സ്വർണത്തളികയിൽ വച്ച് വേണാട് രാജാവ് തോമ്മായെയും കൂടെവന്ന ചെട്ടികളെയും സ്വീകരിച്ചു. അതിൽ ഭസ്മം ഒഴികെ ബാക്കിയെല്ലാം അവർ സ്വീകരിച്ചു.

തോമ്മായുടെ കൂടെവന്നവർക്ക് രാജാവ് കരമൊഴിവായി 64 പുരയിടങ്ങളും ഭവനങ്ങളും നൽകി. അവരുടെ അപേക്ഷപ്രകാരം ദൈവാലയനിർമാണത്തിനു കരമൊഴിവായി സ്ഥലവും കൊടുത്തു. അവർ അവിടെ നിർമിച്ചതാണ് തിരുവിതാംകോടുള്ള പള്ളി എന്നാണു വിശ്വാസം. തോമ്മയോടുള്ള ആദരവുമൂലം സ്ഥലവാസികൾ ഈ പള്ളിയെ തോമയാർക്കോവിൽ എന്നു വിളിച്ചു.

**ഇന്നുള്ള അരപ്പള്ളി**

നാഞ്ചിനാടിന്റെ ശില്പശൈലിയായ ശ്രീകോവിലും മണ്ഡപവും ചേർന്നതാണ് കേരളകത്തോലിക്കർ വിളിക്കുന്ന അരപ്പള്ളി. ആ നാട്ടുകാർക്ക് ഈ പേര് പരിചിതമല്ല. പള്ളിക്ക് എട്ടു മീറ്റർ നീളവും അഞ്ചു മീറ്റർ വീതിയും മൂന്നു മീറ്റർ ഉയരവുമുണ്ട്. പള്ളിക്ക് കരിങ്കൽത്തൂണുകൾ താങ്ങുന്ന, കരിങ്കൽപ്പാളികൾ പാകിയ മേൽക്കൂരയുണ്ടായിരുന്നു. കാലപ്പഴക്കത്തിൽ അതിന് കേടുപാടുകളുണ്ടായി. അവ അന്നന്നു പരിഹരിക്കുകയും ചെയ്തുപോന്നു. ഒരിക്കൽ, പള്ളിയുടെ മേൽക്കൂരയിൽ ഒരു ആൽമരം വളർന്നുവന്നു. അപകടാവസ്ഥയിലായപ്പോൾ അതു നീക്കം ചെയ്തു. പള്ളിക്ക് തടികൊണ്ടുള്ള മേൽക്കൂര കേറ്റി ഓടു മേഞ്ഞു.



*തിരുവിതാംകോട് അരപ്പള്ളി*

ഇന്നുള്ള പണി നാല് അഥവാ അഞ്ച് നൂറ്റാണ്ടിനിടയ്ക്ക് ഉള്ളതാണ് എന്നു പുരാവസ്തു ഗവേഷകനായ പൊതുവാൾ പറയുന്നു. പോർച്ചുഗീസുകാർ പള്ളിക്കു സമ്മാനിച്ച തടികൊണ്ടുള്ള ബലിപീഠം, പഞ്ചലോഹധൂപക്കുറ്റി മുതലായവ പള്ളിയുടെ മ്യൂസിയത്തിലുണ്ട്.

**പണിയെപ്പറ്റി തർക്കം**

പണ്ടു തിരുവിതാംകോട്ടുകാർ വ്യാപാരത്തിനായി ദൂരദേശങ്ങളിൽപ്പോയിരുന്നു. അതുമൂലം ഒരിക്കൽ അവർക്കു കോളറ പിടിപെട്ടു. അതു പടർന്നതുമൂലം ആയിരങ്ങൾ മരിച്ചു. ശേഷിച്ചവർ ഓടിപ്പോയി. അങ്ങനെ ക്രിസ്ത്യാനികൾ തിരുവിതാംകോട്ടിൽ ഇല്ലെന്നായി. തന്മൂലം പള്ളിവകസ്വത്തുക്കൾ അന്യാധീനത്തിലായി. പള്ളിക്കെട്ടിടം കാടുകയറി മൂടി!

വളരെ നാൾകഴിഞ്ഞ് ക്രിസ്ത്യാനികൾ തിരുവിതാംകോടു വന്നപ്പോഴത്തെ സ്ഥിതി ഇതായിരുന്നു. പള്ളിക്കെട്ടിടം ഹിന്ദുക്കളുടേതാണെന്ന വാദം വന്നു, തർക്കമായി. പരിഹാരത്തിനായി കാടു തെളിച്ച് മണ്ണു നീക്കി നോക്കി. അപ്പോൾ ഉൾഭാഗത്ത് വലതുവശത്തുള്ള തറക്കല്ലിൽ കുരിശുരൂപം കൊത്തിയിരിക്കുന്നതു കാണപ്പെട്ടു. അതിപ്പോഴും കാണാം. അപ്പോൾ കെട്ടിടം ക്രിസ്ത്യാനികളുടേതായി അംഗീകരിക്കപ്പെട്ടു.

ഞങ്ങൾ അതു കാണുമ്പോൾ അവിടെയുള്ളത് ഒന്നോ രണ്ടോ ഇടവകക്കാരുള്ള സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ചാണ്. ഈസ്റ്റർകഴിഞ്ഞ് പുതുഞ്ഞായറാഴ്ച തുടങ്ങി ഒരാഴ്ചയാണ് പള്ളിയിലെ പ്രധാന തിരുനാൾ. മാതാവിന്റെ തിരുനാൾ ആചരിക്കുന്നത് ജനുവരി 15 നാണ്.

(തെക്കൻ തിരുവിതാംകൂറിലെ പുരാതന ക്രൈസ്തവർ എന്ന ശീർഷകത്തിൽ തയ്യാറായിക്കൊണ്ടിരുന്ന പുസ്തകത്തിൽനിന്ന്.)

■

**കേരളത്തിലെ കാട്ടുമൃഗങ്ങൾ**

മാത്യൂസ് ആർപ്പൂക്കര


## കരിങ്കുരങ്ങ്



**നി**ത്യഹരിതവനങ്ങളിലെ മലഞ്ചെരിവുകളാണ് കരിങ്കുരങ്ങുകൾ അഥവാ കരിമന്തികൾക്കിഷ്ടം. കൊടുംകാടുകളിലാണ് ഇവ താമസമാക്കുക. പശ്ചിമഘട്ടത്തിലെ മഴക്കാടുകളിൽ ഇവറ്റകളെ കാണാം. രോമംകുറഞ്ഞ കറുത്ത തൊലി ഇവയെ മറ്റു കുരങ്ങുകളിൽനിന്നു വ്യത്യസ്തമാക്കുന്നു. തോൾഭാഗത്തു നരച്ച രോമങ്ങളും തലയിൽ ഏതാണ്ട് മഞ്ഞനിറമാർന്ന രോമങ്ങളുമുള്ള ഇവ തികച്ചും സസ്യഭുക്കുകളാണ്. പച്ചിലയും പൂവും കായും പഴവുമൊക്കെ ആഹാരമാക്കുന്നു. രാവിലെയും വൈകുന്നേരവുമാണ് ആഹാരം തേടിയിറങ്ങുന്നത്. രാത്രിയിലും ഉച്ചയ്ക്കും വിശ്രമത്തിലായിരിക്കും. മരക്കൊമ്പിൽനിന്നു വിരളമായേ നിലത്തിറങ്ങാറുള്ളൂ. ഭക്ഷണം തേടുമ്പോൾ ഇവ ശബ്ദം പുറപ്പെടുവിക്കാറുണ്ട്.

കരിമന്തിയുടെ പേരുപോലെ ശരീരത്തിനു നല്ല കറുപ്പുനിറമാണ്. വാലിന് ഒരു മീറ്ററോളം നീളമുണ്ടാകും. ഉയരം എൺപതു സെന്റീമീറ്ററോളവും ഭാരം പരമാവധി പതിന്നാലു കിലോഗ്രാമും ആയിരിക്കും. തലയിലെ മുടി സ്വർണനിറത്തിൽ തോന്നിക്കും. പത്തോ ഇരുപതോ അംഗങ്ങളുള്ള കൂട്ടമായി വൻകാടുകളിൽ വിലസുന്നു. ചിലപ്പോൾ കൃഷിയിടങ്ങളിലേക്കിറങ്ങിവരാറുണ്ട്. പെൺകരിമന്തികൾക്കു വലുപ്പം കുറവാണ്. നീലഗിരി, ബ്രഹ്മഗിരി, കൂർഗ്, തിരുനൽവേലി തുടങ്ങിയ പ്രദേശത്തെ വനങ്ങളിൽ ധാരാളമായി ഇവയെ കണ്ടുവരുന്നു. കരിങ്കുരങ്ങുകളുടെ കൂട്ടത്തിൽ ആൺകുരങ്ങുകൾ കുറവാണ്. ഒരു കൂട്ടത്തിൽപ്പെട്ടവർ മറ്റൊരു കൂട്ടത്തിന്റെ പ്രദേശത്ത് അതിക്രമിച്ചുകയറാറില്ല. ഓരോ കൂട്ടത്തിനും അധിവാസമേഖലയുണ്ട്. ഇത് ഏതാണ്ട് നാലോ അഞ്ചോ ചതുരശ്രകിലോമീറ്ററായിരിക്കും. കൂട്ടത്തിൽ കരുത്തനായിരിക്കും സംഘത്തിന്റെ തലവൻ.

കുഞ്ഞ് കണ്ണുതുറക്കാൻ മാസങ്ങൾ വേണ്ടിവരുന്നു. അക്കാലമത്രയും കുഞ്ഞിന്റെ സംരക്ഷണച്ചുമതല അമ്മയ്ക്കുതന്നെ. ശത്രുവിനെതിരേ എല്ലാവരും ചേർന്നു പൊരുതും. ഔഷധഗുണമുണ്ടെന്ന ലേബൽ ചാർത്തി കരിങ്കുരങ്ങുകളെ ധാരാളമായി വേട്ടയാടുന്നുണ്ട്. പാവം കരിങ്കുരങ്ങുകളുടെ ഏറ്റവും വലിയ ശത്രു മനുഷ്യൻതന്നെ. ഈ മൃഗം ഇന്നു വംശനാശഭീഷണി നേരിടുകയാണ്. കാഴ്ചയിൽ മറ്റു പലയിനം കുരങ്ങുകൾക്കും ഇല്ലാത്തൊരു ഒരു ചന്തം കരിങ്കുരങ്ങിനുണ്ട്.




**ഏപ്രിൽ 25**
**ഉയിർപ്പുകാലം**
**നാലാം ഞായർ**



ഏശ 49:13 – 23
ശ്ലീഹ 8:14 – 25
എഫേ 2:1 – 7
യോഹ16:16 – 24

ഫാ. ആന്റണി ഞള്ളമ്പുഴ CMI

# സന്തോഷം നല്കുന്ന കല്പനകൾ

**യോഹന്നാൻ** ശ്ലീഹായുടെ സുവിശേഷത്തിൽ 'എന്റെ സമയം' പലവട്ടം കടന്നുവരുന്നുണ്ട്, ഒപ്പം 'അല്പസമയ'വും. ഇന്നത്തെ സുവിശേഷഭാഗത്ത് 'അല്പസമയം' എന്ന പദം ഏഴുവട്ടം കടന്നുവരുന്നു. 'എന്റെ സമയം' ഈശോയുടെ പീഡാസഹനത്തിന്റെയും മരണത്തിന്റെയും ഉയിർപ്പിന്റെയും സമയമാണ്. അത് മനുഷ്യപുത്രൻ 'മഹത്ത്വപ്പെടാനുള്ള സമയ'മാണ് (യോഹ. 12:23). 'അല്പസമയം' ഈശോയുടെ അല്പനേരത്തെ അസാന്നിധ്യത്തിന്റെ, അന്ധകാരത്തിന്റെ ഇടവേളയാണ്. സൂര്യൻപോലും അസ്തമിച്ച സമയമാണ്. ദൈവഗ്രഹണത്തിന്റെ നേരമാണ്. അന്ധകാരത്തിന്റെയും അസമാധാനത്തിന്റെയും അസന്തുഷ്ടിയുടെയും ആ അല്പസമയം കഴിഞ്ഞാൽ പിന്നീട് ഈശോ പറഞ്ഞ അവന്റെ സമയമാണ്. അവന്റെ മഹത്ത്വത്തിന്റെ സമയം. അസമാധാനത്തിന്റെയും അസന്തുഷ്ടിയുടെയും ആ 'അല്പസമയ'ത്തെ 'എന്റെ സമയം'കൊണ്ട് അതിജീവിക്കാം, അതിജീവിക്കണം എന്നുള്ള ശാന്തിദൂതാണിത്. ഇത് യേശു തരുന്ന ആശ്വാസവചസ്സാണ്.

**നിത്യമായ ആനന്ദം**

"നിങ്ങളുടെ ആ സന്തോഷം ആരും നിങ്ങളിൽനിന്ന് എടുത്തുകളയുകയില്ല" (യോഹ. 16:22).

'സഹനത്തിന്റെ അഭാവമല്ല ആനന്ദം; മറിച്ച്, ദൈവത്തിന്റെ സാന്നിധ്യമാണ് ആനന്ദം' എന്നൊരു കുറിപ്പ് ഒരു മിണ്ടാമഠത്തിൽ കണ്ടതോർക്കുന്നു. ഈശോ തന്റെ അല്പസമയത്തെ അസാന്നിധ്യത്തെക്കുറിച്ചും എന്നാൽ, തുടർന്നുള്ള തന്റെ നിത്യമായ സാന്നിധ്യത്തെക്കുറിച്ചും പറയുന്ന വശ്യമായ വചനഭാഗമാണിത്.

യുങ് എന്ന ചിന്തകൻ എഴുതി: "മിക്ക ആനന്ദവും പൂക്കൾപോലെയാണ്. പറിച്ചുകഴിയുമ്പോൾ അതു നശിക്കുന്നു.'' ആർക്കും നശിപ്പിക്കാനാവാത്ത, ആർക്കും എടുത്തുകളയാനാവാത്ത, ആർക്കും മോഷ്ടിക്കാനാവാത്ത സന്തോഷം ക്രിസ്തുവിലുള്ള സന്തോഷമാണ്. ക്രിസ്തു തരുന്ന ആനന്ദമാണ്. ലഹരികൾക്കോ വിരുന്നുകൾക്കോ തരാനാവാത്ത ആനന്ദം. സമ്പത്തിനോ സ്ഥാനമാനങ്ങൾക്കോ പേരിനോ പെരുമയ്ക്കോ തരാനാവാത്ത സന്തോഷം. സൗഹൃദങ്ങൾക്കോ സല്ലാപത്തിനോ തരാനാവാത്ത സന്തോഷം. ചാറ്റിങ്ങിനോ ലൈക്കിനോ പകരാനാവാത്ത ആനന്ദം. സോഷ്യൽമീഡിയാവഴി നുകരാനാവാത്ത സന്തോഷം. മധുരപാനീയങ്ങൾക്കു പകരാനാവാത്ത അതിശയകരമായ ആനന്ദം.

മേല്പറഞ്ഞ വചനത്തോടു ചേർത്തുവായിക്കണം താഴെപ്പറയുന്ന വചനഭാഗം.

''ഈ കിണർ ഞങ്ങൾക്കു തന്ന ഞങ്ങളുടെ പിതാവായ യാക്കോബിനെക്കാൾ വലിയവനാണോ നീ? അവനും അവന്റെ മക്കളും കന്നുകാലികളും ഈ കിണറ്റിൽനിന്നാണു കുടിച്ചിരുന്നത്." യേശു പറഞ്ഞു: "ഈ വെള്ളം കുടിക്കുന്ന ഏവനും വീണ്ടും ദാഹിക്കും. എന്നാൽ, ഞാൻ നൽകുന്ന വെള്ളം കുടിക്കുന്നവനു പിന്നീടൊരിക്കലും ദാഹിക്കുകയില്ല. ഞാൻ നൽകുന്ന ജലം അവനിൽ നിത്യജീവനിലേക്കു നിർഗളിക്കുന്ന അരുവിയാകും." അപ്പോൾ അവൾ പറഞ്ഞു: "ആ ജലം എനിക്കു തരുക. മേലിൽ എനിക്കു ദാഹിക്കുകയില്ലല്ലോ. വെള്ളം കോരാൻ ഞാൻ ഇവിടെ വരുകയും വേണ്ടല്ലോ" (യോഹ. 4:13-15).



**ക്രിസ്തുവിന്റെ സന്തോഷത്തിന്റെ പൂർണത**

ജനങ്ങൾ സ്നാപകയോഹന്നാനെ സമീപിച്ചുപറഞ്ഞു: "എല്ലാവരും അവന്റെ (ഈശോ) അടുത്തേക്കു പോവുകയാണ്" (യോഹ. 3:26). "ഞാൻ ഭൂമിയിൽനിന്ന് ഉയർത്തപ്പെടുമ്പോൾ എല്ലാ മനുഷ്യരെയും എന്നിലേക്കാകർഷിക്കും" (യോഹ. 12:32) എന്ന വചനത്തിന്റെ ആകർഷണവും ഈ വചനത്തിനുണ്ട്. യേശുവിന്റെ ആകർഷണവലയത്തിൽ ആയിരിക്കുമ്പോഴാണ് യഥാർത്ഥമായ ആനന്ദം അനുഭവിക്കാനാവുക. യേശുവിന്റെ ആകർഷണവലയത്തിനു പുറത്തുപോകുമ്പോഴാണ് അസമാധാനം. "ആ അപ്പക്കഷണം സ്വീകരിച്ചയുടനെ അവൻ പുറത്തുപോയി. അപ്പോൾ രാത്രിയായിരുന്നു" (യോഹ. 13:30).

സ്നാപകൻ പറഞ്ഞു: "ഞാൻ ക്രിസ്തുവല്ല" (യോഹ. 3:28). നിങ്ങൾ എന്നെ ചുറ്റിപ്പറ്റി നിൽക്കണ്ട, ശാശ്വതസന്തോഷത്തിന്റെ ഉറവിടമായ രക്ഷകനേശുവിന്റെ അരികിലേക്കു പോകുവാനാണ് സ്നാപകൻ അവരോട് ആവശ്യപ്പെടുന്നത്. തുടർന്ന് സ്നാപകൻ പറഞ്ഞു: "മണവാട്ടിയുള്ളവനാണ് മണവാളൻ. അടുത്തുനിന്ന് മണവാളനെ ശ്രവിക്കുന്ന സ്നേഹിതൻ അവന്റെ സ്വരത്തിൽ വളരെ സന്തോഷിക്കുന്നു. അതുപോലെ, എന്റെ സന്തോഷം ഇപ്പോൾ പൂർണമായിരിക്കുന്നു" (യോഹ. 3:29). ക്രിസ്തുവിനെ കണ്ടുമുട്ടുമ്പോഴാണ് ഒരുവന്റെ സന്തോഷം പൂർണമാവുക. തുടർന്ന് സ്നാപകൻ ശാശ്വതമായ സന്തോഷത്തിനുള്ള സൂത്രവാക്യം പറഞ്ഞുതരുന്നു: "അവൻ വളരുകയും ഞാൻ കുറയുകയും വേണം" (യോഹ. 3:30). അവൻ (യേശു) എന്നിൽ രൂപപ്പെടുകയും വളരുകയും ചെയ്യുന്നതനുസരിച്ച് എന്നിലെ സന്തോഷവും പൂർണമാവും. പുഴ ആഴിയിൽ ലയിക്കുന്നതുപോലെ. ഓളവും തീരവും ആശ്ലേഷിക്കുന്നതുപോലെ. ക്രിസ്തുവിന്റെ സന്തോഷത്തിന്റെ പൂർണതയുണ്ട്. അവനിൽ 'സന്തോഷത്തിന്റെ തൈല'മുണ്ട് (ഹെബ്രാ. 1:9).

വിശുദ്ധ ഫിലിപ്പ് നേരി തന്റെ മുറിയുടെ വാതിൽപ്പടിയിൽ 'ക്രിസ്തീയാനന്ദത്തിന്റെ ഭവനം' എന്ന ഒരു ബോർഡ് സ്ഥാപിച്ചിരുന്നതായി പറയപ്പെടുന്നു. തമാശ പറയുകയും ചിരിക്കുകയും ചിരിപ്പിക്കുകയും ചെയ്തിരുന്ന ഒരു വിശുദ്ധൻ. ചിരി വിശുദ്ധിക്ക് അന്യമല്ലെന്നു പഠിപ്പിച്ച വിശുദ്ധൻ. വിശുദ്ധർക്കും ചിരിക്കാം. അവർക്കും ചിരിപ്പിക്കാം. വിശുദ്ധി ചിരിക്ക് എതിരല്ല. വിശുദ്ധിയുടെ അടയാളം ചിരിക്കാത്ത മുഖമാണ് എന്ന ചിന്തതന്നെ വിശുദ്ധിക്ക് എതിരാണ്.

**യേശുനാമത്തിൽ സന്തോഷം**

"ഇതുവരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നുംതന്നെ ചോദിച്ചിട്ടില്ല. ചോദിക്കുവിൻ, നിങ്ങൾക്കു ലഭിക്കും; അതുമൂലം നിങ്ങളുടെ സന്തോഷം പൂർണമാവുകയും ചെയ്യും" (യോഹ. 16:24).

യേശുനാമം രക്ഷാനാമവും സൗഖ്യനാമവും സന്തോഷം പൂർണമാക്കുന്ന നാമവുമാണ്.

"നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോടു ചോദിക്കുന്നതെന്തും അവിടുന്നു നിങ്ങൾക്കു നൽകും" (യോഹ. 16:23).

കർത്താവ് ജോയേൽ ആകുന്നു അഥവാ ദൈവമാകുന്നു എന്നറിഞ്ഞ് ദൈവനാമം വിളിച്ചപേക്ഷിച്ചാൽ ജീവിതം ആനന്ദപൂർണമാക്കാം എന്നു പഠിപ്പിക്കുന്ന ഒരു ഗ്രന്ഥമാണ് പഴയനിയമത്തിലെ ജോയേൽ. 'മനുഷ്യമക്കളിൽ നിന്ന് ആനന്ദം പോയ് മറഞ്ഞു' എന്ന് ഈ ഗ്രന്ഥത്തിന്റെ തുടക്കത്തിൽ പറയുന്നുണ്ട്. തുടർന്ന് 'ആത്മാവിനെ വർഷിക്കു'മെന്നും പറയുന്നു. ആത്മാവിന്റെ ഫലങ്ങളിൽ ഒന്നാണ് സന്തോഷം (ഗലാ. 15:22). ദൈവനാമം വിളിച്ചപേക്ഷിച്ച് ആത്മാവിനെ സ്വീകരിച്ച് ആമോദമുള്ളവരാകാൻ ഈ ഗ്രന്ഥം ആഹ്വാനം ചെയ്യുന്നു. ജോയേൽ ഗ്രന്ഥത്തിൽ വലിയ 'ജോയ്' ഉണ്ട്. ആത്മവർഷത്തിന്റെ ആനന്ദം.

**കല്പനകളുടെ വഴി സന്തോഷത്തിനുള്ള വഴി**

സന്തോഷത്തിനുള്ള ഒരു വഴി യേശുവിന്റെ കല്പനകളുടെ പാലനമാണെന്ന് അവൻ പഠിപ്പിക്കുന്നു.

"ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പാലിച്ച് അവിടുത്തെ സ്നേഹത്തിൽ നിലനില്ക്കുന്നതുപോലെ, നിങ്ങൾ എന്റെ കല്പനകൾ പാലിച്ചാൽ എന്റെ സ്നേഹത്തിൽ നിലനില്ക്കും. ഇതു ഞാൻ നിങ്ങളോടു പറഞ്ഞത് എന്റെ സന്തോഷം നിങ്ങളിൽ കുടികൊള്ളാനും നിങ്ങളുടെ സന്തോഷം പൂർണമാകാനും വേണ്ടിയാണ്" (യോഹ. 15:10,11).

കല്പനകളുടെ പാലനംവഴിയുള്ള ആനന്ദത്തെക്കുറിച്ച് സങ്കീർത്തകൻ പറയുന്ന വചനങ്ങളും ശ്രദ്ധേയമാണ്. പ്രത്യേകിച്ച് 'കർത്താവിന്റെ നിയമ'ത്തെപ്പറ്റി പറയുന്ന 119-ാം സങ്കീർത്തനത്തിൽ അതു പലവട്ടം ആവർത്തിക്കുന്നു.

''അങ്ങയുടെ കല്പനകൾ പിന്തുടരുന്നതിൽ ഞാൻ ആനന്ദിക്കും" (സങ്കീ .119:14).

''അങ്ങയുടെ ചട്ടങ്ങളിൽ ഞാൻ സന്തോഷിക്കും" (സങ്കീ. 119:16).

"അവിടുത്തെ കല്പനകളാണ് എന്റെ ആനന്ദം. അവയാണ് എനിക്ക് ഉപദേശം നൽകുന്നത്" (സങ്കീ. 119:24.)

"ഞാൻ അങ്ങയുടെ നിയമങ്ങളിൽ ആനന്ദിക്കുന്നു'' (സങ്കീ. 119:70).

"അങ്ങയുടെ നിയമത്തിലാണ് എന്റെ ആനന്ദം" (സങ്കീ. 119:77).

■

ഉദ്ദിഷ്ടകാര്യം
സാധിച്ചതിന് ഉപകാരസ്മരണ



ഒരു വിശ്വാസി
കുമ്മണ്ണൂർ

ഉദ്ദിഷ്ടകാര്യം
സാധിച്ചതിന് ഉപകാരസ്മരണ




ഒരു വിശ്വാസി
കുമ്മണ്ണൂർ

ഉദ്ദിഷ്ടകാര്യം
സാധിച്ചതിന് ഉപകാരസ്മരണ



ഒരു വിശ്വാസി
കുമ്മണ്ണൂർ

ഉദ്ദിഷ്ടകാര്യം
സാധിച്ചതിന് ഉപകാരസ്മരണ



റിനു സുനിൽ
മീനച്ചിൽ

## മരുവിന്റെ ശബ്ദം

**കൊ**ടിയ വേനലായിരുന്നു. മരുഭൂമിയിൽ വെയിലിന്റെ കടൽ ഇളകിമറിയുന്നു. യോർദ്ദാൻ കടന്നു വരുന്ന ഉഷ്ണക്കാറ്റിൽ മണൽക്കൂനകൾ രൂപം കൊള്ളുന്നു. കാറ്റിൽ മരുഭൂമിയിൽ മണൽ പെയ്യുകയാണെന്നേ തോന്നൂ. അവിടെ ഒരാൾ വിളിച്ചു പറയുന്നു.

"അനുതപിക്കുക, സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു."

അയാൾ ഒട്ടകരോമം കൊണ്ടുള്ള വസ്ത്രവും അരയിൽ തോൽവാറും ധരിച്ചിരുന്നു. ഒരു കൈയിൽ അയാളെക്കാൾ നീളമുള്ള മുളവടിയും പിടിച്ചിരുന്നു.


"അനുതപിക്കുക സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു. വൃക്ഷങ്ങളുടെ തായ്‌വേരിൽ കോടാലി വച്ചു കഴിഞ്ഞിരിക്കുന്നു. നല്ല ഫലം കായ്ക്കാത്ത വൃക്ഷങ്ങൾ വെട്ടി തീയിൽ എറിയപ്പെടും."

അയാളുടെ ശബ്ദം യോർദ്ദാന്റെ തീരത്തേക്കും മരുഭൂമിയുടെ അതിരുകളിലേക്കും നീണ്ടു ചെന്നു. ആളുകൾ പറഞ്ഞു:

"മരുഭൂമിയിൽ ഒരു പ്രവാചകനത്തിയിരിക്കുന്നു. അവൻ മനുഷ്യകുലത്തിന്റെ നാശത്തിനെക്കുറിച്ചു പ്രസംഗിക്കുന്നു. രക്ഷയുടെ മാർഗ്ഗത്തെക്കുറിച്ചും വരുവാനിരിക്കുന്ന രക്ഷകനെക്കുറിച്ചും സംസാരിക്കുന്നു."

വാർത്ത കാതുകളിൽനിന്നു കാതുകളിലേക്കും നാടുകളിൽനിന്നു നാടുകളിലേക്കും ഒരു കൊടുങ്കാറ്റുപോലെ പടർന്നു. പാപത്തിൽ മുഴുകി ജീവിച്ചിരുന്ന യൂദയായിലെ ജനങ്ങൾ ഭയപ്പെട്ടു.

"ഞങ്ങളുടെ നാശത്തെക്കുറിച്ചു പ്രവചിക്കുന്ന ഇവൻ ആര്...?"



നോവൽ 4

ഗിരീഷ് കെ. ശാന്തിപുരം

# പതിനാലാമെടം

അവർ മരുഭൂമിയിലേക്കോടി. യൂദയായിലുള്ളവരും മരുഭൂമിയിലേക്കൊഴുകി. ജറുസലേമും ഭിന്നമായിരുന്നില്ല. മരുഭൂമി ജനങ്ങളെക്കൊണ്ടു നിറഞ്ഞു. അവൻ അവർക്കു നടുവിൽനിന്ന് പ്രസംഗിച്ചു.

"അനുതപിക്കുക സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു. ഫലം നല്കാത്ത വൃക്ഷങ്ങൾ തീയിലെറിയപ്പെടും."

പ്രകൃതി നിശ്ചലം നിന്നു. മരുഭൂമിയിൽ കാറ്റടങ്ങി. യോർദ്ദാനിൽ തിരകളടങ്ങി. വെയിൽ മങ്ങി. സർവ്വജനങ്ങളും അവന്റെ ശബ്ദത്തിനുവേണ്ടി കാതുകൂർപ്പിച്ചു. അവൻ പാപമോചനത്തിനായുള്ള അനുതാപത്തിന്റെ സ്നാപനത്തെക്കുറിച്ച് അവരോടു പ്രസംഗിച്ചു. അപ്പോൾ ആൾക്കൂട്ടത്തിൽ ചിലർ ഇപ്രകാരം അടക്കം പറഞ്ഞു:

"യേശയ്യാ പ്രവാചകന്റെ വചനങ്ങളുടെ പുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്നതുപോലെ മരുഭൂമിയിൽ വിളിച്ചു പറയുന്നവന്റെ ശബ്ദം... ഇവൻ പ്രവാചകൻ തന്നെ."

അവൻ സംസാരിച്ചുകൊണ്ടേയിരുന്നു...

"കർത്താവിന് പാതയൊരുക്കുക. അവന്റെ വഴികൾ നേരെയാക്കുക. എല്ലാ താഴ്‌വരകളും നികത്തപ്പെടും. ദുർഘടങ്ങളായ പാതകൾ സുഗമങ്ങളാക്കപ്പെടും. എല്ലാ മനുഷ്യരും ദൈവത്തിൽനിന്നുള്ള രക്ഷ കാണും."

അവനെ കേട്ടാറെ ജനങ്ങൾ പാപങ്ങൾ ഏറ്റുപറഞ്ഞു. അവനിൽനിന്ന് സ്നാപനം സ്വീകരിക്കാനൊരുങ്ങി. അവൻ യോർദ്ദാനിലെ വെള്ളംകൊണ്ട് അവർക്കു സ്നാപനം നല്കി. പിന്നെയും സ്നാപനം സ്വീകരിക്കാൻ ഫരിസേയരും സദുക്കായരും കടന്നു വരുന്നതു കണ്ട് അവൻ ചോദിച്ചു.

"അണലിസന്തതികളോ വരാനിരിക്കുന്ന ക്രോധത്തിൽനിന്ന് ഓടിയൊളിക്കാൻ ആരാണു നിങ്ങൾക്ക് മുന്നറിയിപ്പ് തന്നത്... അനുതാപത്തിനു യോജിച്ച ഫലം പുറപ്പെടുവിക്കൂ. ഫലമില്ലാത്ത വൃക്ഷങ്ങളുടെ ചുവട്ടിൽ കോടാലി വീഴുന്ന സമയം സമാഗതമായിരിക്കുന്നു..."

അപ്പോൾ ജനക്കൂട്ടം അവനോടു ചോദിച്ചു:

"ഞങ്ങൾ എന്താണു ചെയ്യേണ്ടത്...?"

"രണ്ടു കുപ്പായം സ്വന്തമായുള്ളവൻ ഇല്ലാത്തവനുവേണ്ടി വീതം വയ്ക്കട്ടെ. ആഹാരമുള്ളവനും ഇല്ലാത്തവനുമായി പങ്കുവയ്ക്കട്ടെ. നിങ്ങളോടു കല്പിച്ചിട്ടുള്ളതിൽ കൂടുതൽ ഈടാക്കരുത്. അക്രമം കാട്ടിയോ വ്യാജമായ കുറ്റങ്ങൾ ചുമത്തിയോ ആരെയും കൊള്ളയടിക്കരുത്. നിങ്ങൾക്കുള്ള പ്രതിഫലംകൊണ്ടു ജീവിക്കുക..."

മരുഭൂമിയിലെ പ്രവാചകനെപ്പറ്റി യൂദയായുടെ മുക്കിലും മൂലയിലും അറിഞ്ഞിരുന്നതുകൊണ്ട് യൂദർ അവനെപ്പറ്റി അറിയാൻ പുരോഹിതന്മാരെ അയച്ചിരുന്നു. അവർ ചോദിച്ചു:

"നീ ആരാണ്?"

ജനങ്ങൾ രക്ഷകനെ പ്രതീക്ഷയോടെ കാത്തിരിക്കുകയായിരുന്നു. അവരും ചോദിച്ചു.

"നീ തന്നെയോ ക്രിസ്തു?"

"അല്ല. ഞാൻ ക്രിസ്തുവല്ല." യോഹന്നാൻ പറഞ്ഞു.

"എങ്കിൽ പിന്നെ നീ ആരാണ്? ഏലിയാ പ്രവാചകനാണോ?"

"അല്ല."

"ഞാൻ ഗുരുവല്ല" യോഹന്നാൻ പറഞ്ഞു: "പ്രവാചകനുമല്ല."

"പിന്നെ നീ ആരാണ്?" ഞങ്ങളെ അയച്ചവർക്ക് മറുപടി കൊടുക്കേണ്ടതുണ്ടല്ലോ...?"

"കർത്താവിന്റെ വഴികൾ നേരേയാക്കുവിൻ എന്ന് മരുഭൂമിയിൽ വിളിച്ചു പറയുന്നവന്റെ സ്വരമാണ് ഞാൻ..." അപ്പോൾ ഫാരിസേയരിൽ ചിലർ അവനോടു ചോദിച്ചു:

"നീ ക്രിസ്തുവോ ഏലിയാപ്രവാചകനോ ഒന്നുമല്ലെങ്കിൽ നീ സ്നാപനം നല്കുന്നതെന്തിന്?"

"അനുതാപത്തിനായി ഞാൻ നിങ്ങളെ വെള്ളംകൊണ്ട് സ്നാപനം ചെയ്യുന്നു." അവൻ പറഞ്ഞു. "എന്റെ പിന്നിലെ വരുന്നവൻ എന്നെക്കാൾ എത്രയോ ശക്തനാണ്. അവന്റെ ചെരുപ്പിന്റെ വാറുകൾ അഴിക്കാൻ പോലും എനിക്കു യോഗ്യതയില്ല. അവൻ നിങ്ങൾക്കു പരിശുദ്ധാത്മാവിനാലും അഗ്നിയാലും സ്നാപനം നല്കും. അവന്റെ കൈയിൽ വീശുമുറം ഉണ്ട്. അവൻ മെതിക്കളം വെടിപ്പാക്കി ധാന്യം അറപ്പുരയിൽ സൂക്ഷിക്കും. പതിര് അണയാത്ത അഗ്നിയിൽ ദഹിപ്പിച്ചുകളയും."

അവനിൽനിന്ന് സ്നാപനം സ്വീകരിക്കാൻ ആളുകൾ കൂട്ടത്തോടെ നദിയിലേക്കിറങ്ങി വന്നുകൊണ്ടിരുന്നു. അവനോ അവരെ ജ്ഞാനത്താലും ജലത്താലും സ്നാനപ്പെടുത്തി. അവൻ ആരാണെന്നറിയാൻ അയയ്ക്കപ്പെട്ടവരിൽ ചിലരും സ്നാപനം സ്വീകരിച്ചു. മറ്റു ചിലരാകട്ടെ അവൻ പറഞ്ഞതൊക്കെയും അവരെ അയച്ചവരുടെ പക്കൽചെന്ന് പറയേണ്ടതിന് തിടുക്കത്തിൽ മടങ്ങുകയും ചെയ്തു.

കാണക്കാണെ നദീതീരം ജനങ്ങളെക്കൊണ്ടു നിറഞ്ഞുകൊണ്ടിരുന്നു. പെട്ടെന്നാണ് കാറ്റുവീശിയത്. സ്നിഗ്ധമായ കാറ്റിൽ ഈറനുണ്ടായിരുന്നു. ശുഭ്രമായ ആകാശത്തിൽ കത്തിനിന്ന സൂര്യൻ ഭൂമിയിലേക്കുള്ള ചൂടിന്റെ ഉറവിടം അടച്ചുകളഞ്ഞു.

നദീതീരത്തെ സൈത്തുമരങ്ങളും മരുഭൂമിയിലെ കരുവേലമരങ്ങളും അതിന്റെ ശാഖികൾ താഴ്ത്തിപ്പിടിച്ചു ശിരസ്സ് നമിച്ചു. പൂർണനിലാവുള്ള ഒരു രാത്രിയെ അനുസ്മരിപ്പിച്ചു പ്രകൃതി. അവിടമാകെ ഏതോ അസുലഭമായ സുഗന്ധം പ്രസരിക്കുന്നതുപോലെ തോന്നി.

അപ്പോഴാണ് മലയിൽനിന്നൊരാൾ ഇറങ്ങിവരുന്നതു കണ്ടത്. അവൻ പാദത്തോളമെത്തുന്ന അങ്കിയും ഉത്തരീയവും ധരിച്ചിരുന്നു. ജ്വലിക്കുന്ന സൂര്യനെപ്പോലെ അവന്റെ മുഖം പ്രകാശമാനമായിരുന്നു. അവനെ കണ്ടാറെ യോഹന്നാൻ പറഞ്ഞു:

"ഇതാ ദൈവത്തിന്റെ കുഞ്ഞാട്.."

അവൻ നദിക്കരയിൽ എത്തി വസ്ത്രം അഴിച്ചുവച്ച് വെള്ളത്തിലേക്കിറങ്ങി യോഹന്നാനു മുമ്പിൽ വന്നു ശിരസ്സ് നമിച്ചു. അവനെ തടഞ്ഞുകൊണ്ട് യോഹന്നാൻ ചോദിച്ചു:

"ഞാൻ നിന്നിൽനിന്ന് സ്നാപനം സ്വീകരിക്കേണ്ടിയിരിക്കെ നീ എന്റെ പക്കലേക്കു വന്നുവോ?"


"ധർമ്മമെല്ലാം ഇപ്രകാരം നിറവേറ്റുന്നത് ഉചിതമാകയാൽ ഇത് ഇങ്ങനെതന്നെ നടക്കട്ടെ..." അവൻ പറഞ്ഞു. യോഹന്നാൻ എതിർത്തില്ല. സ്നാപനം സ്വീകരിച്ച് അവൻ കരയ്ക്കു കയറിയപ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ടു. ദൈവത്തിന്റെ ആത്മാവ് പ്രാവിന്റെ രൂപത്തിൽ ഇറങ്ങിവരുന്നതു യോഹന്നാൻ കണ്ടു. ഇവൻ എന്റെ പ്രിയപുത്രൻ. ഇവനിൽ ഞാൻ സംപ്രീതനായിരിക്കുന്നു എന്ന അശരീരിയും കേൾക്കായി.

ആകാശമേഘങ്ങളിൽ നിന്നെന്നവണ്ണം ശലഭവൃഷ്ടിയുണ്ടായി. സീദാർ മരങ്ങൾ പൂക്കുകയായി. തീക്ഷ്ണസുരഭിയായ ഒരിളം വാതം യോർദ്ദാനിൽ മുങ്ങിക്കേറി വന്നു

അനന്തരം അവൻ അവിടെ വിട്ടുപോയി. അവൻ ആരെന്ന് ജനക്കൂട്ടം അറിഞ്ഞില്ല. ആരും അവനെക്കുറിച്ച് അന്വേഷിച്ചതുമില്ല. യോഹന്നാനെ കാണാനെത്തിയ അനേകരിൽ ഒരുവൻ എന്നതിലപ്പുറം അവൻ അവർക്കായി അടയാളങ്ങൾ നല്കിയതുമില്ല.

രാവെത്തിയാറെ യോഹന്നാൻ നദിയിൽനിന്ന് കരയ്ക്കു കയറി. ജനക്കൂട്ടു പിരിഞ്ഞുപോയി. സ്നാപനം സ്വീകരിച്ചവരിൽ ഒരുവൻ യോഹന്നാന് ഒരു തോല്ക്കുടം കാട്ടുതേനും ചുട്ടെടുത്ത വെട്ടുക്കിളിയിറച്ചിയും കൊടുത്തു. യോഹന്നാൻ അവയുംകൊണ്ട് രാത്രി കഴിപ്പാനായി നദീതീരത്തുള്ള ഒരു ഗുഹയിൽ ഇടംപിടിച്ചു.

അനനിയാദ് മരുഭൂമി കടന്ന്



*ശേഷം 12-ാം പേജിൽ*

# ആദർശരാഷ്ട്രീയത്തിന്റെ അഗ്നിസ്തംഭം



ഡോ. സിറിയക് തോമസ്

## ഈയിടെ അന്തരിച്ച മുതിർന്ന കോൺഗ്രസ് നേതാവും ചരിത്രകാരനുമായിരുന്ന കെ. എം. ചുമ്മാറിനെക്കുറിച്ച്

എല്ലാ അർത്ഥത്തിലും വ്യത്യസ്തനായ നേതാവായിരുന്നു കെ. എം. ചുമ്മാർ. വിദ്യാർത്ഥിയായിരുന്നപ്പോൾത്തന്നെ പ്രക്ഷോഭകാരി. സ്വാതന്ത്ര്യസമരകാലത്ത് സ്റ്റേറ്റ് കോൺഗ്രസിന്റെ വോളന്റിയർ. പാലാ സെന്റ് തോമസ് കോളജിലെ ആദ്യകാല വിദ്യാർത്ഥി. ക്ലാസ്സുമുറികൾക്കും പാഠപുസ്തകങ്ങൾക്കുമപ്പുറമുള്ള അറിവുകളിലേക്കായിരുന്നു അദ്ദേഹത്തിന്റെ അന്വേഷണം. പഠിച്ചിറങ്ങിയപ്പോൾ അധ്യാപകനാവാനായിരുന്നു താത്പര്യം. മൂന്നരപ്പതിറ്റാണ്ട് അധ്യാപകനായിരുന്നു. ഹെഡ്മാസ്റ്ററുമായി. പക്ഷേ, എന്നും സജീവരാഷ്ട്രീയത്തെ ഹൃദയത്തോടു ചേർത്തുപിടിച്ച ആളായിരുന്നു ചുമ്മാർസാർ.

എന്നാൽ, അധികാരരാഷ്ട്രീയത്തോട് എന്നും അകലം പാലിച്ചാണ് അദ്ദേഹം നിലകൊണ്ടത്. എന്നും അദ്ദേഹത്തിനു പ്രചോദനമായത് ഗാന്ധിജിയും നെഹ്റുവുമായിരുന്നു. മരിക്കുംവരെ കോൺഗ്രസുകാരനായി ജീവിച്ച ഒരു യഥാർത്ഥ 'സത്യഗ്രഹി' ആയിരുന്നു ചുമ്മാർസാർ.

ഒരു നല്ല പ്രഭാഷകനായിരുന്നു കെ. എം. ചുമ്മാർ. അദ്ദേഹത്തിന്റെ രാഷ്ട്രീയപ്രസംഗങ്ങൾക്ക് ഒരുതരം പനമ്പിള്ളിശൈലിയായിരുന്നു, നർമവും പരിഹാസവുംകൊണ്ട് എതിർപക്ഷത്തിന്റെ മർമം പിളർക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രഭാഷണശൈലി. വിമർശനകലയിൽ അഴീക്കോടും ചുമ്മാറും ഒരു പരിധിവരെ ഒപ്പത്തിനൊപ്പം നിന്നു. പ്രത്യേകിച്ചു രണ്ടുപേരും കമ്മ്യൂണിസ്റ്റുവിരുദ്ധരായി നിലകൊണ്ട കാലത്ത്. ചുമ്മാർ എന്നും കമ്യൂണിസ്റ്റ് വിരോധിയായിത്തന്നെ നിലകൊണ്ടു. നമ്പൂതിരിപ്പാടിനെ നിരന്തരം യുക്തിഭദ്രമായി വിമർശിച്ചിരുന്ന ചുമ്മാറെക്കുറിച്ച് ഇ.എം.എസ്സിനും മതിപ്പായിരുന്നുവെന്നതിന്റെ തെളിവ് ചരിത്രപരമായ ചില കാര്യങ്ങളിൽ ഇ.എം.എസ്. ചുമ്മാറിന്റെ ലേഖനങ്ങളിലെ ചില കണ്ടെത്തലുകളെ ആധികാരികമായി പരിഗണിച്ചിരുന്നുവെന്നതാണ്.

രാഷ്ട്രീയചിന്തകനും എഴുത്തുകാരനുമായിരുന്ന കെ.എം. ചുമ്മാർ എല്ലാ അർത്ഥത്തിലും ഒരു സത്യാന്വേഷിയായിരുന്നുവെന്നതാണ് അദ്ദേഹത്തെ വ്യത്യസ്തനാക്കിയത്. വായനയുടെയും എഴുത്തിന്റെയും ലോകത്തായിരുന്നു ചുമ്മാർസാറിന്റെ ജീവിതം. ദേശീയതയുടെ സംസ്കാരത്തോടായിരുന്നു അദ്ദേഹത്തിന്റെ ആഭിമുഖ്യം. ജനാധിപത്യത്തിലും മതേതരത്വത്തിലും മാത്രമല്ല, നെഹ്റുവിയൻ സോഷ്യലിസത്തിലും അദ്ദേഹം അടിയുറച്ചു വിശ്വസിച്ചു. ഒട്ടേറെ പുസ്തകങ്ങൾ രചിച്ച അദ്ദേഹം തിരുവിതാംകൂറിന്റെ സ്വാതന്ത്ര്യസമരചരിത്രത്തിന്റെ രേഖകളെല്ലാം നിധിപോലെ കാത്തുവച്ചു. കേരളത്തിൽ ഒരു പക്ഷേ, ഇത്രയും വലിയ ഒരു 'ഹോം ലൈബ്രറി' മറ്റൊരു രാഷ്ട്രീയനേതാവിനും ഉണ്ടായിരുന്നിരിക്കുകയുമില്ല. ഖാദിയും കോൺഗ്രസുമായിരുന്നു ചുമ്മാർസാറിന്റെ ബലഹീനത. ബലവും അതുതന്നെയായിരുന്നുവെന്നതാണ് ശരി.



കെ. എം. ചുമ്മാർ

നേർബുദ്ധിയായ രാഷ്ട്രീയക്കാരനായിരുന്നു 'ചുമ്മാർജി.' നേർവാക്കും നേർവഴിയുമായിരുന്നു അദ്ദേഹത്തിന്റെ നീതിയും ശൈലിയും. സ്വാതന്ത്ര്യസമരത്തിന്റെ മൂർദ്ധന്യത്തിൽപ്പോലും ഗാന്ധിജിയോടു നയപരമായ ഭിന്നത ധൈര്യത്തോടെ നേരേപറഞ്ഞ നെഹ്റുവിന്റെ ഉദാഹരണം പറഞ്ഞുകൊണ്ടു രാഷ്ട്രീയത്തിൽ നേതാക്കളുടെ വെറും അനുയായികളായി മാറിയ 'ന്യൂജെൻ'കാരെ ചുമ്മാർസാർ സ്റ്റഡിക്ലാസ്സുകളിലും പാർട്ടി സമ്മേളനങ്ങളിലും 'പെട്ടിതൂക്കികൾ' എന്നു വിളിച്ചു പൊട്ടിത്തെറിച്ചു. പോയകാലത്തിന്റെ നന്മകളെ അദ്ദേഹം അഭിമാനത്തോടെ എണ്ണിപ്പറഞ്ഞു. വർത്തമാനകാലരാഷ്ട്രീയത്തിലെ 'അടിമ' മനോഭാവത്തെ പ്രസംഗവേദികളിൽ അദ്ദേഹം കണക്കിനു പരിഹസിച്ചു. സ്ഥാനമാനങ്ങൾക്കോ പദവികൾക്കോവേണ്ടി ഒരിക്കൽപ്പോലും ചുമ്മാർസാർ ഒരു നേതാവിനുമുന്നിലും കൈകൂപ്പി നിന്നതുമില്ല. നിയമസഭയിലേക്കു മത്സരിക്കുവാൻ ഇങ്ങോട്ടുവച്ചുനീട്ടിയ ടിക്കറ്റുപോലും ചുമ്മാർ അങ്ങോട്ടു മടക്കി നൽകി. എന്നിട്ട് പാർട്ടിസ്ഥാനാർത്ഥികൾക്കുവേണ്ടി രാപകൽ പ്രസംഗിച്ചുനടന്നു. അതായിരുന്നു. കെ.എം. ചുമ്മാരുടെ രാഷ്ട്രീയം. സംശുദ്ധ രാഷ്ട്രീയത്തിന്റെ പ്രതിനിധി മാത്രമല്ല പ്രതീകവുമായിരുന്നു ചുമ്മാർസാർ.

പൊതുജീവിതത്തിൽ അദ്ദേഹത്തിന് ഒരേയൊരു 'പ്രകടനപത്രിക' മാത്രമേ ഉണ്ടായിരുന്നുള്ളൂ: അടിപതറാത്ത ആദർശനിഷ്ഠയും കറ കലരാത്ത രാഷ്ട്രീയസത്യസന്ധതയും. ■

---

കവിത

ഫാ. തോമസ് പാട്ടത്തിൽചിറ CMF

## കുടം


കൊടിയോരു വേനലിൽ കുടിനീരുതേടിയെൻ-
നാടാകെ ദാഹിച്ചലഞ്ഞകാലം.
കുടമൊന്നു നിറയെ തണുവെള്ളമെന്നുമെൻ-
കുടിലിലുണ്ടായതിന്നോർത്തിടുന്നേൻ.
തോടും കിണറും വരണ്ടുപോയപ്പൊഴും
തൊടികൾക്കരിഞ്ഞു കിടന്നപ്പൊഴും
വാടിവീഴാതെന്റെ വീടിനെ കാത്തതാ-
ഈടുറ്റ ജലകുംഭമായിരുന്നു.
കടകളിൽനിന്നുവാങ്ങിച്ചതല്ലാജലം
കടമായിത്തന്നതുമല്ലയാരും.
നടവഴിതാണ്ടിയെന്നമ്മയോരോദിനം
പാടുപെട്ടുകൊണ്ടുവന്നതത്രേ.
ഞൊടിയിട വിശ്രമമില്ലാതെ വീടിനായ്
അടിമയെപ്പോലെ പണിയുമമ്മ,
ചുടുവെയിലേറ്റു ചുമന്നയാനീരിനാ-
ഉടലിൻ വിയർപ്പുസ്വാദായിരുന്നു.
നടുവുനിവർത്താതെ വേല ചെയ്തീടവേ
ചൊടികളുണങ്ങിത്തളരുമ്പൊഴും,
കുടിനീരിനുമിനീരിറക്കിയമ്മക്കുടം
ഉടയാതെ കാത്തു തൻജീവിതത്തെ.
കുടമാണെനിക്കമ്മയെന്നുമെൻ യാത്രയിൽ,
ഉടയവൻ നല്കിയോരാശ്രയവും.
ഇടനെഞ്ചിലെപ്പൊഴും കരുതുന്നവളൊരു-
കടലോളമൻപിന്റെ ശീതതീർത്ഥം.
തുടരെയനർത്ഥങ്ങളെൻ കൊച്ചുവീടിനെ
പിടിവിടാതേറെ വലയ്ക്കുമ്പോഴും,
പിടയുമാഹൃദയത്തിലൊരു സാന്ത്വനമതിൻ-
തുടിതാളമേവരും കേട്ടിരുന്നു.
അടുക്കളക്കരിപ്പുകയെന്നുമേറ്റീടിലും,
പൊടിദേഹമാകെപ്പിടിച്ചീടിലും,
മോടിവീടിന്നേകുമൈശ്വര്യത്തിന്നൊരു-
അടയാളമാണുനല്ലമ്മക്കുടം.
അടിമുടി ക്ഷീണിതയെന്നാകിലുമവൾ
മടിയിയലാതെ വിരിച്ചേകിടും,
മടിയിലല്ലലറിയാതെ മയങ്ങുവാൻ
ഇടമെന്നുമാർക്കുമുണ്ടായിരുന്നു.
കുടിനീരുകൊണ്ടുതൻ ദാഹമകറ്റാത്ത,
മൂടിയില്ലാത്തൊരു കുടമായിടും,
കോടിപുണ്യമോലുമമ്മയോടുള്ളയെൻ-
കടമൊരുനാളുമൊടുങ്ങുകില്ല.

---




### Beginning of Life Issues

ഗ്രന്ഥകർത്താ : ഡോ. ജോയി ഫ്രാൻസിസ്
പ്രസാധനം : ആൽഫാ ബുക്സ്, തലശേരി
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 500 രൂപ




കത്തോലിക്കാ ധാർമിക ദൈവശാസ്ത്രത്തിന്റെ പശ്ചാത്തലത്തിൽ വൈദ്യശാസ്ത്രപുരോഗതിയുടെ ഉള്ളറകളിലെ ഓരോ പടവുകളിലും കയറിയിറങ്ങി അതിന്റെ സാങ്കേതികവും ജീവശാസ്ത്രപരവുമായ ഓരോ അംശങ്ങളിലെയും നൈതികതയെ ഇഴപിരിച്ചു പരിശോധിക്കുന്ന ഗ്രന്ഥം.

### നീതിമാന്റെ വഴികൾ


ഗ്രന്ഥകർത്താ : ടി. ദേവപ്രസാദ്
പ്രസാധനം : പാവനാത്മ പബ്ലിഷേഴ്സ്, കോഴിക്കോട്
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 170 രൂപ




ദൈവം മലയാളികൾക്കു തരുന്ന ഒരു അനുഗ്രഹമാണ് നീതിമാന്റെ വഴികൾ എന്ന ഈ പുസ്തകം. മാർ യൗസേപ്പ്എന്ന മഹാരഹസ്യത്തിലേക്ക് സഭയുടെ നിരവധിയായ വിശുദ്ധർക്കു ലഭിച്ച ഉൾവെളിച്ചങ്ങളുടെ ഹ്രസ്വമായ സമാഹാരം.

### 'ഷട്ടപ്പ്'


ഗ്രന്ഥകർത്താ : ഡോ. തോമസ് മൂലയിൽ
പ്രസാധനം : ദീപനാളം പബ്ലിക്കേഷൻസ്, പാലാ
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 150 രൂപ




വർത്തമാനകാലഘട്ടത്തിലെ സാമൂഹികതിന്മകളെയും ക്രിസ്തീയമൂല്യങ്ങൾ തമസ്കരിക്കുന്ന പ്രവണതകളെയും ഓരോ കഥയുടെയും ഇതിവൃത്തമായി സ്വീകരിച്ച് അതിനെല്ലാം ഉരുളയ്ക്കുപ്പേരി കണക്കെ മറുപടി പറയുന്നു ഈ ഗ്രന്ഥം.

### ഒപ്പം

ഗ്രന്ഥകർത്താ : ബിഷപ് ഡോ. അലക്സ് വടക്കുംതല
പ്രസാധനം : സോഫിയ ബുക്സ്, കോഴിക്കോട്
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 150 രൂപ




നന്മ നിറഞ്ഞ സ്വർഗീയ അമ്മയെയും നീതിമാനായ യൗസേപ്പിതാവിനെയും കുറിച്ചുള്ളതാണ് ഈ ഗ്രന്ഥം. മഹത്ത്വമുള്ള ആ ജീവിതങ്ങളുടെ വചനബദ്ധമായ വിചിന്തനങ്ങൾ സഭാപിതാക്കന്മാരുടെ പ്രബോധനങ്ങളോടും പാപ്പാമാരുടെ പഠനങ്ങളോടുമൊപ്പം വളരെ മനോഹരമായി നല്കിയിരിക്കുന്നു.

# ആനന്ദത്തിന്റെ അത്യുന്നതി



ഫാ. ജോസഫ് നെച്ചിക്കാട്ട്

തൃശൂർ ബിഷപ്പായിരുന്ന ജോർജ് ആലപ്പാട്ടു തിരുമേനിയുടെ സ്വീകരണമുറിയിൽ മുൾക്കിരീടമണിഞ്ഞു നിൽക്കുന്ന യേശുവിന്റെ ഒരു അർദ്ധകായപ്രതിമ ഉണ്ടായിരുന്നതോർക്കുന്നു. അടുത്തുള്ള അനാഥാലയത്തിലെ ഒരു കലാകാരൻ കടഞ്ഞെടുത്തതാണ് അത്. മുൾക്കിരീടം ചാർത്തപ്പെട്ടപ്പോൾ അസഹ്യമായ വേദന കൊണ്ട് യേശു ഞെളിഞ്ഞുപുളയുകയായിരുന്നോ? അതോ വേറെന്തെങ്കിലും ഭാവം പ്രകടിപ്പിക്കുകയായിരുന്നുവോ? കലാകാരന്റെ ഭാവനയിൽ അങ്ങനെയൊന്നുമല്ല യേശു പ്രതികരിച്ചത്. അവിടുന്ന് ഒന്നു പുഞ്ചിരിക്കാൻ ശ്രമിക്കുകയായിരുന്നു– മുഖത്തുകൂടി രക്തമൊഴുകി വീഴുമ്പോഴും മനുഷ്യരോടുള്ള സ്നേഹത്തെപ്രതി അപാരമായ വേദന ഏറ്റുവാങ്ങിനിന്ന വേളയിലും യേശുവിന് അനുഭവവേദ്യമായ ആനന്ദം കലാകാരൻ വരച്ചുകാണിക്കുകയായിരുന്നു. പ്രപഞ്ചസൃഷ്ടിയുടെ ചരിത്രത്തിൽ ആദ്യമായി ആ ആനന്ദം കൈവരുന്നത് അവിടുത്തേക്കുതന്നെയാണ്.


പിന്നീട് അപ്പസ്തോലന്മാർക്കും അഭൗമികമായ ആ ആനന്ദം അനുഭവപ്പെട്ടു. ക്രൂശിതനായ ക്രിസ്തുവിനെപ്പറ്റി പ്രസംഗിച്ച അപ്പസ്തോലന്മാരെ ന്യായാധിപസംഘം വിളിച്ചുവരുത്തി; പരസ്യമായി അടിച്ച് അപമാനിച്ചശേഷം പറഞ്ഞയച്ചു. അവരെപ്പറ്റി നാം വായിക്കുന്ന അടുത്ത വാചകമിതാണ്: “അവരാകട്ടെ, യേശുവിന്റെ നാമത്തിൽ അപമാനം സഹിക്കാൻ യോഗ്യത ലഭിച്ചതിൽ സന്തോഷിച്ചുകൊണ്ടു പുറത്തുപോയി” (അപ്പ. പ്രവ. 5:41). എന്തൊരു സന്തോഷം – ആനന്ദത്തിന്റെ അത്യുന്നതി!

അവരെ അനുകരിച്ചവരെയും ചരിത്രത്തിൽ അങ്ങിങ്ങായി നാം കണ്ടുമുട്ടും.

അസീസിയിലെ സ്പൊലേറ്റോ താഴ്‌വരയിലൂടെ കുതിരപ്പുറത്തുകയറി നീങ്ങുകയാണ് ഫ്രാൻസീസ്. വഴിയിലൊരു കുഷ്ഠരോഗി! അറച്ചുമാറിപ്പോയെങ്കിലും അവൻ തിരിച്ചുവന്നു. ആ കുഷ്ഠരോഗിയെ യേശുവിന്റെ നാമത്തിൽ ആലിംഗനം ചെയ്ത്; അവന്റെ വ്രണങ്ങളിൽ ഉമ്മവച്ചു. അപ്പോൾ, ആ മുൾക്കിരീടധാരിക്കുണ്ടായ സന്തോഷം അവനും അനുഭവപ്പെട്ടു.

യേശുവിനെപ്രതി ദാരിദ്ര്യത്തെ വധുവായി സ്വീകരിച്ചുകൊണ്ട്, തറഞ്ഞ തറയിൽ അസ്ഥികൾ തുളച്ചുകയറുന്ന കൊടുംതണുപ്പിൽ കിടുകിടാ വിറച്ചുകിടന്ന ഉറക്കമില്ലാത്ത രാത്രികളിലും ആ സന്തോഷം ഫ്രാൻസീസിനെ വിട്ടുപോയില്ല.

കുരിശിൽ കിടക്കുന്ന യേശു ഒരു കൈ പറിച്ചെടുത്ത് വി. ഫ്രാൻസീസിനെ ആലിംഗനം ചെയ്യുന്ന ചിത്രം നമുക്കൊക്കെ പരിചിതമാണല്ലോ. സുപ്രസിദ്ധ സ്പാനിഷ് കലാകാരൻ മുറില്ലോയുടെ ഭാവനയിൽ വിരിഞ്ഞതാണത്. ചിത്രം വരച്ചുതെളിച്ചെടുത്തപ്പോൾ ആനന്ദത്തിന്റെ ഒരു നിഴൽ അയാളിലും പതിച്ചിട്ടുണ്ടാകണം.



കുഷ്ഠരോഗികളുടെ പഴുത്തുപുഴുത്തൊലിക്കുന്ന വ്രണങ്ങൾ കഴുകിക്കെട്ടിയും അവർക്കു ഭക്ഷണം വാരിക്കൊടുത്തും ഒപ്പംകഴിഞ്ഞ ഫാദർ ഡാമിയനും അതേ ആനന്ദം അനുഭവപ്പെട്ടിട്ടുണ്ടാകും. ആ മനുഷ്യസ്നേഹിയുടെ ശവകുടീരത്തിൽ പിന്നീട് എഴുതിച്ചേർത്ത വാചകം യേശുവിനോടു കടം മേടിച്ചതാണ്: “സ്നേഹിതനുവേണ്ടി മരിക്കുന്നതിനെക്കാൾ വലിയ സ്നേഹമില്ല” – അതിൽപ്പരം സന്തോഷവും വേറേയില്ല.

ഒരു മുൻപരിചയവുമില്ലാത്ത ഗയോണിഷെക്കിന് തന്റെ ജീവനും ജീവിതവും പകരം കൊടുത്തപ്പോൾ ഫാദർ മാക്സ്മില്യൻ കോൾബെയ്ക്ക് അനുഭവപ്പെട്ടതും മാറ്ററിയ ആ സ്നേഹംതന്നെയാണ് – അതേ സന്തോഷമാണ്.

‘പാഷൻ ഓഫ് ദ ക്രൈസ്റ്റ്’ എന്ന സിനിമയിൽ കുരിശെടുത്തുകൊണ്ട് യേശുവിനോടൊപ്പം കാൽവരി കയറുന്ന ശിമയോനെ വളരെ ഭംഗിയായി മെൽ ഗിബ്സൺ ചിത്രീകരിക്കുന്നുണ്ട്. മടിച്ചുമടിച്ചാണ് അയാൾ യേശുവിന്റെ കുരിശെടുത്തുതുടങ്ങുന്നത്. എങ്കിലും യേശുവിന്റെ ഒരു നോട്ടം അയാളിലൊരു വ്യതിയാനം സൃഷ്ടിച്ചു. അയാൾ മറ്റൊരു മനുഷ്യനായി മാറി. യേശുവിനോടൊപ്പം മലമുകളിലെത്തിയവൻ, വിട്ടുപോകാതെ അവിടെത്തന്നെ നിലകൊള്ളുകയാണ് – യേശുവിന്റെ കുരിശുവഹിച്ചവന് അവിടുത്തേക്കു പകരം ക്രൂശിക്കപ്പെടുന്നതിനാണു താത്പര്യം. അതിലാണ് അവന്റെ സന്തോഷം!

തിരിച്ചുപോരാൻ പറഞ്ഞിട്ടും ചീഞ്ഞളിഞ്ഞ വ്രണിതരോടൊപ്പം മൊളോക്കായിൽത്തന്നെ കഴിഞ്ഞ ഫാദർ ഡാമിയന്റെ മാനസികാവസ്ഥയും അതുതന്നെയായിരുന്നു.

ഈ ലോകത്തിന്റെ സുഖവും സന്തോഷവും മാത്രം തേടിനടക്കുന്ന അതിനുവേണ്ടി എന്ത് അക്രമവും അനീതിയും കാണിക്കാൻ തയ്യാറാവുന്ന ഈ തലമുറയ്ക്ക് തികച്ചും അജ്ഞാതമാണ് ആ ലോകം. പക്ഷേ, നമുക്ക് അഗ്രാഹ്യമായ, അഭൗമികമായ എന്തോ ഒന്ന് അവിടെയുണ്ടെന്നത് യേശുവിനെ അനുകരിച്ചവർ കണ്ടുപിടിച്ചു.“അതു കണ്ടെത്തിയവർ തികഞ്ഞ സന്തോഷത്തോടെ തങ്ങൾക്കുള്ളതെല്ലാം വിറ്റ് ആ വയലും നിധിയും വാങ്ങിയെടുത്തു” (മത്താ 13:44–46)! അവിടമായിരിക്കട്ടെ നമ്മുടെയും ആകർഷണകേന്ദ്രം.

# പതിനാലാമെടം

11–ാം പേജ് തുടർച്ച

അനനിയാദ് മരുഭൂമി കടന്ന് യോർദാന്റെ തീരത്ത് എത്തിയപ്പോൾ അവിടം വിജനമായിരുന്നു. നിലാവ് പൊട്ടിയിരുന്നു. തിരയടങ്ങിയ യോർദാനു മീതെ നിലാവ് മുക്കുവന്റെ വിരിവലപോലെ വിരിഞ്ഞുകിടന്നു. താരകാകീർണമായ ആകാശത്തിനു താഴെ രാപ്രാവുകൾ പറന്നുകൊണ്ടിരുന്നു.

അനനിയാദ് ഒരു ദീർഘയാത്രയുടെ തളർച്ചയിലായിരുന്നു. അവനു നന്നായി വിശക്കുകയും ദാഹിക്കുകയും ചെയ്തിരുന്നു. യാത്രയിലെങ്ങും തിന്നാൻ ഒന്നും ലഭിച്ചിരുന്നില്ല. എന്തെങ്കിലും തിന്നാനും കുടിക്കാനും ശ്രമിച്ചില്ല എന്നതാണു സത്യം. മനസ്സിലും ചിന്തയിലും നിറയെ മരുഭൂമിയിൽ വിളിച്ചു പറയുന്നവന്റെ ശബ്ദമായിരുന്നു.

പക്ഷേ, ആ ശബ്ദം അനനിയാദിനെ സംബന്ധിച്ചിടത്തോളം ഒരു മരീചികയായിത്തീർന്നു. അവൻ മരുഭൂമിയിൽ എത്തിയപ്പോൾ അവിടം വിജനമായിരുന്നു.

വിളറിയ നിലാവ് പടർന്നു കിടക്കുന്ന നദീതീരത്തെ മണൽവിരിപ്പിൽ അനനിയാദ് മുട്ടിന്മേൽ വീണു. ആകാശത്തേക്കു കണ്ണുകൾ ഉയർത്തി.

“എവിടെ... എവിടെയാണ് അനുതാപത്തിന്റെ വഴികളെക്കുറിച്ചു വിളിച്ചു പറയുന്നവൻ?”

നദിക്കരയിൽ ഏതോ രാപ്പക്ഷി കരഞ്ഞു. നദി ശാന്തമായിരുന്നു. മീൻ പിടിക്കാനായി ആരും അന്ന് വഞ്ചിയിറക്കിയില്ല. അനനിയാദ് തന്റെ അരപ്പട്ടയിൽ തിരുകിവച്ചിരിക്കുന്ന കുഴലെടുത്ത് ചുണ്ടോടു ചേർത്തു. അവന്റെ സംഗീതവുമായി യോർദ്ദാൻ കയറിവന്ന കാറ്റ് വേഗത്തിൽ പറന്നുപോയി. നക്ഷത്രഖചിതമായ വാനം അവന് കുട പിടിച്ചു.

അനനിയാദ് അങ്ങനെയാണ്. തന്നിൽ ഏകാന്തതയും ശൂന്യതയും നിറയുമ്പോഴാണ് കുഴൽ വായിക്കുക. കുഴൽ വായിക്കുമ്പോൾ അവനിൽ പ്രസാദവരംപോലെ ഒരു ശാന്തി നിറയും.

ദൂരെ നിലാവിൽ ആളനക്കം കണ്ടു. അവൻ കുഴൽവിളി നിർത്തി ആകാംക്ഷയോടെ കണ്ണുകൾ മിഴിച്ചു. രണ്ടുപേർ നടന്നടുക്കുന്നു, അവർ മുമ്പിൽ വന്നു ചോദിച്ചു:

“നീ ആരാണ്...?”

“ഞാൻ അനനിയാദ്...”

“ഈ രാത്രിയിൽ നദിക്കരയിൽ നിനക്കെന്ത്?”

“ഞാൻ മരുഭൂമിയിൽ വിളിച്ചു പറയുന്നവനെ കേൾക്കാൻ വന്നു. പക്ഷേ, കണ്ടില്ല...”

“അവന്റെ ശബ്ദം ആഴമുള്ളതും നിരാശയും വ്യസനവും നിറഞ്ഞതുമായിരുന്നു.”

“നീ ഞങ്ങളോടൊപ്പം വരിക...” അവർ അവനോടു പറഞ്ഞു.

അനനിയാദ് അവരെ അനുഗമിച്ചു. കുറെ നടന്ന് അവർ നദീതീരത്തുള്ള ഒരു ഗുഹയ്ക്ക് സമീപം ചെന്നു.

“പ്രവാചകൻ ഇതിനുള്ളിലുണ്ട്.” അവർ പറഞ്ഞു.

അനനിയാദ് വിറയ്ക്കുന്ന പാദങ്ങളോടെ ഗുഹയുടെ കവാടത്തിലേക്കു ചെന്നു. അകത്ത് ഒരഗ്നികുണ്ഠം എരിയുന്നുണ്ടായിരുന്നു. അല്പമകലെ ആകാശത്തേക്ക് കണ്ണുകളും കരങ്ങളുമുയർത്തി ഒരാൾ മുട്ടിന്മേൽ നില്ക്കുന്നതു കാണായി. മുകളിലേക്കുയർത്തിയ കണ്ണുകളിൽ അഗ്നി ജ്വലിക്കുന്നത് അനനിയാദ് കണ്ടു.

അനനിയാദ് അവനു മുമ്പിൽ സാഷ്ടാംഗപ്രണാമം ചെയ്തു.

“ഗുരോ അനുഗ്രഹിച്ചാലും...’

യോഹന്നാൻ കരങ്ങൾ താഴ്ത്തി. സ്വർഗത്തിൽനിന്ന് കണ്ണുകൾ പറിച്ചെടുത്ത് അനനിയാദിൽ വച്ചു.

“ഞാൻ ഗുരുവല്ല,” യോഹന്നാൻ പറഞ്ഞു: “പ്രവാചകനുമല്ല.”

“പിന്നെ അവിടുന്ന് ആരാണ്, ലോകം കാത്തിരിക്കുന്ന ക്രിസ്തുവോ...?”

“അല്ല.” യോഹന്നാൻ പറഞ്ഞു. പിന്നെ എരിയുന്ന അഗ്നികുണ്ഡത്തിനരികെ ഒരു കല്ലിന്മേൽ ഇരുന്നു. തേൻ ശേഷിച്ച അനനിയാദിനു നല്കി. ഭക്ഷിച്ചു മിച്ചം വന്ന വെട്ടുക്കിളിയിറച്ചിയും കൊടുത്തു.

“ഞാൻ ക്രിസ്തുവല്ല,” യോഹന്നാൻ പറഞ്ഞു: “ഞാൻ അവനു മുമ്പേ, യഹോവയാൽ നിയോഗിക്കപ്പെട്ടവൻ, അവനുള്ള പാതകൾ തെളിക്കാൻ വന്നവൻ. ഞാൻ വെളിച്ചമല്ല. വെളിച്ചത്തിനു സാക്ഷ്യം വഹിക്കാൻ വന്നവൻ. എന്നാൽ, എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചമാണവൻ. എനിക്കു പിന്നാലെ വരുന്നവൻ എന്നെക്കാൾ മുമ്പനാണ്. കാരണം എനിക്കു മുമ്പേ അവനുണ്ടായിരുന്നു. അവൻ പിറന്നത് രക്തത്തിൽനിന്നോ ജഡികാഭിലാഷത്തിൽനിന്നോ പുരുഷന്റെ ഇച്ഛയിൽനിന്നോ അല്ല. മറിച്ച്, ദൈവത്തിൽനിന്നാണ്. ഞാൻ തന്നെ അവനെ അറിഞ്ഞിരുന്നില്ല. എന്നാൽ, വെള്ളംകൊണ്ട് സ്നാനം നടത്താൻ എന്നെ അയച്ചവൻ പറഞ്ഞു, ആത്മാവ് ഇറങ്ങിവന്ന് ആരുടെമേൽ ആവസിക്കുന്നത് നീ കാണുന്നുവോ അവനാണ് പരിശുദ്ധാത്മാവിനെകൊണ്ട് സ്നാനം നല്കുന്നവൻ. ഞാൻ അതു കണ്ടു.

“അവൻ ദൈവപുത്രൻ തന്നെ. എനിക്കവനെ കാണണം.” അനനിയാദ് പറഞ്ഞു.

“അവൻ, ദൈവപുത്രൻ നിങ്ങൾക്കായി നിങ്ങളുടെ ഇടയിലേക്ക് മാംസമായി അവതരിച്ചിരിക്കുന്നു. നീ അന്വേഷിക്കുക അവനെ കണ്ടെത്തും.”

അനനിയാദ് എഴുന്നേറ്റ് യാത്ര പറഞ്ഞു. ഗുഹയ്ക്കുള്ളിൽനിന്ന് പുറത്തേക്കിറങ്ങി.

പുറത്ത് നിലാവും ആകാശവും കെട്ടിരുന്നു...

(തുടരും)

സിനിമ

# അതിജീവനത്തിന്റെ ആത്മീയദൂത്



ബിജോ രാജു ഗ്രേഷ്യസ്

ഒരുപാട് ആശകളും പ്രതീക്ഷകളുമായി പല തരം പ്രതികൂലസാഹചര്യങ്ങളോടു പടപൊരുതി ജീവിക്കുന്ന സാധാരണ മനുഷ്യരുടെ ജീവിതത്തിൽ ചിലപ്പോഴൊക്കെ ഉണ്ടാകുന്ന വലിയ പ്രതിസന്ധികളെ ദൈവത്തിലും ദൈവവചനത്തിലുമുള്ള വിശ്വാസത്താൽ തരണം ചെയ്യാമെന്ന മഹത്തായ സന്ദേശമാണ് ഇക്കഴിഞ്ഞ ഈസ്റ്റർ ദിനത്തിൽ ഒ ടി ടി പ്ലാറ്റ്ഫോമിൽ (Prime reels) റിലീസ് ചെയ്ത 'കാറ്റിനരികെ' എന്ന മലയാളസിനിമ സമൂഹത്തിനു കൈമാറുന്നത്.

കപ്പൂച്ചിൻ സന്ന്യാസാശ്രമത്തിലെ യുവപുരോഹിതനായ ഫാദർ റോയി ജോസഫ് കാരയ്ക്കാടാണ് കഥയും തിരക്കഥയുമെഴുതി ഈ സിനിമ സംവിധാനം ചെയ്തത്. ഒരു മലഞ്ചെരുവിലെ ചെറിയ വീട്ടിൽ ഭാര്യയോടും സ്കൂൾ വിദ്യാർത്ഥികളായ രണ്ടു മക്കളോടുമൊപ്പം കുടുംബനാഥനായ ജോണി ദൈവാശ്രയത്തിലൂന്നിക്കൊണ്ട് നടത്തുന്ന അതിജീവനത്തിന്റെ കഥയാണ് കാറ്റിനരികെയിലൂടെ ഫാദർ റോയി ജോസഫ് പറയുന്നത്. പ്രകൃതിയുടെ മനോഹാരിതയിൽ ചാലിച്ചെഴുതിയ, സംഘട്ടനങ്ങളും വയലൻസുകളുമൊന്നുമില്ലാതെ ശാന്തമായൊഴുകുന്ന, മനുഷ്യസ്നേഹത്തിന്റെയും നന്മകളുടെയും കഥ - അതാണ് കാറ്റിനരികെ.

ഒറ്റപ്പെട്ട ഒരു ഉയർന്ന മലയുടെ ചെരിവിൽ താമസിക്കുന്ന ആ പാവപ്പെട്ട കുടുംബത്തിന് അഭിമുഖീകരിക്കേണ്ടതും അതിജീവിക്കേണ്ടതുമായ പ്രതിസന്ധികൾ പലതാണ്. മലയുടെ മുകളിലെ വീട്ടിൽ പ്രകൃതിയോടിണങ്ങിയുള്ള ജീവിതം തന്നെ അതിജീവനക്ലേശങ്ങളുടേതാണ്. നാഗരികതയിൽനിന്ന് അകന്നുപോകുന്തോറും തോന്നാവുന്ന ഭീതിദമായ ഏകാന്തതകളോടും ദുരന്തങ്ങളുടെ നിഗൂഢതകൾ മറഞ്ഞുകിടക്കുന്ന മലയോരഗ്രാമപ്രകൃതികളുടെ നൈസർഗികമായ വന്യതകളോടുള്ള സമരസപ്പെടൽ, പൂർണമായും പണമില്ലാത്തവന്റെ ക്ലേശകരമായ അതിജീവനത്തിന്റെ ചിത്രമാണ് നമുക്കു നൽകുന്നത്. കുടുംബനാഥനായ ജോണി വിറകു വെട്ടിയും ഭാര്യ ആനി കന്യാസ്ത്രീമഠത്തിൽ ജോലി ചെയ്തുമാണ് തൊമ്മി, അമ്മുക്കുട്ടി എന്നീ രണ്ട് മക്കളുമടങ്ങുന്ന കൊച്ചു കുടുംബത്തിന്റെ ജീവസന്ധാരണത്തിന് മാർഗം കണ്ടെത്തുന്നത്. ചുറ്റുവട്ടങ്ങളിൽ നിന്നേൽക്കുന്ന അപമാനങ്ങളിലൂടെ, അന്നവസ്ത്രാദികളുടെ കഠിനമായ ദാരിദ്ര്യക്ലേശങ്ങളിൽനിന്നുള്ള ആ കുടുംബത്തിന്റെ അതിജീവനശ്രമങ്ങൾ കാണുമ്പോൾ, തങ്ങൾ താണ്ടിക്കടന്നുവന്ന പൂർവകാലയാഥാർത്ഥ്യങ്ങളുടെ ഓർമകളാണ് പലർക്കും ഈ സിനിമ നൽകുന്നത്. ജീവിതത്തിലെ അനുകൂലമോ പ്രതികൂലമോ ആയ ഏതു സാഹചര്യങ്ങളിലും ദൈവത്തിലാശ്രയിച്ചു ജീവിക്കുവാൻ പരിശീലിക്കുകയും അതു തലമുറകളെ പഠിപ്പിക്കുകയും ചെയ്യുന്ന മൂല്യവത്തായ ഒരു മാതൃക 'കാറ്റിനരികെ' തരുന്ന ഒരു വലിയ സന്ദേശമാണ്.

പള്ളിയിലച്ചന്റെ പ്രഭാഷണങ്ങളാൽ സ്വാധീനിക്കപ്പെട്ട ജോണിയുടെ മകൾ അമ്മു ഒരുപാട് പേർക്കു സഹായമായി മാറുന്നത് ചിത്രത്തിൽ എടുത്തുപറയേണ്ട ഒരു സംഗതി തന്നെയാണ്. ജിയോ ബേബിയുടെ കുഞ്ഞുദൈവം എന്ന സിനിമയിലെ കുഞ്ഞ് ഔസേപ്പച്ചനെയാണ് അമ്മു അനുസ്മരിപ്പിക്കുന്നത്. ആധ്യാത്മിക വിഷയങ്ങളിൽ കുട്ടികൾക്കു ബാല്യകാലംമുതലേ ലഭിക്കുന്ന ശിക്ഷണം കാലഘട്ടത്തിന്റെ അനിവാര്യതയാണെന്ന് ഈ സിനിമ നമ്മെ ഓർമിപ്പിക്കുന്നു. നർമരസം തുളുമ്പുന്ന പ്രഭാഷണങ്ങളിലൂടെ ശ്രോതാക്കളുടെ പ്രിയങ്കരനായി മാറിയ കപ്പൂച്ചിൻ വൈദികൻ ഫാദർ ജോസഫ് പുത്തൻപുരയ്ക്കലാണ് (കാപ്പിപ്പൊടിയച്ചൻ) ഈ ചിത്രത്തിൽ പള്ളിയിലച്ചന്റെ വേഷത്തിൽ എത്തുന്നത്. സംശയകരമായ ഒരു സാഹചര്യത്തിൽ നിരപരാധിയായ ജോണി നിയമക്കുരുക്കിൽ പെടുന്നതോടെ, പാവപ്പെട്ട ആ കുടുംബത്തിന്റെ അതിജീവനക്ലേശങ്ങൾ കൂടുതൽ ദുസ്സഹമാവുകയും സമൂഹത്തിൽ അവർ അപഹാസ്യരാവുകയും ചെയ്യുന്നുണ്ടെങ്കിലും ദൈവാശ്രയത്വത്തിന്റെ നീതി വെളിപ്പെടുന്നതുപോലെ ജോണി മോചനം പ്രാപിക്കുകയും ആ കുടുംബം ആനന്ദത്തിലേക്ക് എത്തുകയും ചെയ്യുന്നു.

ജോണിയായി അശോകനും ആനിയായി സിനി ഏബ്രഹാമെന്ന പുതുമുഖവും അഭിനയിക്കുന്നു. അവരുടെ മക്കളായി അഭിനയിച്ച കുട്ടികൾ രണ്ടുപേരും മികച്ച അഭിനയംതന്നെയാണ് കാഴ്ചവച്ചിരിക്കുന്നത്. പ്രകൃതിയെ മുറിപ്പെടുത്താതെ ജീവിക്കണമെന്നുള്ള ഒരു ഇക്കോളജിക്കൽ ചിന്തയും ഈ സിനിമയിലൂടെ അവതരിപ്പിക്കുന്നുണ്ട്. ചാലി പാലാ, സിദ്ധാർഥ് ശിവ, ജോബി തുടങ്ങിയവരും ഈ സിനിമയിലുണ്ട്.




കോട്ടയം ജില്ലയിലെ എരുമേലിക്കടുത്ത് കൊല്ലമുള സ്വദേശിയാണ് സംവിധായകനായ ഫാദർ റോയി ജോസഫ് കാരയ്ക്കാട്ട്. ചെറുപ്പംമുതൽ കഥകളും നാടകങ്ങളുമൊക്കെ എഴുതിയിരുന്ന ഫാദർ അസ്സീസി മാസികയുടെ എഡിറ്ററായും പ്രവർത്തിച്ചിട്ടുണ്ട്. ചങ്ങനാശ്ശേരി മീഡിയ വില്ലേജിൽനിന്ന് സിനിമാപഠനം പൂർത്തിയാക്കിയ അദ്ദേഹം ഡോക്യുമെന്ററികളും, ഷോർട്ട് ഫിലിമുകളുമൊക്കെ ചെയ്ത് മികച്ച പ്രവൃത്തിപരിചയത്തോടെയാണ് തന്റെ ആദ്യ മുഴുനീള സിനിമ ചെയ്തത്. അതുകൊണ്ടുതന്നെ ആദ്യ സിനിമ മനോഹരമാക്കുവാൻ ഫാദർ റോയിക്കു കഴിഞ്ഞു. മികച്ച നവാഗതസംവിധായകനുള്ള അവാർഡ് ഫാദർ റോയിക്കു നൽകിക്കൊണ്ട് കേരള ഫിലിം ക്രിട്ടിക്സ് അസ്സോസിയേഷൻ അത് ശരിവയ്ക്കുകയും ചെയ്തു. മഹാത്മാഗാന്ധി സർവകലാശാലയിൽ പത്മരാജൻ സിനിമകളിലെ കഥാപാത്രങ്ങൾ എന്ന വിഷയത്തിൽ ഗവേഷണം ചെയ്യുകയാണ് ഇപ്പോൾ ഫാദർ റോയി. ഈ സിനിമയുടെ കഥയിലും തിരക്കഥയിലും ഫാദർ എൻ. ആന്റണി, സ്മിറിൻ സെബാസ്റ്റ്യൻ എന്നിവർ പങ്കാളികളാണ്.



ഫാ. റോയ് കാരയ്ക്കാട്ട്
സംവിധായകൻ

ഇതിലെ *നീലാകാശം ചൂടാറുണ്ടേ..* എന്ന ഗാനം മികച്ച നിലവാരം പുലർത്തുന്നുണ്ട്. പ്രകൃതിരമണീയമായ ലൊക്കേഷനും, ചാരുതയാർന്ന ദൃശ്യങ്ങൾ അതുപോലെതന്നെ പകർത്തിയ ഛായാഗ്രഹണവും മികവുറ്റതു തന്നെ. എഡിറ്റിങ്ങും ബാക്ക്ഗ്രൗണ്ട് സ്കോറും നിലവാരം പുലർത്തുന്നുണ്ട്. ഇതിന്റെ സാക്ഷാത്കാരത്തിനുവേണ്ടി ഒരുപാട് കഠിനപരിശ്രമങ്ങൾ നടത്തിയ ഫാ. റോയി ജോസഫിനും അണിയറപ്രവർത്തകർക്കും അഭിനന്ദനങ്ങൾ.

■

## വരുക, തരുക

ശ്രേഷ്ഠമലയാളം / ഡോ. ഡേവിസ് സേവ്യർ

കാലപ്രത്യയമോ പ്രകാരപ്രത്യയമോ പുരുഷപ്രത്യയമോ ചേർക്കാൻ കഴിയാത്ത അനുപാധിക്രിയയാണ് നടുവിനയെച്ചം. കൃത്യമായ ഒരു ഉപാധിയും ഉറപ്പിച്ചുപറയാൻ കഴിയാത്ത അപൂർണ്ണക്രിയാസ്വഭാവം നടുവിനയെച്ചത്തിനുണ്ട്. ഭൂതകാലസൂചനയുള്ള മുൻവിനയെച്ചത്തിനും ഭാവികാലാപേക്ഷയുള്ള പിൻവിനയെച്ചത്തിനും മദ്ധ്യത്തിൽ നിൽക്കുന്നതിനാൽ നടുവിനയെച്ചം എന്ന പേർ സിദ്ധമായി. "സൗകര്യംപോലെ പലവിധ വേഷങ്ങൾ കെട്ടുന്ന അപൂർണ്ണക്രിയ"* ആയതിനാലാകണം - അനവച്ഛേദകക്രിയ എന്ന പേരിലും ഇതറിയപ്പെടുന്നത്. നാമമായും (ചെയ്ക ശരിയല്ല) പൂർണ്ണക്രിയയായും (സുഖമായി വാഴ്ക) നടുവിനയെച്ചം പ്രയോഗത്തിലുണ്ട്. ധാതുവിനോട് അ (ചെയ്യ) ക (ചെയ്ക) ഉക (ചെയ്യുക) എന്നീ പ്രത്യയങ്ങൾ ചേർത്താൽ നടുവിനയെച്ചരൂപങ്ങൾ ഉണ്ടാകും.

വര്, തര്, പോര് എന്നീ ധാതുക്കളോട് നടുവിനയെച്ചപ്രത്യയമായ 'ഉക' ചേർത്ത് വരുക, തരുക, പോരുക എന്നിങ്ങനെ ക്രിയാശബ്ദങ്ങൾ സൃഷ്ടിക്കാം. (വര് + ഉക = വരുക, തര് + ഉക = തരുക, പോര് + ഉക = പോരുക) വരുകയ്ക്ക് എത്തിച്ചേരുക എന്നും തരുകയ്ക്ക് നല്കുക എന്നും പോരുകയ്ക്ക് കൂടെ വരുക എന്നും വിവക്ഷിതങ്ങൾ കല്പിക്കാം. request for എന്ന അർത്ഥം നടുവിനയെച്ചം നിർദ്ദേശിക്കുന്നു. കൂടാതെ, വര്, തര്, പോര് എന്നീ ധാതുക്കളിൽനിന്ന് വരുന്നു, വന്നു, വരും; തരുന്നു, തന്നു, തരും; പോരുന്നു, പോന്നു, പോരും എന്നിങ്ങനെ വർത്തമാനഭൂതഭാവികാലങ്ങൾ നിഷ്പാദിപ്പിക്കാം. ഉപദേശാർത്ഥത്തിൽ അവ വരൂ, തരൂ, പോരൂ എന്നെല്ലാം രൂപം മാറും.


വരുക, തരുക, പോരുക എന്നീ ക്രിയാശബ്ദങ്ങൾക്കു 'വരിക', 'തരിക', 'പോരിക' എന്നിങ്ങനെ രൂപഭേദങ്ങൾ പ്രചാരത്തിലുണ്ട്. 'ഇക' എന്നൊരു നടുവിനയെച്ചപ്രത്യയം നിർദ്ദേശിക്കാത്തിടത്തോളം കാലം ഇവയെ വ്യാകരണദൃഷ്ട്യാ ശുദ്ധപദങ്ങളായി ഗണിക്കാനാവില്ല. ഇത്തരം മാറ്റങ്ങളെ ഭാഷാശാസ്ത്രം മറ്റൊരുവിധം നോക്കിക്കാണുന്നു. ഒരു സ്വരവർണ്ണം അതിനു മുമ്പോ പിമ്പോ വരുന്ന മറ്റു സ്വരങ്ങളോടു പൊരുത്തപ്പെടുന്ന പ്രവണതയാണത്. സ്വരപ്പൊരുത്തം (Vowel Harmony) എന്നിത് അറിയപ്പെടുന്നു. വരുക - വരിക, തരുക - തരിക, പോരുക - പോരിക. ഉച്ചാരണസൗകര്യമാകണം ഉ - ഇ വിനിമയത്തെ ഗണനീയമാക്കുന്നത്.

* ഗോപി, ആദിനാട്, പ്രൊഫ., മലയാളഭാഷാവ്യാകരണം ഒരു സമഗ്രപഠനം, രചന ബുക്സ്, കൊല്ലം, പുറം - 301.

# ഡോട്ടേഴ്സ് ഓഫ് സെന്റ് തോമസ് മിഷനറി സമൂഹം (D.S.T.)

## സാൻതോം പ്രൊവിൻസ്, പാലാ

### നിങ്ങളെ ക്ഷണിക്കുന്നു



'നമുക്കും അവനോടുകൂടി പോയി മരിക്കാം' എന്നു സധൈര്യം ഉദ്ഘോഷിച്ച വി. തോമ്മാശ്ലീഹായുടെ പ്രേഷിതതീക്ഷ്ണതയോടുകൂടി സീറോമലബാർ സഭയുടെ തനിമയിൽ ഈശോയെ അറിഞ്ഞിട്ടില്ലാത്ത ജനപദങ്ങളുടെയിടയിൽ സുവിശേഷവെളിച്ചം എത്തിക്കാൻ സ്ഥാപിതമായിരിക്കുന്ന മിഷനറി സന്ന്യാസിനീ സമൂഹമാണ് ഡോട്ടേഴ്സ് ഓഫ് സെന്റ് തോമസ് (D.S.T).

പാലാ രൂപതയിൽ സ്ഥാപിതമായി കേരളത്തിലും ഭാരതത്തിലെ വിവിധ മിഷൻ പ്രദേശങ്ങളിലും ഭാരതത്തിനു വെളിയിലും വൈവിധ്യമാർന്ന സാമൂഹിക - സാംസ്കാരിക - പ്രേഷിതരംഗങ്ങളിൽ D.S.T. സഹോദരിമാർ സുവിശേഷദീപ്തി പകരുന്നു.

ഈ മിഷനറിസമൂഹത്തിൽ അംഗമായി വചനപ്രഘോഷണം, വിദ്യാഭ്യാസം, ആതുരശുശ്രൂഷ, സാമൂഹിക സേവനം, സമ്പർക്കമാധ്യമങ്ങൾ, കുടുംബപ്രേഷിതത്വം, പ്രിസൺ മിനിസ്ട്രി, ഗ്രാമോദ്ധാരണം, ഭിന്നശേഷിക്കാരായ കുട്ടികളുടെ പരിശീലനം മുതലായവയിലൂടെ നാഥനു സാക്ഷ്യം വഹിക്കാൻ ആഗ്രഹിക്കുന്ന എസ്.എസ്.എൽ. സി.യോ, +2 വോ ഉന്നതവിദ്യാഭ്യാസമോ നേടിയ അർപ്പണമനോഭാവമുള്ള യുവതികൾക്കു സ്വാഗതം.

**കൂടുതൽ വിവരങ്ങൾക്ക് താഴെക്കാണുന്ന വിലാസത്തിൽ ബന്ധപ്പെടുക**

Vocation Promoter, D.S.T. Provincial House
Chethimattom, Pala P.O., Kottayam Dt, 686 575
Tel: 04822 215062, Mob No. 8281436712

# Rosarian Congregation



**പരിശുദ്ധ അമ്മയ്ക്കു സമർപ്പിതമായിരിക്കുന്ന റൊസേരിയൻ കോൺഗ്രിഗേഷനിൽ ചേർന്നു സമർപ്പണജീവിതം നയിക്കുവാൻ അഭിലഷിക്കുന്ന യുവാക്കളെ ഹാർദ്ദമായി ക്ഷണിക്കുന്നു.**

**വിദ്യാഭ്യാസയോഗ്യത: എസ്.എസ്.എൽ. സിയോ അതിലുപരിയോ ഏതുമാകാം.**

**അല്പം പ്രായംകൂടിയവരെയും പരിഗണിക്കും.**

CONTACT NUMBERS
Fr. P.V. Mathew CR........6282358070
Fr. Thomas CR............. 9778323496
Fr. Juby CR...................8078991952
Fr. Jojo CR....................9895459344

# മേരി ഇമ്മാക്കുലേറ്റ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് (M.I.S.I)

## കുഞ്ഞനുജത്തിമാർക്ക് സ്വാഗതം



ഭൗതികതയുടെയും സുഖലോലുപതയുടെയും ഈ കാലഘട്ടത്തിൽ ജീവിതത്തിന്റെ വെല്ലുവിളികളെ ധീരതയോടെ ഏറ്റെടുത്തുകൊണ്ട് ലോകത്തിൽ ഒരു പുളിമാവായി വർത്തിക്കുവാൻ സഹോദരിക്കു കഴിയുമോ? എങ്കിൽ...ഹൃദയപൂർവം നിന്നെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു.

നിരന്തരം മാറ്റങ്ങൾക്കു വിധേയമായിക്കൊണ്ടിരിക്കുന്ന ആധുനികലോകത്തിലെ ഏറ്റവും പുതിയ സമർപ്പിതസമൂഹമാണ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടുകൾ. 1962ൽ റവ. ഫാ. അഗസ്റ്റിൻ ചിലമ്പിക്കുന്നേൽ പാലായിൽ സ്ഥാപിച്ചതാണ് ഈ സമൂഹം.

അധ്യാപനം, ആതുരശുശ്രൂഷ, ഭവനസന്ദർശനം, ജയിൽ പ്രേഷിതത്വം, ഇടവകപ്രവർത്തനങ്ങൾ, വൃദ്ധമന്ദിരങ്ങൾ, തയ്യൽ പരിശീലനകേന്ദ്രങ്ങൾ, മുദ്രണാലയപ്രേഷിതത്വം തുടങ്ങിയവയാണ് പ്രധാന പ്രവർത്തനമേഖലകൾ. വിവിധ പ്രേഷിതപ്രവർത്തനമേഖലകളിലൂടെ ക്രിസ്തീയമൂല്യങ്ങളും ആധ്യാത്മികതയും പടുത്തുയർത്താൻ കാല - ദേശ സംസ്കാരങ്ങൾക്കു ചേർന്ന വേഷവിധാനങ്ങളോടെ സ്നേഹത്തിന്റെയും സേവനത്തിന്റെയും വിനയത്തിന്റെയും വിശുദ്ധിയുടെയും സന്ദേശം പകർന്നുനൽകുകയാണ് കർത്താവിന്റെ ഈ ദാസിമാർ.

ഈ സമൂഹത്തിൽ ചേരാൻ താത്പര്യമുള്ള എസ്.എസ്.എൽ.സിയോ , +2 വോ വിദ്യാഭ്യാസയോഗ്യതയുള്ള കുഞ്ഞനുജത്തിമാർ താഴെക്കാണുന്ന അഡ്രസിൽ ഉടൻ ബന്ധപ്പെടുക

വൊക്കേഷൻ പ്രമോട്ടർ
**മേരി ഇമ്മാക്കുലേറ്റ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട്**
ലീജിയൻ ഹോം ജനറലേറ്റ്, പാലാ - 686575. കോട്ടയം
Ph : 04822-211268

# അഗതികളുടെ സഹോദരിമാർ

## (SISTERS OF THE DESTITUTE)

## നിങ്ങളെ ക്ഷണിക്കുന്നു



ധന്യൻ
വർഗ്ഗീസ് പയ്യപ്പിള്ളി
(1876–1929)
(സഭാസ്ഥാപകൻ)

അവൾ യേശുവിന്റെ കരുണാർദ്രമായ സ്നേഹത്തിന്റെ നീർച്ചാലാവാൻ വിളിക്കപ്പെട്ടിരിക്കുന്നു.



സ്നേഹം നിഷേധിക്കപ്പെട്ട അഗതികളിലേക്ക് • ആരോരുമില്ലാത്ത തെരുവുകുഞ്ഞുങ്ങളിലേക്ക് • ചേരികളിൽ ഇരുളിലലയുന്നവരിലേക്ക് • ജ്ഞാനവെളിച്ചം തൊടുന്നവരിലേക്ക് • പരിത്യജിക്കപ്പെട്ട മനോരോഗികളിലേക്ക് • ഉപേക്ഷിക്കപ്പെട്ട എയ്ഡ്സ് - ക്യാൻസർ രോഗികളിലേക്ക്...

രക്ഷകന്റെ കരങ്ങളായി, കാതുകളായി, ഹൃദയമായി, സ്നേഹമായി, ശുശ്രൂഷയായി എസ്.ഡി. വിനീതയായി ഒഴുകിയിറങ്ങുന്നു. കേരളത്തിലും ഭാരതത്തിലും വിദേശരാജ്യങ്ങളിലും എസ്.ഡി. ശുശ്രൂഷ ചെയ്യുന്നു. എസ്.എസ്.എൽ.സി.യോ പ്ലസ്ടുവോ അതിലുപരിയോ വിദ്യാഭ്യാസയോഗ്യതയുള്ള കുഞ്ഞനുജത്തിമാർക്കു സ്വാഗതം.

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക**

| | |
|---|---|
| **വൊക്കേഷൻ പ്രമോട്ടർ**<br>എസ്.ഡി. കോൺവെന്റ്<br>സെന്റ് ജോസഫ്സ് പ്രൊവിൻഷ്യലേറ്റ്<br>ചെത്തിപ്പുഴ, കുരിശുംമൂട് - പി.ഒ.<br>ചങ്ങനാശ്ശേരി<br>Ph: 04812-726993, 721808 | **വൊക്കേഷൻ പ്രമോട്ടർ**<br>സെന്റ് വിൻസന്റ്<br>പ്രോവിഡൻസ് ഹൗസ്<br>എസ്.ഡി. കോൺവെന്റ്<br>പാലാ 686575,<br>Ph: 04822-213055 |

Deepanalam Weekly
RNI No : 16998/68
Vol. 54 No. 7 Date of Publication 15 April 2021
Annual Subscription Rate ₹ 300 (For Abroad ₹ 3000)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment


നിന്റെ കരം എന്നും മുറുകെപ്പിടിക്കുന്ന

ഈശോ നിന്നെ വിളിക്കുന്നു

കർമ്മലമാതാവിന്റെ സന്ന്യാസിനീസമൂഹത്തിലേക്ക്




CMC യിലേക്ക് സ്വാഗതം

- വി. ചാവറയച്ചനാൽ 1866 ൽ സ്ഥാപിതം
- വി. എവുപ്രാസ്യാമ്മയെയും ദൈവദാസി മേരി സെലിനാമ്മയെയും ലോകത്തിനു സമ്മാനിച്ച സന്ന്യാസസമൂഹം.
- കേരളത്തിലെ ആദ്യത്തെ സന്ന്യാസിനീസമൂഹം.







പ്രേഷിതമേഖലകൾ

• വിദ്യാഭ്യാസം • ആതുരസേവനം • കുടുംബം • ഇടവക • സാമൂഹികസേവനം • അഗതിസംരക്ഷണം... • വചനപ്രഘോഷണം • മാധ്യമരംഗം • സ്ത്രീശക്തീകരണം


എസ്.എസ്.എൽ.സി./പ്ലസ്ടു /ഉപരിവിദ്യാഭ്യാസയോഗ്യതയുള്ള കൊച്ചുസഹോദരിമാർക്ക്

സി.എം.സി. യിലേക്കു സ്വാഗതം!

Vocation Promoter, Carmelite Provincial House,
St. Thomas Press Road, PALA
Ph: 04822-212229, 212226, 8547715192

# ഈശോയുടെ തിരുഹൃദയം

## കൊച്ചനുജത്തിമാരെ ക്ഷണിക്കുന്നു



അനാഥർക്കു സുവിശേഷാമൃതമായും, ബന്ധിതർക്കു മോചനമായും, രോഗികൾക്കു സൗഖ്യമായും, അജ്ഞർക്ക് ആത്മപ്രകാശമായും, വിശക്കുന്നവർക്ക് ആഹാരമായും, പാപികൾക്കു സ്നേഹമാധുരിയായും, അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യമായും ഈശോയുടെ തിരുഹൃദയസമ്പത്തു സ്വായത്തമാക്കി ഉദാരമായി വിതരണം ചെയ്യുന്നതിനായി കേരളത്തിൽ 1911 - ൽ രൂപം കൊണ്ടതാണ് തിരുഹൃദയ സന്ന്യാസിനീസമൂഹം!

ഇന്നു കേരളത്തിലും കേരളത്തിനു വെളിയിലും വിദേശത്തുമായി തിരുഹൃദയസന്ന്യാസിനികൾ കുടുംബപ്രേഷിതത്വം, ഇടവകസേവനം, ജീവകാരുണ്യപ്രവർത്തനങ്ങൾ, രോഗീപരിചരണം, അനാഥസംരക്ഷണം, സുവിശേഷപ്രഘോഷണം, വിദ്യാഭ്യാസം തുടങ്ങിയ വിവിധ മണ്ഡലങ്ങളിൽ പ്രവർത്തിച്ചുവരുന്നു.

ഈ സന്ന്യാസിനീസമൂഹത്തിൽ ചേരുവാൻ ആഗ്രഹിക്കുന്ന എസ്.എസ്.എൽ.സി. യോ പ്ലസ് ടുവോ ഉന്നതവിദ്യാഭ്യാസയോഗ്യതയോ ഉള്ള കൊച്ചനുജത്തിമാർക്കു സ്വാഗതം.



ധന്യൻ കദളിക്കാട്ടിൽ മത്തായി അച്ചൻ
1872-1935
(സഭാസ്ഥാപകൻ)

Vocation Promoter
S.H. Provincial House,
PALA-686 575 PH: 04822-212225


Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842, 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org